എല്ലാ മാസവും 15-ാം തീയതി പാലായിൽനിന്നു പ്രസിദ്ധീകരിക്കുന്നു
കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

Vol 7 Issue 4
June 2019
Published on 15 June 2019
Price Rs. 20.00

# സത്യജ്വാല

## മാസിക




**2019-ലെ തിരഞ്ഞെടുപ്പുഫലം – ഒരു ക്രിസ്തീയവിചിന്തനം**

**തോൽവിക്കു കാരണം ആദർശം കൈവിട്ട കമ്മ്യൂണിസം**

**മത-കോർപ്പറേറ്റ് -ഭരണകൂട കളിയോ**

# സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

ജൂൺ 2019 | പുസ്തകം 7 | ലക്കം 4



*രചനകൾ അയയ്ക്കാൻ :*
ജോർജ് മൂലേച്ചാലിൽ
*എഡിറ്റർ*
വള്ളിച്ചിറ പി.ഒ.,കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

*വരിസംഖ്യ അയയ്ക്കേണ്ട വിലാസം:*
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
c/o പ്രിന്റ് ഹൗസ്, കൊട്ടാരമറ്റം
പാലാ പി.ഒ., കോട്ടയം- 686 575
ഫോൺ: 8848827644
e-mail: almayasabdam@gmail.com

*ബാങ്ക് :* S B I, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBIN0070120



*പത്രാധിപസമിതി:* 1) പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം 9495897122 , 2. ഡോ. ജോസഫ് വർഗീസ് (ഇപ്പൻ) - 9446561252, 3) സണ്ണി പുളിക്കൽ - 9447173536, 4) ഡോ. എം.കെ. മാത്യു - 9447112718, 5) ജോസഫ് കാലായിൽ (തൊടുപുഴ) - 9447663433, 6) ചാക്കോ കളരിക്കൽ-USA (001) 5866015195, 7) അലക്സ് കാവുംപുറം -USA (001) 5165039387.


## ഈ ലക്കത്തിൽ


2019-ലെ തിരഞ്ഞെടുപ്പുഫലം - ഒരു ക്രിസ്തീയവിചിന്തനം
മുഖക്കുറി ........ 3

നവീകരണത്തിന്റെ വഴിയേ-8
കെ.സി.ആർ.എം. സന്ദേശം. ........ 5

ക്രിസ്ത്യൻ അപാരത!
........ 8

തോൽവിക്കു കാരണം ആദർശം കൈവിട്ട കമ്മ്യൂണിസം
- കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ ........ 9

ബി.ജെ.പി.യെ അധികാരത്തിലെത്തിച്ചത് ക്രിസ്ത്യാനിയും മുസ്ലീമും!
........ 10

മോഡിയുടെ രണ്ടാംവരവിനു കാരണക്കാർ ക്രിസ്ത്യാനികൾ
........ 10

പ്രതിരോധത്തിന്റെ ആത്മീയത
റവ. ഡോ. വത്സൻ തമ്പു ........ 11

മത-കോർപ്പറേറ്റ്- ഭരണകൂട കളിയോ വ്യാജരേഖ കേസ്?
........ 13

'നിയമപാലകർ നിയമം പാലിക്കണം; നിയമലംഘകരെ ശിക്ഷിക്കണം'
........ 16

ആടുവിളയാട്ടം!
ഷൈജു ആന്റണി ........ 17

മുഖം നഷ്ടപ്പെട്ടവർ, അഥവാ ഒരു 'കെ.സി.ബി.സി (അപ)ഹാസ്യനാടകം!'
........ 18

'നീതിബോധമുള്ള ഭരണകൂടവും സഭയുമുണ്ടാകണം"
........ 19

മുഖംകുനിച്ച് പ്രോസിക്യൂഷൻ!
........ 20

'വിശ്വാസിയുടെ പരിണാമം!
........ 21

ബ്രൂണോയുടെ രക്തസാക്ഷിത്വദിനം
........ 22

എഫ്.സി.സി. സുപ്പീരിയർ ജനറലിന് സിസ്റ്റർ ലൂസി കളപ്പുരയുടെ തുറന്ന കത്തും പരാതിയും
........ 23

സിസ്റ്റർ ലൂസി മഠത്തിൽനിന്നു പോയിട്ടില്ല;
സെബാസ്റ്റ്യൻ വർക്കി ........ 24

മാനസികപീഡനവും വിവേചനവും - കന്യാസ്ത്രീ സഭവിട്ടു!
........ 25

കൊന്തയിൽ ചോര പുരളുമ്പോൾ!
........ 26

പൗരസ്ത്യസഭകളുടെ കാനോൻനിയമവും... ചർച്ച് ട്രസ്റ്റ് ബില്ലും
ചാക്കോ കളരിക്കൽ ........ 27

കാനോൻ നിയമത്തിന്റെ അധികാരപരിധി പരിമിതപ്പെടുത്തുക...
........ 29

അഭിമാനമെന്നൊന്നുണ്ടോ, നമുക്ക്?
ടി.ജെ.ജോസഫ് തേനമ്മാക്കൽ ........ 30

ക്നാനായം: പുരനിറഞ്ഞുനിൽക്കുന്ന ഒരു പൊരുത്തക്കേട്
ജോർജ് ജെ. പൂഴിക്കാലാ ........ 32

യേശുവിന്റെ പ്രവർത്തനപദ്ധതിയും പ്രമാണതത്ത്വങ്ങളും
ഡോ. ജെ.സി. കുമരപ്പ ........ 34

പ്രതികരണശേഷി നഷ്ടപ്പെടുത്തരുത്
ജയിംസ് ഐസക്ക് കുടമാളൂർ ........ 35

വികലമായ പ്രാർത്ഥനയും യുക്തിയെ മൊഴിചൊല്ലുന്നവരും
ഫാ.ഡാർലി എടപ്പങ്ങാട്ടിൽ ........ 36

സഭയുടെ ശുദ്ധീകരണ പ്രവർത്തനങ്ങളിലേർപ്പെടുവാൻ ആർക്കാണവകാശം?
കെ.സി. വർഗീസ് ........ 35

KCRM പരിപാടികൾ, റിപ്പോർട്ടുകൾ
........ 40

KCRM പ്രോഗ്രാം റിപ്പോർട്ട് - പാലാ
........ 44


*[മുഖചിത്രം: ശ്രീ. സുഭാഷ് കെ.കെ രചിച്ച, ലളിതകലാ അക്കാദമിയുടെ അവാർഡ് നേടിയ കാർട്ടൂൺ]*

*[രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]*
*[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്]*

**സത്യജ്വാല മാസിക- 2018 ഏപ്രിൽ മുതൽ**

| വരിസംഖ്യ | ഇൻഡ്യയിൽ | വിദേശത്ത് |
|---|---|---|
| ഒറ്റപ്രതി | 20 രൂപാ | 200 രൂപാ |
| ഒരു വർഷം | 200 രൂപാ | 2000 രൂപാ |
| 5 വർഷം | 800 രൂപാ | 8000 രൂപാ |

ജൂൺ 2019 പുസ്തകം 7: ലക്കം 4

സത്യജ്വാല

"സാത്താൻെറ കുടിലതന്ത്രങ്ങളെ എതിർത്തു നിൽക്കാൻ ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിൻെറ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11-12).



മുഖക്കുറി

# 2019-ലെ തിരഞ്ഞെടുപ്പുഫലം – ഒരു ക്രിസ്തീയവിചിന്തനം

മറ്റെല്ലാവരെയും അവനവനെയെന്നപോലെ കണ്ടുള്ള, അപരന്റെ കുറ്റങ്ങൾ ചികയുന്നതിനു മുമ്പ് സ്വന്തം തെറ്റുകുറ്റങ്ങൾ കണ്ടറിഞ്ഞുള്ള ജീവിതസമീപനത്തെയാണ് യേശുവിന്റെ പ്രമാണതത്ത്വങ്ങളനുസരിച്ച് 'ക്രിസ്തീയം' എന്നു പറയാവുന്നത്. പ്രമാണതത്ത്വങ്ങളുടെ തലത്തിൽ മതങ്ങളൊന്നുംതമ്മിൽ വൈരുദ്ധ്യങ്ങളില്ല എന്നതിനാൽ, ഈ 'ക്രിസ്തീയത' ഏതെങ്കിലുമൊരു മതത്തിനോ മതസ്ഥർക്കോ വിരുദ്ധമാകുന്നില്ല. മതദർശനങ്ങൾ വിവിധ ഭാഷകൾപോലെയാണ്. അവയുടെ അക്ഷരങ്ങളും വ്യാകരണവും വ്യത്യസ്തങ്ങളാണെങ്കിലും അവ തമ്മിൽ ഭിന്നതയ്ക്കിടമില്ല; എല്ലാ ഭാഷകളും ആശയാവിഷ്ക്കാരം, ആശയവിനിമയം എന്നീ ദൗത്യങ്ങൾ ഒരുപോലെ നിർവ്വഹിക്കുന്നു. ഭാഷകളുടെ കാര്യത്തിലെന്നപോലെ മതങ്ങളും ബാഹ്യതലത്തിൽ വ്യത്യസ്തങ്ങളും ആന്തരികമായി സമാനവുമാണ്.

ഇത്രയും പറഞ്ഞത്, 'ഒരു ക്രിസ്തീയവിചിന്തനം' എന്ന തലക്കെട്ട് വായിക്കുമ്പോൾ, അതൊരു വിഭാഗീയസമീപനമായിരിക്കില്ലേ എന്നൊരു വിചാരം, ഇന്നത്തെ നിലയിൽ ആർക്കും ഉണ്ടായേക്കാം എന്നു തോന്നിയതുകൊണ്ടാണ്. ഓരോരുത്തരും സഹജമായിത്തന്നെ സ്വന്തം മാതൃഭാഷയിലാണ് ചിന്തിക്കുന്നതും ഭാവന ചെയ്യുന്നതും എഴുതുന്നതും പറയുന്നതുമെല്ലാം. അതാണെളുപ്പവും. അതുപോലെ, ഓരോ മതസ്ഥരെ സംബന്ധിച്ചും തങ്ങളുടെ മതസംസ്കാരത്തിൽ നിന്നുകൊണ്ട് കാര്യങ്ങളെ സമീപിക്കാനും വിലയിരുത്താനുമാണ് എളുപ്പം. അതിൽ വിഭാഗീയത അശ്ശേഷമില്ലതന്നെ.

എന്നാൽ ഇന്നത്തെ 'മത'ങ്ങളുടെ പ്രാർത്ഥനകളിൽപ്പോലും വിഭാഗീയതയും രാഷ്ട്രീയവുമാണ് പലപ്പോഴും നമുക്കു കാണാൻ കഴിയുന്നത്. അതിനർത്ഥം അതു ശരിയായ മതമോ ശരിയായ പ്രാർത്ഥനയോ അല്ലെന്നുമാത്രമാണ്. ഉദാഹരണത്തിന്, ഇന്ത്യയിൽ ഇനിയും ബി.ജെ.പി. അധികാരത്തിൽ വരാതിരിക്കുന്നതിനായി ഒരു പ്രാർത്ഥനായജ്ഞത്തിന് ആഹ്വാനംചെയ്ത് ഡൽഹി അതിരൂപതാദ്ധ്യക്ഷൻ ആർച്ചുബിഷപ്പ് അനിൽ കൂട്ടോ (Anil Couto) കഴിഞ്ഞ മെയ് ആദ്യം ഒരു ഇടയലേഖനം ഇറക്കുകയുണ്ടായി. 2018 മെയ് 13 മുതൽ വെള്ളിയാഴ്ചകൾതോറും ഒരു നേരത്തെ ആഹാരമുപേക്ഷിച്ചും പ്രായശ്ചിത്തപ്രവൃത്തികൾ ചെയ്തും 2019-ലെ ഇലക്ഷൻവരെ പ്രാർത്ഥിക്കണമെന്നായിരുന്നു അതിലെ താല്പര്യം (*കാണുക, 'സത്യജ്വാല 2018 ജൂലൈ ലക്കം മുഖക്കുറി*). പല കത്തോലിക്കാ രൂപതാദ്ധ്യക്ഷന്മാരും, ഇതിന്റെ ചുവടുപിടിച്ച് തങ്ങളുടെ രൂപതകളിലും ഒരു വർഷത്തെ സമാനമായ പ്രാർത്ഥനായജ്ഞത്തിന് ആഹ്വാനംചെയ്തു എന്നാണറിയുന്നത്.

എന്നാൽ ഈ 'പ്രാർത്ഥന'കളെയെല്ലാം തകിടംമറിച്ച്, 2019 മെയ് 23-ന് തിരഞ്ഞെടുപ്പുഫലം വന്നു. ദേശീയരാഷ്ട്രീയം ബി.ജെ.പി. കൂടുതൽ ശക്തിയോടെ കൈപ്പിടിയിലൊതുക്കിയിരിക്കുന്നു! കേരളത്തിൽ സീറ്റൊന്നും നേടാനായില്ലെങ്കിലും, ബി.ജെ.പി വോട്ടർമാരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു എന്നതിൽനിന്ന് ആ പാർട്ടി ഇവിടെയും വിജയപാതയിൽത്തന്നെയാണെന്നും കാണണം.

സഹസ്രാബ്ദങ്ങളായി സർവ്വമതസമഭാവന പുലർത്തുകയും, അനേകം മതദർശനങ്ങൾക്കു ജന്മംനൽകുകയും, പുറമേ നിന്നുള്ള മതദർശനങ്ങളെ സ്വാഗതംചെയ്യുകയും ചെയ്തുപോന്ന ലോകത്തിലെ ഒരേയൊരു ഭൂപ്രദേശമായ ഇന്ത്യയെ സംബന്ധിച്ച്, ഹിന്ദുത്വത്തിലൂന്നിയുള്ള ബി.ജെ.പി എന്ന രാഷ്ട്രീയപാർട്ടിയുടെ ഈ വളർച്ച ആശങ്കാജനകംതന്നെയാണ്; സംശയമില്ല. കാരണം, ഹൈന്ദവ അഥവാ ഭാരതീയ ആദ്ധ്യാത്മികദർശനങ്ങൾ മുന്നോട്ടുവയ്ക്കുന്ന പ്രമാണതത്ത്വങ്ങളിൽനിന്നകന്ന് വിഭാഗീയസമീപനങ്ങൾക്ക് ഇന്ത്യയിലെ ഭൂരിപക്ഷഹിന്ദുക്കൾ വിധേയപ്പെട്ടു എന്നാണല്ലോ ഇത് കാണിക്കുന്നത്. ഭാരതസംസ്കൃതിയുടെ തനിമയും മഹിമയും ഈ മഹാരാജ്യത്തുനിന്നു പൊയ്പ്പോകുകയാണോ എന്ന മൗലികചോദ്യമാണ് ഇവിടെ ഉൽക്കണ്ഠ ഉയർത്തുന്നത്.

എന്നാൽ ഇക്കാര്യത്തിൽ ഇവിടുത്തെ ഭൂരിപക്ഷഹൈന്ദവസമൂഹത്തെയോ, ▸▸

അവരെ മതാടിസ്ഥാനത്തിൽ സംഘടിപ്പിക്കാൻ 1914 മുതൽ ശ്രമിച്ചുതുടങ്ങിയ ഹിന്ദുമഹാസഭയെയോ 1924-ൽ ജന്മംകൊണ്ട രാഷ്ട്രീയ സ്വയംസേവക് സംഘി(RSS)നെയോ, തുടർന്ന് രാഷ്ട്രീയപാർട്ടിയായി രൂപം കൊണ്ട 'ജനസംഘ'ത്തെയോ, അതിന്റെ പുതിയരൂപമായ ബി.ജെ.പി.യെയോ കുറ്റപ്പെടുത്താൻ വലിയ പഴുതൊന്നും നമുക്കു കണ്ടെത്താനാവുകയില്ല. കാരണം, ഇവിടെ മുഗളരുടെയും ബ്രിട്ടീഷുകാരുടെയും നേതൃത്വത്തിൽ നൂറ്റാണ്ടുകൾ അരങ്ങുവാണ ഇസ്ലാമിക - ക്രൈസ്തവ മത രാഷ്ട്രീയാധിനിവേശങ്ങളും മറ്റു പടയോട്ടങ്ങളും കൂട്ടമതപരിവർത്തനങ്ങളും ഹിന്ദുമതാചാരങ്ങളെയും സംസ്കാരത്തെയും ഇകഴ്ത്തിക്കാട്ടലും നിന്ദിക്കലുമെല്ലാം ഹൈന്ദവ ജനതയുടെ ആത്മാഭിമാനത്തിനു വരുത്തിയ ഉണങ്ങാത്ത മുറിവും, ഈ ന്യൂനപക്ഷമതവിഭാഗങ്ങൾ ഇന്നും ഇവിടെ പുലർത്തുന്ന ഔദ്ധത്യഭാവവും, ഭരണകൂട ഒത്താശയോടെ നിർബാധം തുടരുന്ന അവരുടെ ശാക്തീകരണവും രാഷ്ട്രീയസ്വാധീനവുമെല്ലാം ചേർന്ന് ഉളവാക്കിയ അരക്ഷിതത്വബോധമാണ്, മതാടിസ്ഥാനത്തിൽ സ്വയം സംഘടിപ്പിച്ചുകൊണ്ടു മാത്രമേ ഇന്ത്യയിൽ തങ്ങൾക്കു തലയുയർത്തി നിലനിൽക്കാനാവൂ എന്ന ചിന്തയിലേക്ക് ഇവിടുത്തെ ഭൂരിപക്ഷസമുദായത്തെ നയിച്ചത് എന്നതാണ് സത്യം. അതുകൊണ്ട്, 'അളമുട്ടിയാൽ ചേരയും കടിക്കും' എന്ന ന്യായത്താൽ അവരുടെ ഈ പ്രതിരോധം ന്യായീകരിക്കപ്പെടുന്നു.

പക്ഷേ, മറ്റൊരു രാജ്യത്തും ഒരു ന്യൂനപക്ഷസമുദായത്തിനും അനുഭവിക്കാൻ സാധിച്ചില്ലാത്തത്ര സ്വാതന്ത്ര്യവും സുരക്ഷിതത്വവും പ്രത്യേക അവകാശങ്ങളും അനുഭവിച്ചുപോരുന്ന ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളുടെ ഒരിക്കലും നിലയ്ക്കാത്ത വിലപേശലുകൾക്കും മതരാഷ്ട്രീയത്തിനും ഒരു ന്യായീകരണവും കണ്ടെത്താൻ നമുക്കു കഴിയുകയില്ല. അതുപോലെതന്നെ, ന്യൂനപക്ഷാവകാശം പറഞ്ഞുള്ള ഈ സമുദായ നേതൃത്വങ്ങളുടെ സമ്മർദ്ദതന്ത്രങ്ങൾക്കും ഭീഷണികൾക്കും ഭീരുക്കളെപ്പോലെ വഴങ്ങി ന്യൂനപക്ഷപ്രീണനം മത്സരിച്ചു നടത്തിവരുന്ന ഇടുതു-വലതു കക്ഷികളുടെ സമീപനശൈലികൾക്കും ഒരു നീതീകരണവുമില്ല.

ആലോചിച്ചുനോക്കിയാൽ, നിലയ്ക്കു നിൽക്കാൻ തയ്യാറാകാത്ത ന്യൂനപക്ഷമതനേതൃത്വങ്ങളും, അവരെ നിലയ്ക്കുനിർത്താൻ കെല്പോ കാഴ്ചപ്പാടോ ഇല്ലാത്ത ബി.ജെ.പി ഒഴികെയുള്ള ഇന്നത്തെ രാഷ്ട്രീയകക്ഷി നേതൃത്വങ്ങളുമാണ്, ഭൂരിപക്ഷമതസ്ഥരെ പ്രകോപിപ്പിച്ചു പ്രകോപിപ്പിച്ച് വിഭാഗീയമായി സ്വയം സംഘടിക്കാൻ നിർബന്ധിതരാക്കിയതെന്നും മതരാഷ്ട്രീയത്തിലേക്കു തള്ളിവിട്ടതെന്നും കാണാനാകും. ഇവിടെ, ഹിന്ദുത്വരാഷ്ട്രീയമെന്നത് രോഗലക്ഷണംമാത്രമാണെന്നും, രോഗകാരണം ന്യൂനപക്ഷമതനേതൃത്വങ്ങളുടെയും രാഷ്ട്രീയപാർട്ടിനേതൃത്വങ്ങളുടെയും തെറ്റായ സമീപനമാണെന്നുമാണ് നമുക്ക് കാണാൻ കഴിയുന്നത്.

രോഗകാരണത്തെ ഉന്മൂലനം ചെയ്യാതെയുള്ള രോഗചികിത്സ അശാസ്ത്രീയമാണെന്നും ഫലം ചെയ്യില്ലെന്നും എല്ലാവർക്കും അറിയാം. അങ്ങനെയെങ്കിൽ, ഇന്ത്യയിൽ വളർന്നുകൊണ്ടിരിക്കുന്ന ഭൂരിപക്ഷ വർഗ്ഗീയതയെന്ന രോഗത്തിനുള്ള ചികിത്സ ആരംഭിക്കേണ്ടതെവിടെയാണ്? ഉത്തരം വളരെ വ്യക്തമാണ്. അതു മതന്യൂനപക്ഷജനവിഭാഗങ്ങളിൽത്തന്നെയാണു തുടങ്ങേണ്ടത്. തങ്ങളിലെ മതവർഗ്ഗീയതയുടെ പത്തി സ്വയം താഴ്ത്താനാവശ്യമായ അവബോധത്തിലേക്ക് അവർ ഉണരണം. അതിന്, തങ്ങളുടേതുമാത്രമാണ് ശരിയായ മതമെന്ന മൗലികവാദപരമായ സമീപനത്തിൽനിന്ന് അവർ പിൻമാറിയേ പറ്റൂ. ഇന്ത്യൻ മണ്ണിലും ഇന്ത്യൻ സംസ്കാരത്തിലും പിറന്നുവീണിട്ട്, തലപൊക്കാറാകുമ്പോൾമുതൽ യൂറോപ്യൻ സംസ്കാരത്തിലും അറേബ്യൻ സംസ്കാരത്തിലും ഊന്നിനിന്ന് ഈ സംസ്കാരത്തെ നിന്ദിക്കുകയും, ഇവിടുത്തെ മനുഷ്യരെ രക്ഷിക്കാനെന്ന മട്ടിൽ മതപരിവർത്തനത്തിലൂടെ തങ്ങൾ ചെന്നുപെട്ട അന്യസംസ്കാരങ്ങളിലേക്ക് ആളെ കൂട്ടുകയും ചെയ്യുകയെന്ന ദേശദ്രോഹപരിപാടി അവസാനിപ്പിക്കാതെ ഇനി തരമില്ല. "ഓരോ സമുദായത്തിനും അള്ളാഹു ഓരോ ആരാധനക്രമവും കർമ്മമാർഗ്ഗവും നിശ്ചയിച്ചുതന്നിരിക്കുന്നു. അവരവർ അതാത് അനുസരിക്കട്ടെ. ഇക്കാര്യത്തിൽ പരസ്പരം വഴക്കടിക്കരുത്. മതകാര്യങ്ങളിൽ ബലപ്രയോഗം പാടില്ല" (വി. ഖുറാൻ - 22:34, 67; 45:28) എന്ന് വി. ഖുറാൻതന്നെ കല്പിച്ചിരിക്കുന്നു എന്നതിൽനിന്ന്, എല്ലാ ജനതകളിലും സംസ്കാരങ്ങളിലും ഉദയംകൊള്ളുന്ന മതദർശനങ്ങൾ ശരിയാണെന്നുതന്നെയാണ് ഖുറാനും അർത്ഥമാക്കുന്നത് എന്നു വരുന്നു. മതപരിവർത്തനത്തിനെതിരെ യേശുവും പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ട്, മതഗ്രന്ഥങ്ങളെ ഉപരിപ്ലവമായും നിക്ഷിപ്തതാല്പര്യങ്ങളോടെയും വ്യാഖ്യാനിച്ച് മതപരിവർത്തനത്തെ സാധൂകരിക്കുന്ന പുരോഹിതന്മാരുടെയും മതപണ്ഡിതന്മാരുടെയും സങ്കുചിതവാദങ്ങൾക്കെതിരെ ആഴത്തിലുള്ളതും സ്വതന്ത്രവുമായ മതവ്യാഖ്യാനങ്ങളുമായി അതാതു സമുദായങ്ങളിലെ ധിഷണാശാലികളായ ഉല്പതിഷ്ണുക്കൾ രംഗത്തു വരേണ്ടിയിരിക്കുന്നു.

തങ്ങളിൽ അർപ്പിതമായിരിക്കുന്ന മതപരമായ കടമ സ്വന്തം സമുദായത്തിന്റെ ശാക്തീകരണമാണെന്ന്, പ്രത്യേകിച്ചും ന്യൂനപക്ഷമതനേതൃത്വങ്ങൾ കാലങ്ങളായി കരുതിപ്പോരുന്നു. സ്വയംശാക്തീകരണലക്ഷ്യവും സമുദായശാക്തീകരണലക്ഷ്യവുമൊക്കെ ഏതു മതത്തിന്റെയും പ്രമാണതത്ത്വങ്ങൾക്കെതിരാണെന്നും, മറ്റുള്ളവരുടെയും മറ്റു സമുദായങ്ങളുടെയും ശാക്തീകരണം ലക്ഷ്യംവയ്ക്കുന്നതാണ് ആദ്ധ്യാത്മികതയെന്നും പഠിപ്പിക്കേണ്ട ഈ മത നേതൃത്വങ്ങൾ വിശ്വാസികളെ യഥാർത്ഥ മതത്തിൽനിന്ന് അകറ്റിക്കൊണ്ടിരിക്കുകയാണിന്ന്. 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക' എന്ന പ്രബോധനത്തിന്, 'സ്വന്തം സമുദായത്തെപ്പോലെതന്നെ മറ്റു സമുദായങ്ങളെയും സ്നേഹിക്കുക' എന്ന അർത്ഥവുമുണ്ട് എന്ന് അവരെ തിരിച്ചു പഠിപ്പിക്കാൻ കെല്പുള്ള ആധ്യാത്മിക കരുത്തന്മാർ ഈ സമുദായങ്ങളിൽ ധാരാളമായി ഉണ്ടാകേണ്ടതുണ്ട്. അപ്പോൾ, ഭൂരിപക്ഷമതസ്ഥർക്കില്ലാത്ത പ്രത്യേക സൗജന്യങ്ങളും അവകാശങ്ങളും അനുഭവിക്കുന്നത് അപമാനവും അധാർമ്മികവുമാണെന്നു മനസ്സിലാക്കി, അവ സ്വയം വേണ്ടെന്നുവച്ച് അന്തസ്സ്

*പേജ് 6-ൽ തുടരും...*



# നവീകരണത്തിന്റെ വഴിയേ-8

“മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു” - പാടിപ്പതിഞ്ഞ ഒരു ഗാനശകലമാണിത്. മതങ്ങളുടെ സൃഷ്ടി -സ്ഥിതി - പ്രവർത്തനങ്ങളിൽ മനുഷ്യനുള്ള ഉത്തരവാദിത്വമാണ് ഇവിടെ വിഷയം. കാര്യം ശരിയാണ് മനുഷ്യന് ആ കാര്യത്തിലുള്ള ഭാഗഭാഗിത്വം ആർക്കും നിഷേധിക്കാൻ കഴിയുകയില്ല. പക്ഷേ മനുഷ്യൻ ചെയ്തതുകൊണ്ട് ആ പ്രവൃത്തി തെറ്റാണെന്നു വരുമോ? ഒരിക്കലുമില്ല. തന്നെയുമല്ല തമ്മിലടിച്ച്, തലകീറണമെന്നു കരുതിയല്ല ഒരു സിദ്ധാന്തവും

## എവിടെ ചുവട് ഉറപ്പിക്കണം?

ഒരു മതവും ഉണ്ടാക്കുന്നതും വളർത്തുന്നതും. മനുഷ്യന്റെ ‘ജന്മപാപം’ എന്നു പറയാവുന്ന സഹജസ്വഭാവം അവന്റെ മതചിന്തയെയും മലീമസമാക്കുന്നു എന്നുമാത്രം.

ക്രിസ്തുവിനോടു ബന്ധപ്പെട്ട് നൂറ്റാണ്ടുകൾക്കുമുമ്പ് ഒരു ചിന്താധാരയും നടപടിക്രമങ്ങളും വളർന്നുവന്നത് തെറ്റല്ല. അഥവാ അതു തെറ്റാണെങ്കിൽ ആ തെറ്റു തന്നെയാണ് കെ.സി.ആർ.എം.-കാരും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. തെറ്റു ചെയ്യലല്ല, തെറ്റു തിരുത്തലാണ് നവീകരണവാദിയുടെ ലക്ഷണമെങ്കിൽ തെറ്റു കണ്ടുപിടിക്കുകയാണല്ലോ ആദ്യം വേണ്ടത്.

ഇവിടെയും രണ്ടുവഴികളുണ്ട്. തൊട്ടുമുമ്പിൽ ‘അശുദ്ധം’ എന്നു കല്പിച്ച്, കണ്ണടച്ചുപിടിച്ചുകൊണ്ടുതന്നെ ശുദ്ധീകരണത്തിനുള്ള ജലപാത്രം തപ്പിയെടുക്കുകയായി. പിന്നെ ഓരോന്നിലും വെള്ളം തളിച്ചു ശുദ്ധീകരിച്ചു മുന്നോട്ടു നീങ്ങുന്നു. ഇത്തരം ‘ജലപിശാചു മുത്തശ്ശിമാരെ’പ്പോലെ ആകരുത് നാം. ആദ്യം കണ്ണു തുറക്കണം. മുൻവിധികളുടെ തിമിരം ബാധിച്ചിട്ടുണ്ടെങ്കിൽ അതും മാറ്റിയെടുക്കണം. ഇനി വേണം നവീകരണശ്രമങ്ങൾ ആരംഭിക്കാൻ.

നവീകരണ പ്രവർത്തനങ്ങൾക്ക് ഒരു രൂപരേഖ ഉണ്ടാക്കാൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ല എന്ന കാര്യം ഓർക്കണം. യേശുവിനെപ്പറ്റി മിനിമം ധാരണകൾ ഉണ്ടായിക്കഴിഞ്ഞാൽപ്പിന്നെ മതത്തെപ്പറ്റിയാണല്ലോ ചിന്തിക്കേണ്ടത്. “മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്” എന്നത് മാർക്സിന്റെ നിർവചനത്തിന്റെ ഒരു പകുതി മാത്രമേ ആകുന്നുള്ളു എന്ന കാര്യംപോലും പലർക്കും അറിഞ്ഞുകൂടാ. വസ്തുതകളും സ്വന്തം അനുഭവങ്ങളുംവച്ച് ശ്രദ്ധാപൂർവ്വം വിലയിരുത്തി മതത്തെപ്പറ്റിയുള്ള ധാരണ നമുക്ക് പഠിച്ച് ഉറപ്പിക്കാം.

മതത്തെപ്പറ്റിയുള്ള പഠനത്തിൽ അതിന്റെ താത്ത്വികമായ വശത്തേക്കാൾ, അതിന്റെ അനുഭവപ്രധാനമായ വൈകാരികതലത്തെയാണ് നാം കണക്കിലെടുക്കേണ്ടത്. കാരണം മതം ബുദ്ധിപരമായ ഒരു സമസ്യയല്ല, വികാരപരമായ ഒരു അനുഭൂതിയാണ്. ഇവിടെയാണ് യുക്തിവാദിയും മതവിശ്വാസിയും വഴിതിരിയുന്നത്. നല്ല യുക്തിവാദിക്ക് ഒരിക്കലും ഒരു നല്ല മതവിശ്വാസിയാകാൻ സാധിക്കുകയില്ല. കാരണം, കേവലയുക്തി ബുദ്ധിയെ ആശ്രയിക്കുമ്പോൾ, കടുത്ത മതവിശ്വാസം, അനുഭൂതിയെമാത്രം ആശ്രയിക്കുന്നു. പല കെ.സി.ആർ.എം.-കാരും ഞങ്ങൾ യുക്തിവാദികളാണെന്നു ഭാവിക്കാറുണ്ട്. സത്യത്തിൽ അവർ യുക്തിവാദികളുമല്ല, മതനവീകരണവാദികളുമല്ല. രണ്ടും രണ്ട് അടിസ്ഥാനങ്ങളിലാണ് ചുവടുറപ്പിച്ചിരിക്കുന്നത് എന്നതുതന്നെ കാരണം.

ഇവിടെ അല്പം വിശദീകരണം ആവശ്യമുണ്ട്. നല്ല യുക്തിവാദി എന്നു പറയുന്നതിനാണ് വിശദീകരണം. അത്തരം യുക്തിവാദികൾ നമ്മുടെ സങ്കല്പത്തിൽമാത്രം സ്ഥിതിചെയ്യുന്നവരാണ്. കാരണം, നാം കാണുന്ന സാധാരണ യുക്തിവാദികളെല്ലാം ഓരോ ദിവസവും, ഓരോ മണിക്കൂറിലും, നിമിഷം പ്രതി എത്രയോ കാര്യങ്ങൾ അയുക്തികമായി, വെറും വിശ്വാസത്തെമാത്രം ഉപജീവിച്ച് ചെയ്തുകൊണ്ടിരിക്കുന്നു. മുമ്പോട്ട് ഓരോ ചുവടു വയ്ക്കുമ്പോഴും കാലടികൾ ശരിയായാണ് മണ്ണിൽ പതിയുന്നത് എന്ന്, ‘കണ്ട് ബോധ്യപ്പെട്ടിട്ടല്ലല്ലോ’ അവരുടെ നടത്തം. അപ്പോൾ മനുഷ്യസഹജമായ പ്രവർത്തനങ്ങളെല്ലാം അതിന്റെ മുറയ്ക്കു നടക്കുന്നത് വ്യക്തിയുടെ യുക്തിചിന്തകൊണ്ടല്ല; പ്രത്യുത, പ്രകൃതിയുടെ അയുക്തികമായ, യാന്ത്രികമായ, താളബന്ധംകൊണ്ടാണ്. അത് യുക്തി പരിശോധിക്കേണ്ട കാര്യമല്ല എന്ന് യുക്തിവാദികളും സമ്മതിക്കും. നവീകരണവാദികൾക്കും അതു സമ്മതമാണ്. അമ്പേ, അയുക്തികമായിതോന്നുന്ന കാര്യങ്ങളിൽ മതവിശ്വാസി കടുംപിടുത്തം പിടിക്കുന്നതിലും കാര്യമില്ല. അനുഭവത്തിന്റെ തലത്തിലേക്കു വരുമ്പോൾ വിശ്വാസിയുടെ വ്യക്തിപരമായ അനുഭവത്തെ യുക്തിവാദി ചോദ്യംചെയ്യുന്നതിലും അർത്ഥമില്ല. അല്പം വിട്ടുവീഴ്ചയ്ക്ക് രണ്ടുകൂട്ടരും തയ്യാറാകുന്നപക്ഷം, യുക്തിവാദിക്കും സഭാനവീകരണവാദിക്കും ഒരുമിച്ചു മുമ്പോട്ടുപോകാവുന്നതേയുള്ളൂ.

നിരീശ്വരവാദികളോട് കെ.സി.ആർ.എം-കാരുടെ നിലപാട് എന്താണെന്ന് ചിലർ ചോദിക്കാറുണ്ട്. ആരാണ് ഇവിടെ നിരീശ്വരവാദി “ഭൂമിയിലാണ് സ്വർഗ്ഗം” എന്നു പറഞ്ഞ ചാർവ്വാക മുനിയുടെ അനുയായികൾപോലും, പിന്നീട് അത് ഒരു മതമായി കൊണ്ടുനടക്കുകയാണ് ചെയ്തത്. നമ്മുടെ കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റുകാരെയാണ്, നിരീശ്വരർ എന്നു ചൂണ്ടിക്കാണിച്ച്, അവരുമായുള്ള, സമ്പർക്കംപോലും വിലക്കിയിരുന്നത്. ഇന്നിപ്പോൾ പല കമ്മ്യൂണിസ്റ്റുകാരും കടുത്ത വിശ്വാസികളായി ശബരിമലയ്ക്കു പോകുന്നു; പള്ളി വിളക്കിൽ എണ്ണ ഒഴിയ്ക്കുന്നു! കുട്ടികളെ ഓത്തുപള്ളിയിൽ ക്രമമായി പറഞ്ഞയയ്ക്കുന്നു. ആർക്കും ഒരു പ്രശ്നവുമില്ല. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ് എന്നുമാത്രം പഠിപ്പിച്ചുകൊണ്ടിരുന്ന പാർട്ടി

ക്ലാസ്സിൽ ഇപ്പോൾ "മതം അടിച്ചമർത്തപ്പെട്ടവന്റെ ദീർഘനിശ്വാസമാണ്, ഹൃദയമില്ലാത്ത ലോകത്തിന്റെ ഹൃദയമാണ്, ആത്മാവില്ലാത്ത സാഹചര്യങ്ങളുടെ ആത്മാവാണ്. അത് മനുഷ്യനെ മയക്കുന്ന കറുപ്പാണ്" എന്ന മുഴുവൻ നിർവചനവും പഠിപ്പിക്കുന്നു. ഒരു ചികിത്സയും ഫലിക്കാതെ വരുന്ന അവസ്ഥയിൽപ്പോലും രോഗിക്ക് ആശ്വാസം നൽകുന്ന 'കറുപ്പ്' വൈദ്യശാസ്ത്രരംഗത്തുപോലും ഉപകാരിയാകുമ്പോൾ, കറുപ്പിനെന്തു കുഴപ്പം? മതത്തിനെന്തു കുഴപ്പം? എന്നായിരിക്കും എല്ലാവരുടെയും ചിന്ത. കമ്മ്യൂണിസ്റ്റുകാർ മതത്തിന്റ നന്മകൾ കണ്ടെത്തുന്ന ഈ കാലത്ത് നാം എന്തിന് അവരെ ഒഴിവാക്കണം? നവീകരണപ്രവർത്തനം ഒരു ജനമുന്നേറ്റമായി വളരുമ്പോൾ അവരെയും അതിൽ പങ്കെടുപ്പിക്കുന്നതിൽ ഒരു തെറ്റുമില്ല.

കെ.സി.ആർ.എം നിലപാട് ഏറ്റം അയവുള്ളതാണ്. അപ്പോൾപ്പിന്നെ സ്ഥിരമായി പള്ളിയിൽ പോകുകയും കൂദാശകൾ സ്വീകരിക്കുകയും ചെയ്യുന്ന വർക്കുമാത്രമേ, സഭാനവീകരണപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവകാശമുള്ളു എന്ന് സുബോധമുള്ളവരാരും ചിന്തിക്കുമെന്നുതോന്നുന്നില്ല. പക്ഷേ, യേശു എത്രപ്രാവശ്യം സിനഗോഗിൽ പോയിട്ടുണ്ട് എന്ന് എണ്ണിനോക്കിയിട്ട് അത്രയും പ്രാവശ്യം മാത്രമേ കെ.സി. ആർ.എം. കാരും പള്ളിയിൽ പോകാവൂ എന്ന നിർബന്ധം പിടിക്കുകയുമരുത്. എന്നുമാത്രമല്ല, കത്തോലിക്കാ നവീകരണപ്രസ്ഥാനം എന്നൊരു പേര് 'കൊണ്ടുനടക്കുന്നിടത്തോളം' കാലം സഭയുടെ പരിതോവസ്ഥയിൽനിന്നുകൊണ്ട് നവീകരണം പ്രാക്ടീസുചെയ്യുന്നതായിരിക്കും കൂടുതൽ എളുപ്പം. പള്ളിയിൽ പോയാലും പോയില്ലെങ്കിലും, കൂദാശങ്ങൾ സ്വീകരിച്ചാലും സ്വീകരിച്ചില്ലെങ്കിലും പള്ളിക്കകത്ത് എന്തു നടക്കുന്നുവെന്ന് നേരിട്ട് അറിഞ്ഞിട്ടുവേണ്ടേ, നവീകരണത്തിനു മുന്നിട്ടിറങ്ങാൻ? അതിനുള്ള അന്വേഷണത്തിലേക്കാണ് ഇനി കടക്കേണ്ടത്.

എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട്,

ഒത്തിരി സ്നേഹത്തോടെ, കെ.സി. ആർ.എം-നുവേണ്ടി,

**പ്രൊഫ. പി.സി. ദേവസ്യ**
(ചെയർമാൻ)
ഫോൺ: 9961255175

*മുഖക്കുറി - തുടർച്ച.....*

കാട്ടുന്ന സമൂഹങ്ങളായി ഇന്നത്തെ ന്യൂനപക്ഷങ്ങൾ മാറും. ഇതെല്ലാം ഗുണപരമായ (positive) അനുരണനങ്ങൾ ഭൂരിപക്ഷഹിന്ദുസമൂഹത്തിലുണ്ടാക്കുകയും ന്യൂനപക്ഷസമുദായങ്ങൾ ഇന്ത്യയിൽ ആദരണീരായിത്തീരുകയും, ഭാരതത്തിന്റെ സഹജമായ സർവ്വമതസമഭാവനയിലേക്ക്, ഇന്ത്യയുടെ സാംസ്കാരികത്തനിമയിലേക്ക്, ഹൈന്ദവസമുദായം തിരികെപ്പോകുകുയും ചെയ്യും.

എന്നാലിന്ന്, ഇതിന്റെയെല്ലാം നേർവിപരീതകാര്യങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സ്വന്തം മതമൗലികവാദവും വർഗ്ഗീയതയും ദേശവിരുദ്ധമനോഭാവവും മറച്ചുപിടിച്ച് ഇന്ത്യയിലെ ന്യൂനപക്ഷമതനേതൃത്വങ്ങൾ 'ഹിന്ദുമതഫാസിസ'ത്തിനെതിരെ ആക്രോശിക്കുന്നു! തങ്ങളുടെതന്നെ പൈതൃകമാണ് ഇന്ത്യൻ സംസ്കാരമെന്ന വസ്തുതയ്ക്കുനേരെ കണ്ണടച്ചുകൊണ്ടും, പ്രീണിപ്പിച്ചും ബലംപ്രയോഗിച്ചും പീഡിപ്പിച്ചും മതംമാറ്റപ്പെട്ടവരും വിദേശമതരാഷ്ട്രീയ അതിക്രമങ്ങൾക്ക് ഇരകളാക്കപ്പെട്ടവരുമായ ഹിന്ദുക്കളായിരുന്നു തങ്ങളുടെ പൂർവ്വപിതാക്കന്മാരെന്ന സത്യം വിസ്മരിച്ചുകൊണ്ടും നടത്തുന്ന ഈ നെറികെട്ട ആക്രോശങ്ങൾ ആത്മനിഷേധമാണെന്ന് ഇവരറിയുന്നില്ല; അത്, ഇരിക്കുന്ന കമ്പ് ചുവടേ മുറിക്കുന്നതിനു തുല്യമാണെന്നും ഇവരറിയുന്നില്ല.

മതമൗലികവാദത്തിന്റെയും മതാധിനിവേശങ്ങളുടെയും സഹസ്രാബ്ദങ്ങളുടെ ചരിത്രമുള്ള ഈ മതന്യൂനപക്ഷങ്ങളുടെ ഇന്നും തുടരുന്ന മൗലികവാദസമീപനത്തിനും സാമൂഹികകടന്നുകയറ്റങ്ങൾക്കുമെതിരെ ഒരു ചെറുവിരൽപോലും ഉയർത്താൻ ഭയക്കുന്ന ഇവിടുത്തെ രാഷ്ട്രീയകക്ഷികളും അവയുടെ നേതൃത്വങ്ങളും, അവരെ പ്രീണിപ്പിച്ച് നാലു വോട്ടുനേടാൻവേണ്ടി അതേ ആക്രോശം കൂടുതൽ ഉച്ചത്തിൽ മുഴക്കുന്നു! ബുദ്ധിപരമായ സത്യസന്ധത എന്നേ നഷ്ടപ്പെട്ടുകഴിഞ്ഞ ഇവിടുത്തെ ബുദ്ധിജീവികളുടെയും പുരോഗമനവാദികളുടെയും അവരുടെ പ്രസ്ഥാനങ്ങളുടെയും സമീപനവും വ്യത്യസ്തമല്ല. ന്യൂനപക്ഷവർഗ്ഗീയതയ്ക്കും അസഹിഷ്ണുതകൾക്കുംമുമ്പിൽ നട്ടെല്ലു വളച്ചുനിന്ന് ഭൂരിപക്ഷമതഫാസിസത്തിനെതിരെ അവരും ഓരിയിടുന്നു! സ്വാതന്ത്ര്യസമരകാലത്തുണ്ടായിരുന്ന ദേശീയ പത്രമാധ്യമങ്ങളെപ്പോലെ, ശരിയായ ആശയരൂപീകരണത്തിലും പ്രവർത്തനമാർഗ്ഗദർശനത്തിലും ജനങ്ങൾക്കു ധീരമായി നേതൃത്വംനൽകേണ്ട ഇന്നത്തെ മുഖ്യധാരാമാധ്യമങ്ങളാകട്ടെ, യാതൊരുവിധ ലക്ഷ്യബോധമോ ആശയവ്യക്തതയോ വിശകലനശേഷിയോ പ്രകടിപ്പിക്കാതെ, കാര്യങ്ങളെ പോകുന്നവഴിയേ അടിച്ചുതെളിച്ചും, പരസ്യദാതാക്കളായ മതനേതാക്കളെയും കോർപ്പറേറ്റ് ഭീമന്മാരെയും പ്രീണിപ്പിക്കാൻ വാർത്തകൾ അവസരവാദപരമായി മൂടിവച്ചും വേണ്ടപ്പോൾ പൊലിപ്പിച്ചും കേവലം ഉദരസേവ നടത്തുന്ന വയായിരിക്കുന്നു... എന്നാൽ, ഭൂരിപക്ഷസമുദായത്തിന്റെ സ്വാതന്ത്ര്യസമരഘട്ടമായി ഈ കാലത്തെ കാണുന്ന ഹിന്ദുത്വവാദികളുടെ മാധ്യമപ്രവർത്തനങ്ങളുൾപ്പെടെ എല്ലാ പ്രവർത്തനങ്ങളും അവരുടെ ലക്ഷ്യസാക്ഷാത്ക്കാരത്തിനുതകുംവിധം ശക്തിയുക്തം മുന്നേറുകയും ചെയ്യുന്നു. വേണമെന്നുവെച്ചാൽ, ഏതാനും വർഷത്തിനകം ഇവിടുത്തെ ന്യൂനപക്ഷങ്ങളെ കാൽക്കീഴിലാക്കി ഭരിക്കാൻ കഴിയുംവിധം ഹിന്ദുത്വപ്രസ്ഥാനങ്ങളും ബി.ജി.പി.യും രാഷ്ട്രീയ ശക്തിയാർജ്ജിച്ചുകൊണ്ടിരിക്കുകയാണെന്ന് അല്പം ദീർഘവീക്ഷണത്തോടെ നോക്കിയാൽ ആർക്കും കാണാനാകും. ന്യൂനപക്ഷമതനേതൃത്വങ്ങളുടെ ശക്തിപ്രകടനങ്ങളും പ്രകോപനങ്ങളും ഇപ്പോഴത്തേതുപോലെ തുടരുന്നപക്ഷം, ഈ സാഹചര്യം വളരെ വേഗം ഇവിടെ ആഗതമാകുകയും, ന്യൂനപക്ഷപീഡനത്തിനും കലാപങ്ങൾക്കുംവരെ ഇടയാകുകയും ചെയ്യും എന്നും കാണേണ്ടിയിരിക്കുന്നു.

അതുകൊണ്ട്, ന്യൂനപക്ഷമതസ്ഥരിലെ വിവേകമതികൾ ഉണർന്നു ചിന്തിക്കുകയും രക്ഷാമാർഗ്ഗങ്ങൾ തേടുകയും ചെയ്യേണ്ട സമയമാണിത്. തങ്ങളെ മതത്തിന്റെയും ദൈവത്തിന്റെയുംപേരിൽ അപകടകരങ്ങ

▶▶

ളായ ആഴക്കുഴികളിലേക്ക് അന്ധമായി നയിക്കുന്ന പുരോഹിത-മതപണ്ഡിതവിഭാഗങ്ങളെ സമുദായനേതൃത്വത്തിൽനിന്നുമാറ്റി നിർത്തി, തങ്ങളുടെ മതങ്ങളുടെ പ്രമാണതത്ത്വങ്ങളും മൂല്യസംഹിതയും ഉൾക്കൊണ്ടവരുടെ പുതിയ നേതൃന്നിരകൾ ആ രംഗത്തേക്കു കടന്നുവരേണ്ട ചരിത്രമുഹൂർത്തമാണിത്. ഈ പുതിയ നേതൃത്വങ്ങൾ, ബലിയനുഷ്ഠാനങ്ങളേക്കാൾ സഹോദരരുമായുള്ള അനുരഞ്ജനപ്രവർത്തനങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നവരാകയാൽ, യേശു കല്പിച്ച മാതൃകയിൽ (മത്താ. 5:23-26), കാഴ്ചവസ്തുക്കൾ ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട്, തങ്ങളോടു പിണക്കവും അമർഷവുമുണ്ടെന്നറിയാവുന്ന ഹിന്ദു സഹോദരങ്ങളുമായി രമ്യപ്പെട്ടിട്ടുമാത്രമേ, അതിനെന്തെല്ലാം ചെയ്യണമോ അതെല്ലാം ചെയ്തിട്ടുമാത്രമേ, ബലിപീഠത്തിങ്കലെത്തി കാഴ്ച അർപ്പിക്കുകയുള്ളു. ഇത്തരമൊരു നേതൃന്നിരയും ഈ വിധത്തിൽ ദുരഭിമാനം വിട്ടുള്ള അനുരഞ്ജനശ്രമങ്ങളും ഇന്ത്യയിലെ ന്യൂനപക്ഷസമുദായങ്ങളിൽനിന്നുണ്ടാകുന്നുവെങ്കിൽ, മുമ്പു സൂചിപ്പിച്ചപ്രകാരം, ലോകത്തിനു മാതൃകയായി ഇന്ത്യ വീണ്ടുമൊരു സർവ്വമതസൗഹാർദ്ദവേദിയായിത്തീരും. മറിച്ചാണെങ്കിലോ? എങ്കിൽ, യേശു തുടർന്നു പറയുന്നതുപോലെ, "...പ്രതിയോഗി നിന്നെ ന്യായാധിപന്റെ കൈയിൽ ഏല്പിക്കും. ന്യായാധിപൻ കാവൽക്കാരന്റെ കൈയിൽ ഏല്പിക്കും. നീ കാരഗൃഹത്തിലാകുകയും ചെയ്യും. സത്യമായി ഞാൻ നിന്നോടു പറയുന്നു: അവസാനത്തെ ചില്ലിക്കാശും കൊടുത്തുതീർക്കാതെ അവിടെനിന്നു നിനക്കു മോചനമില്ല" (മത്താ. 5:25-26). ഇവിടെ ന്യായാധിപൻ ഭൂരിപക്ഷസമുദായത്തിലെ വോട്ടർമാരായിരിക്കും എന്ന വ്യത്യാസമേ ഉള്ളൂ. അവർക്ക് ഇവിടുത്തെ ന്യൂനപക്ഷങ്ങളോട് കുറച്ചൊന്നുമല്ല കണക്കുതീർക്കാനുള്ളത് എന്നോർക്കുക. അതുകൊണ്ട് എന്തു വിലകൊടുത്തും രമ്യപ്പെടുകയെന്നതാണ് കരണീയമായിട്ടുള്ളത്.

ഇലക്ഷൻ ഫലത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, കേരളത്തിലെ കാര്യംകൂടി പ്രതിപാദിക്കേണ്ടതുണ്ടല്ലോ. ജാതി - മതമേധാവിത്വങ്ങൾക്കും ജന്മിത്ത-മുതലാളിത്ത ശക്തികൾക്കുമെതിരെ ത്യാഗനിർഭരമായി ആദർശശുദ്ധിയോടും ധീരതയോടുംകൂടി പൊരുതിയ കേരളത്തിലെ ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഓർമ്മകൾ അല്പംകൂടി ബാക്കിനിൽക്കുന്ന എന്നതുകൊണ്ടുമാത്രമാണ്, കമ്മ്യൂണിസത്തിന്റെ കേരളത്തിലെ ഈ വാലറ്റത്തിന് അല്പം ജീവൻ ബാക്കിനിൽക്കുന്നത് എന്നു പറഞ്ഞാൽ അതു തെറ്റാകാനിടയില്ല. ജന്മി - മുതലാളി - പുരോഹിതചൂഷണങ്ങൾക്കെതിരെ ജനപക്ഷത്തുനിന്നു പടനയിച്ച കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമിന്ന്, പ്രത്യേകിച്ച് ന്യൂനപക്ഷമതനേതൃത്വങ്ങൾക്കുമുമ്പിൽ പേടിച്ചു വിറയ്ക്കുന്നതും, മുതലാളിത്തത്തിന്റെ ഉന്നതരൂപമായ കോർപ്പറേറ്റുകൾക്കു കുടപിടിച്ച് ചുവപ്പു പരവതാനി വിരിക്കുന്നതുമാണ് ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നത്! അതിന്റെകൂടെ, ന്യൂജെൻ കമ്മ്യൂണിസ്റ്റുകാരുടെ യജമാനഭാവവും ധാർഷ്ട്യവും ഗുണ്ടായിസവും അഴിമതിയും ആഡംബരത്വരയും, മുതലാളിത്തത്തെ വെല്ലുന്ന ജനവിരുദ്ധവികസനസങ്കല്പവും എല്ലാം ചേർന്നുള്ള കമ്മ്യൂണിസത്തിന്റെ ഈ വികലപരിണാമം കണ്ട് ജനങ്ങൾ അതിൽനിന്ന് ഓടിയകലുകയാണിന്ന്.

കമ്മ്യൂണിസത്തിന്റെ ആഗമനംകണ്ട്, യൂറോപ്പിലെ ഭൂരിഭാഗം ഭൂമിയും കൈവശപ്പെടുത്തിയ ക്രൈസ്തവപുരോഹിതജന്മിത്വം ഞെട്ടിവിറക്കുകയാണെന്ന അർത്ഥത്തിൽ മാർക്സ് എഴുതിയിട്ടുള്ളതായി കേട്ടിട്ടുണ്ട്. ഈ മാർക്സിന്റെ കേരളത്തിലെ അനുയായികൾ, ക്രൈസ്തവരുടെ മുഴുവൻ പൊതുസ്വത്തും കൈയടക്കിയ ഇവിടുത്തെ പുരോഹിതജന്മിത്വത്തെകണ്ട് ഞെട്ടിവിറയ്ക്കുന്നതിലെ വിരോധാഭാസം കാണാതിരിക്കാൻ ആർക്കു കഴിയും? അതേ ഭയപ്പാടുമൂലം, കുരിശുനാട്ടിയുള്ള സഭാദ്ധ്യക്ഷന്മാരുടെ ഭൂമികൈയേറ്റങ്ങൾക്കും, വമ്പിച്ച ഭൂമികുംഭകോണങ്ങൾക്കും, കന്യാസ്ത്രീപീഡനമുൾപ്പെടെയുള്ള പുരോഹിത അതിക്രമങ്ങൾക്കും പരോക്ഷമായി ചൂട്ടുപിടിച്ച് അവരെ കൂടെനിർത്താൻ നോക്കുന്ന ഇന്നത്തെ എൽ.ഡി.എഫ് സർക്കാരും പാർട്ടികളും, തങ്ങളുടെ ഈ അല്പത്വംകൊണ്ടുതന്നെ, ക്രൈസ്തവസമുദായമുൾപ്പെടെ എല്ലാ മതസമൂഹങ്ങളെയും സംബന്ധിച്ച് പരിഹാസപാത്രങ്ങളായിരിക്കുന്നു!

ശബരിമലയിലെ സ്ത്രീപ്രവേശനം സംബന്ധിച്ചുണ്ടായ സുപ്രീംകോടതി വിധി നടപ്പാക്കുന്നതിൽ ഈ ഗവൺമെന്റു കാണിച്ച അമിതാവേശത്തെയും, യാക്കോബായ - ഓർത്തഡോക്സ് സഭാക്കേസിൽ ഓർത്തഡോക്സ് സഭയ്ക്കനുകൂലമായി വന്ന വിധി നടപ്പാക്കുന്നതിൽ കാട്ടിയ നിഷ്ക്രിയത്വത്തെയും ഒന്നു താരതമ്യംചെയ്തു നോക്കിയാൽമാത്രംമതി, പിണറായി സർക്കാരിന്റെ സുപ്രീം കോടതിയോടുള്ള ബഹുമാനത്തിലെ വൈരുദ്ധ്യവും നവോത്ഥാന മുദ്രാവാക്യത്തിലെ കാപട്യവും തിരിച്ചറിയാൻ. സഭാക്കേസിലെ വിധി നടപ്പാക്കാൻ പോയാൽ യാക്കോബായ സഭാപൗരോഹിത്യം പിണങ്ങും. അതുകൊണ്ട് ആ വിധിക്കെതിരെ കണ്ണടയ്ക്കുന്നു. എന്നാൽ, ഹിന്ദുമതനേതൃത്വത്തെ എതിർക്കുന്നതും നിന്ദിക്കുന്നതും 'നവോത്ഥാന'മാണല്ലോ. അതുകൊണ്ട്, എന്തു വിലകൊടുത്തും ആ വിധി നടപ്പാക്കുകയും ചെയ്യുന്നു!

അവാർഡ് പ്രഖ്യാപിച്ച കാർട്ടൂണിൽ ഫ്രാങ്കോയുടെ മുഖവും അംശവടിയുമുള്ളതിനാൽ അത് മതനിന്ദയാണെന്ന് ഏതാനും മെത്രാന്മാർ പറഞ്ഞയുടനെ, അവാർഡ് തീരുമാനം പുനഃപരിശോധിക്കുമെന്ന് ഈ സർക്കാർ പ്രഖ്യാപിക്കുന്നു! അതേ സമയം എം.എഫ്. ഹുസൈനെപ്പോലുള്ള കലാകാരന്മാർ ഹിന്ദുദേവതകളെ ഹിന്ദുക്കൾക്ക് അഹിതമായ വിധത്തിൽ ചിത്രീകരിച്ചാലോ, അതിവർക്ക് ആവിഷ്കാരസ്വാതന്ത്ര്യം! ഇപ്രകാരം, ന്യൂനപക്ഷ മതാധിപത്യത്തിന് വഴങ്ങിക്കൊടുക്കുകയും ഭൂരിപക്ഷമതസ്ഥരെ പ്രകോപിപ്പിക്കുകയും ചെയ്യുന്ന ഈ നാണംകെട്ട ഇരട്ടത്താപ്പു സമീപനം കമ്മ്യൂണിസമാണുപോലും! യഥാർത്ഥത്തിൽ, കമ്മ്യൂണിസത്തിന്റെ അന്തകരായിത്തീർന്നിരിക്കുകയാണ്, കേരളത്തിലെ ഇന്നത്തെ കമ്മ്യൂണിസ്റ്റു നേതാക്കന്മാർ.

ഒരു ഇടതു സർക്കാർതന്നെ നിയോഗിച്ച നിയമപരിഷ്ക്കരണകമ്മീഷൻ ശിപാർശചെയ്ത ചർച്ച് ട്രസ്റ്റ് ബില്ലിനെതിരെ ഏതാനും മെത്രാന്മാർ ഒന്നു നെറ്റിചുളിച്ചപ്പോഴേ മുഖ്യമന്ത്രി അവരെ വിളിച്ചുവരുത്തി, 'ഒരു കാരണവശാലും ഞങ്ങളിതു പാസ്സാക്കില്ല' എന്നു പറഞ്ഞ് ആശ്വസിപ്പിച്ചുവിട്ടതോടെ, അതിന്റെ അനിവാര്യത ബോധ്യപ്പെട്ടിരുന്ന ബഹുഭൂരിപക്ഷം ക്രൈസ്തവരും ഇടതുകക്ഷികളെ കൈവിട്ടു. ബി.ജി.പി നേതാവ് കുമ്മനം രാജശേഖരൻ മെത്രാന്മാരുടെമുമ്പിൽ സാഷ്ടാം

ഗപ്രണാമം ചെയ്തില്ലായിരുന്നുവെങ്കിൽ, ആ പാർട്ടിക്ക് കുറെ ക്രൈസ്തവ വോട്ടുകൾക്കൂടി കിട്ടിയേനെ. അങ്ങനെ, മറ്റൊരു ഓപ്ഷനും ഇല്ലാതിരുന്നതിനാലാണ് എല്ലാവരും ചേർന്ന്, കോൺഗ്രസ് നേതൃത്വത്തിലുള്ള യു.ഡി.എഫ്-നെ വിജയിപ്പിച്ചത്.

അതുകൊണ്ട്, കേരളത്തിൽ ഇക്കാലമത്രയും തുടർന്നുപോന്ന, വലതുമന്തുകാലും ഇടതുമന്തുകാലും മാറിമാറിച്ചവിട്ടിയുള്ള ഭരണം ഇനിയങ്ങോട്ടു നടക്കുമെന്ന് കരുതേണ്ടതില്ല. ഇടതുമന്തുകാലിന്റെ ചലനശേഷി ഏതാണ്ട് തീർന്നിരിക്കുന്നു. കേരളത്തിന്റെ രാഷ്ട്രീയപന്ത്, അടുത്ത അസംബ്ലി ഇലക്ഷനോടെ കോൺഗ്രസ് നേതൃത്വത്തിലുള്ള വലതുമുന്നണിയുടെ കാൽക്കീഴിലാകാനാണിട. അവർ വൈകാതെ നേരിടാൻപോകുന്ന പ്രതിപക്ഷം ബി.ജെ.പി ആയിരിക്കാനും സാധ്യതയുണ്ട്. ബി.ജെ.പി-യുടെ ഹിന്ദുത്വ വർഗ്ഗീയതയെ നിർവീര്യമാക്കാൻ അവർക്കു ചെയ്യാനുള്ളതും മുമ്പു സൂചിപ്പിച്ച കാര്യങ്ങൾതന്നെയാണ്. അതിനവരെ ധൈര്യപ്പെടുത്തുകയെന്നതാണ് പ്രധാനമായും മതന്യൂനപക്ഷസമുദായങ്ങളിലുയർന്നുവരേണ്ട വിവേകമതികളായ പുത്തൻ നേതൃന്നിരയ്ക്ക് ചെയ്യാനുള്ളത്. ഭൂരിപക്ഷ സമുദായത്തിന് ദോഷമോ നഷ്ടമോ വരുന്ന, അവരെ പ്രകോപിപ്പിക്കുന്ന യാതൊരു സാമുദായികപക്ഷപാതവും കാട്ടുവാൻ ഒരു രാഷ്ട്രീയ പാർട്ടിയെയും ഒരു ഗവൺമെന്റിനെയും അവരിനി അനുവദിക്കരുത്. ന്യൂനപക്ഷപ്രീണനം ആരു നടത്തിയാലും അതു താമസംവിനാ ന്യൂനപക്ഷങ്ങൾക്കുതന്നെ വിനയായിത്തീരുമെന്നതിനെക്കുറിച്ചും, മതപുരോഹിതരുടെയും മതനേതാക്കളുടെയും രാഷ്ട്രീയ ഇടപെടലുകൾ തങ്ങളെ അടിമത്തത്തിലേക്കേ നയിക്കൂ എന്നതിനേക്കുറിച്ചും ന്യൂനപക്ഷസമുദായങ്ങളെ ബോധ്യപ്പെടുത്താനും അവർക്കു കഴിയണം. അപ്പോഴേ, ഒഴുക്കിനൊത്തൊഴുകാൻ മാത്രമറിയുന്ന, ഇന്നത്തെ രാഷ്ട്രീയകക്ഷികൾക്കും അതു ബോധ്യമാകൂ. സാമുദായികസംഘർഷങ്ങളിൽ പരസ്പരമുള്ള അനുരഞ്ജനശ്രമങ്ങളെ പ്രോത്സാഹിപ്പിക്കൽ, ഭൂരിപക്ഷമോ ന്യൂനപക്ഷമോ എന്നു നോക്കാതെ നീതിനടപ്പാക്കൽ, മതസ്വത്തുക്കളുടെ ഭരണം ജനകീയവും ഭരണഘടനാപരവുമാക്കൽ, ജനവിരുദ്ധവും പരിസ്ഥിതിവിരുദ്ധവുമായ പാശ്ചാത്യവികസനസങ്കല്പങ്ങളിൽനിന്നു മാറി, കോൺഗ്രസ് സ്വയം കളഞ്ഞുകുളിച്ച ഗാന്ധിയൻ മൂല്യസങ്കല്പത്തിലുള്ള ഗ്രാമവികസനസങ്കല്പത്തിലേക്കു നയംമാറ്റൽ എന്നിങ്ങനെ കേരളത്തിൽ പുതിയൊരു നയസമീപനം സ്വീകരിക്കാൻ കോൺഗ്രസിനു കഴിയുമെങ്കിൽ ഇവിടെ എല്ലാ വിഭാഗങ്ങളുടെയും വർഗ്ഗീയതയ്ക്കു ശമനമുണ്ടാകും. മറിച്ചായാൽ, കേരളവും ഇന്ത്യയാകെയും മതവർഗ്ഗീയതയുടെ യുദ്ധക്കളമാകുകയും ചെയ്യും. 2019-ലെ ഇലക്ഷൻഫലം മുന്നോട്ടു വയ്ക്കുന്നത് ഈ രണ്ട് ഓപ്ഷനുകളാണ്.

അതുകൊണ്ട്, മതവർഗ്ഗീയതയെന്ന തിന്മയെ അതേ നാണയത്തിൽ ചെറുത്തു തോല്പിക്കാമെന്ന വ്യാമോഹം ആരും, പ്രത്യേകിച്ചും മതന്യൂനപക്ഷങ്ങൾ വച്ചുപുലർത്താതിരിക്കട്ടെ; മറിച്ച്, ഏതു വർഗ്ഗീയതയെയും ഏതു തിന്മയെയും നന്മകൊണ്ട് നിർവീര്യമാക്കാനുള്ള കല അഭ്യസിക്കാൻ എല്ലാവരും തങ്ങളുടെ മതങ്ങളുടെ പ്രമാണതത്ത്വങ്ങളിലേക്കും മൂല്യസംഹിതകളിലേക്കും തിരിയട്ടെ!

**-എഡിറ്റർ**

---

# ക്രിസ്ത്യൻ അപാരത!

കേരളത്തിലെ ക്രിസ്ത്യാനികളുടെ കാര്യം ബഹുരസമാണ്:

ഓർത്തഡോക്സ് - യാക്കോബായക്കാരെ നോക്കൂ... സഹോദരങ്ങളാണ്. പക്ഷേ, രണ്ടുകൂട്ടരും നേരിൽ കണ്ടാൽ പിന്നത്തെ പുകില് പറയണ്ടാ, അടി എപ്പോൾ തുടങ്ങിയെന്ന് പ്രവചിക്കാൻ പറ്റില്ല! പക്ഷേ, മക്കളെ ഇരുസഭകളിലേക്കും കെട്ടിച്ചുവിടുന്നതിന് ഒരു കുഴപ്പോം ഇല്ല! അത്രയ്ക്ക് സ്നേഹമാണ്.

ഒരു കൂട്ടർ പരുമലയ്ക്ക് വെയിലുംകൊണ്ട് നടക്കുമ്പോൾ, മറ്റേക്കൂട്ടർ മഞ്ഞനിക്കരയിലേക്ക് വച്ചുപിടിക്കും! എന്നാലോ, ഇവർ രണ്ടു കൂട്ടരുംകൂടി മലയാറ്റൂരിലേക്ക് ഒരു പോക്ക് പോകും. പക്ഷേ, സുറിയാനി കത്തോലിക്കരെ കണ്ടാൽ അവരോട് മിണ്ടില്ല. ഇവരെല്ലാംകൂടി ഒരുമിച്ച് ലത്തീൻ പള്ളിയായ വേളാങ്കണ്ണിയിൽ പോകും. പക്ഷേ, തങ്ങൾ പൗരസ്ത്യർ എന്ന് അഭിമാനിച്ച് ലത്തീൻകാരെ കണ്ടാൽ പുച്ഛിക്കും.

എന്നാൽ, ഈ ലത്തീൻകാർ ഉൾപ്പെടെയുള്ളവർ പെന്തക്കോസ്തുകാരെ കണ്ടാൽ അവരെ മടല് വെട്ടിയടിക്കാൻ പുറപ്പെടും. കാരണം എന്താണെന്നറിയാമോ, പെന്തക്കോസ്തുകാർക്ക് ഒരു മണിക്കൂർ പ്രാർഥനായോഗം ഉണ്ടെങ്കിൽ, അതിൽ മുക്കാൽ മണിക്കൂറും മേൽപ്പറഞ്ഞ സകല കക്ഷികളെയും 'ട്രോളി' വശംകെടുത്തിക്കളയും; അതാണ് അവരുടെ പണി! എന്നാൽ ഈ കൂട്ടരോ, അൽപ്പം ആത്മീയക്ഷീണമോ ദാരിദ്ര്യമോ രോഗമോ ഉള്ളവരുടെ ഇടയിലേക്ക് ക്ഷണിക്കാതെ ഇടിച്ചുകയറി അധികാരം സ്ഥാപിക്കും...

ഇനി ക്നാനായക്കാരായാലോ, അവർ ഇസ്രായേൽ രക്തശുദ്ധി നഷ്ടപ്പെടും എന്നുപറഞ്ഞ് അവരുടെ ഗ്രൂപ്പിലെയല്ലാത്ത ഏതൊരു കൊലകൊമ്പനായാലും, അവരുമായി വിവാഹബന്ധംപോലും വിലക്കിയിരിക്കുന്നു!

കത്തോലിക്കാ സഭയിലെ കാര്യം എഴുതണമെങ്കിൽ, കൊല്ലം ഒന്നെങ്കിലും വേണ്ടിവരും! കൂട്ടത്തിൽ കേമനാകാൻ ചുറ്റിലും ഉള്ള കഥകൾ കേൾക്കാത്ത ഭാവത്തിൽ ഓടുന്നു, ഈ കൂട്ടർ!

എന്നിട്ടോ, ഈ പറയുന്ന സകല 'മാന്യന്മാ'രും നെഞ്ചത്തടിച്ച് പ്രാർഥിക്കുന്നതോ, 'കർത്താവേ, ചിതറിക്കിടക്കുന്ന നിന്റെ സഭയെ ഒന്നിപ്പിക്കണേ. ഒരു ഇടയനും ഒരു തൊഴുത്തും ആക്കണേ' എന്ന്!

ഇവർ ആരാധിക്കുന്നതോ, സ്നേഹം, ത്യാഗം, സേവനം, സഹനം എന്നിവ പ്രഘോഷിച്ച, അവ ജീവിതത്തിൽ പ്രായോഗികമാക്കി കാണിച്ച യേശുവിനെ ....

ഇതാണ്, 'ക്രിസ്ത്യൻ അപാരത!'

*('woc' എന്ന പേരിൽ വന്ന ഒരു വാട്ട്സാപ്പ് പോസ്റ്റ്)*

# തോൽവിക്കു കാരണം ആദർശം കൈവിട്ട കമ്മ്യൂണിസം

## – കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ

മർദ്ദിതരും പീഡിതരും നിരാലംബരും നിരാശ്രയരും ഭവനരഹിതരുമായ പട്ടിണിപ്പാവങ്ങളുടെയും തൊഴിലാളിവർഗ്ഗത്തിന്റെയും അവകാശസംരക്ഷണത്തിനുവേണ്ടി അവരോടൊത്ത് സഹവസിച്ചും സഞ്ചരിച്ചും മർദ്ദനങ്ങളും പീഡനങ്ങളും ജയിൽവാസവും ഏറ്റുവാങ്ങി കമ്മ്യൂ



ണിസം എന്ന പ്രസ്ഥാനം കെട്ടിപ്പടുത്തവരാണ് സഖാക്കളായ എ.കെ. ഗോപാലൻ, ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട്, കൃഷ്ണപിള്ള, ജോസഫ് മുണ്ടശ്ശേരി, സി. അച്ചുതമേനോൻ, ഏ.പി. വർക്കി, റ്റി.വി. തോമസ്, കെ.ആർ ഗൗരി, വി.എസ്. അച്ചുതാനന്ദൻ തുടങ്ങിയ കമ്മ്യൂണിസ്റ്റുകാർ.

എന്നാൽ വ്യവസായലോബികളും കരിഞ്ചന്തക്കാരും മുതലാളിമാരും മതമേധാവികളും ഗുണ്ടകളും ക്വട്ടേഷൻ കൊലയാളികളും സ്ത്രീപീഡകരുമൊത്ത് സഹവസിച്ച് സ്റ്റാർ ഹോട്ടലുകളിലും എ.സി. മന്ദിരങ്ങളിലും അന്തിയുറങ്ങി സുഖവാസജീവിതം നയിക്കുന്നവരാണ് ഇന്നത്തെ കമ്മ്യൂണിസ്റ്റ്നേതൃത്വം. അധഃസ്ഥിത തൊഴിലാളി-കർഷക തൊഴിലാളി വർഗ്ഗസ്നേഹത്തിന്റെയും സാമൂഹികനീതി നിർവ്വഹണത്തിന്റെയും പേരുപറഞ്ഞുള്ള കാപട്യം ജനം തിരിച്ചരിഞ്ഞതാണ് ലോകസഭാ തിരഞ്ഞെടുപ്പിൽ രാജ്യത്തുടനീളം കമ്മ്യൂണിസത്തിനേറ്റ കനത്ത പ്രഹരത്തിനും അപജയത്തിനും കാരണമെന്ന് 'കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ' കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം വിലയിരുത്തി.

ഈ സാഹചര്യത്തിൽ, ഇന്നത്തെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തെ നയിക്കുന്ന വ്യാവസായികലോബികളുമായും കരിഞ്ചന്തക്കാരുമായും ജന്മി-മുതലാളിമാരുമായും, നികൃഷ്ടരും വഞ്ചകരും തട്ടിപ്പുകാരും അസാന്മാർഗ്ഗികളും ചൂഷകരും ഏകാധിപതികളും ആത്മീയതട്ടിപ്പുകാരുമായ മെത്രാന്മാരുമായുള്ള സഹവർത്തിത്വവും സഹവാസവും ഇന്നത്തെ കമ്മ്യൂണിസ്റ്റ് നേതൃത്വം അവസാനിപ്പിച്ച്, മർദ്ദിതരുടെയും ചൂഷിതരുടെയും നിരാലംബരുടെയും നിരാശ്രയരുടെയുംമറ്റും അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിച്ച ആദർശധീരരായ മുൻകമ്മ്യൂണിസ്റ്റ് സഖാക്കളോട് നീതിപുലർത്തുകയാണ് ചെയ്യേണ്ടത്.

ഏകാധിപതികളും ചൂഷകരും ദേശവിരുദ്ധരുംമറ്റുമായ മെത്രാന്മാരുടെ അടിമത്തത്തിൽനിന്ന് ക്രൈസ്തവസമൂഹത്തെ സമുദ്ധരിക്കാൻ ശ്രീ വി.എസ്. അച്ചുതാനന്ദൻ സർക്കാർ നിയമിച്ച കേരള നിയമപരിഷ്ക്കരണകമ്മീഷൻ ചെയർമാൻ ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ, 2009 റിപ്പബ്ലിക്ക് ദിനത്തിൽ നിയമപ്രാബല്യത്തിലാക്കണമെന്ന ശിപാർശയോടെ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതും സർക്കാരിന്റെ പക്കലിരിക്കുന്നതുമായ 'ദി കേരള ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻ ട്രസ്റ്റ് ബിൽ 2009' നിയമപ്രാബല്യത്തിലാക്കാതെ തടഞ്ഞുവച്ചതും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തകർച്ചയ്ക്കും അപജയത്തിനും ഒരു കാരണമാണ്. അതിനാൽ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിന്റെ മെത്രാൻപ്രീണനനയം ഉപേക്ഷിച്ച് കാലവിളംബം ഒഴിവാക്കി 'ദി കേരള ക്രിസ്ത്യൻ ചർച്ച് പ്രോപ്പർട്ടീസ് ആന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് ട്രസ്റ്റ് ബിൽ 2009' നിയമപ്രാബല്യത്തിലാക്കി ഭരണഘടനാബാദ്ധ്യത നിറവേറ്റി കമ്മ്യൂണിസ്റ്റ് ആദർശം കാക്കണമെന്ന്, 'കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ' കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം, ശ്രീ പിണറായി വിജയൻ സർക്കാരിനോട് വീണ്ടും ആവശ്യപ്പെടുകയാണ്.

പ്രസിഡന്റ് വിൻസെന്റ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സർവ്വശ്രീ എം.എൽ.ജോർജ്ജ് കൂടരഞ്ഞി, എൻ.ജെ. ജോൺ ബത്തേരി, ജോർജ്ജ് മാത്യു തിരുവമ്പാടി, വി.എസ്. ചാക്കോ പുൽപ്പള്ളി, വി.വി. ജോസ് തോട്ടുമുക്കം, റ്റി.ഒ. വർക്കി കല്ലാനോട്, പി.എം. ജോസഫ് ഇങ്ങാപ്പുഴ, പ്രൊഫസർ ജോയി മൈക്കിൾ തൊടുപുഴ തുടങ്ങിയവർ പ്രസംഗിച്ചു.

'കാത്തലിക് ലേമെൻസ് അസ്സോസിയേഷ'നുവേണ്ടി,

**എം. എൽ. ജോർജ് മാളിയേക്കൽ**
(ജന. സെക്രട്ടറി, C.L.A)

# ബി.ജെ.പി.യെ അധികാരത്തിലെത്തിച്ചത് ക്രിസ്ത്യാനിയും മുസ്ലീമും!

**ബി.**ജെ.പി.യെ അധികാരത്തിൽ എത്തിക്കാൻ സഹായിച്ചത്, ചിതറിക്കിടന്ന ഹൈന്ദവരുടെ വോട്ട്. ഇത്, ഏകീകരിച്ചത്, ഇന്ത്യയിലെ ന്യൂനപക്ഷങ്ങളായ ക്രിസ്ത്യനും മുസ്ലീമും ആണ്.

ഈ ന്യൂനപക്ഷങ്ങൾ നമ്മുടെ മതമാണ് ലോകത്തിലെ ഏറ്റവും ശ്രേഷ്ഠമതമെന്ന് സ്വയം അഹങ്കരിച്ചപ്പോൾ, ഇന്ത്യയെപ്പോലെ ഒരു മതേതരരാജ്യത്തുനിന്ന് നമ്മുടെ ദൈവം മാത്രമാണ് ഏറ്റവും വലിയവൻ എന്നഹങ്കരിച്ച് ഈ രണ്ടുകൂട്ടരും വിളിച്ചു പറഞ്ഞുകൊണ്ടിരുന്നപ്പോൾ, നമ്മുടെ ദൈവമല്ലാതെ ലോകത്ത് മറ്റൊരു ദൈവവുമില്ല എന്ന് ഈ മതേതരരാജ്യത്തുനിന്ന് പ്രസംഗിച്ചപ്പോൾ, നമ്മുടെ മതത്തിലേക്ക് ആളെ കൂട്ടാൻ, മറ്റു മതങ്ങളെ സ്റ്റേജ് കെട്ടി സംവാദം നടത്തി ആക്ഷേപിച്ചപ്പോൾ, നമ്മുടെ മതഗ്രന്ഥത്തെ മഹത്വവൽക്കരിക്കാൻ മറ്റ് മതഗ്രന്ഥങ്ങളിൽ കലർപ്പുണ്ടെന്നും യഥാർത്ഥ മതഗ്രന്ഥം നമ്മുടേതാണെന്നും ആയിരങ്ങളെ വിളിച്ചുവരുത്തി സ്റ്റേജ് കെട്ടി പരസ്യമായി വിളിച്ചുപറഞ്ഞ് മതസ്വാതന്ത്ര്യം ദുരുപയോഗം ചെയ്തപ്പോൾ, സഹോദര മതനേതാക്കളെ സ്റ്റേജിൽ വിളിച്ചുവരുത്തി വാദപ്രതിവാദം നടത്തി ആക്ഷേപിച്ച് അനുയായികളുടെ കൈയടി വാങ്ങിയപ്പോൾ നമ്മളോർത്തില്ല, ഇതിനൊക്കെ സ്വാതന്ത്ര്യം തന്ന ഒരു മഹത്തായ രാജ്യത്തെ, നിഷ്പക്ഷരായ ഭൂരിപക്ഷ സമുദായത്തെ നാം വേദനിപ്പിക്കുകയായിരുന്നു എന്ന്; അവർ നമ്മളോട് സ്റ്റേജിൽ ഏറ്റുമുട്ടുന്നതിനുപകരം, സ്വയം അവരുടെ ശക്തി തിരിച്ചറിയുകയായിരുന്നു എന്ന്; ഒന്നിച്ചുനിന്ന് നമുക്കെതിരെ തിരിയാൻ നമ്മളവരെ പഠിപ്പിക്കുകയായിരുന്നു എന്ന്..!

നമ്മുടെ ജാറങ്ങളും ആണ്ടുനേർച്ചകളും പള്ളികളും പെരുന്നാളുകളും സ്വന്തമായി കരുതി ആഘോഷിക്കുകയും കാണിക്കയിടുകയും ചെയ്തുപോന്ന ഭൂരിപക്ഷസമുദായത്തിന് മതത്തിന്റെ കണ്ണടവെച്ചു നമ്മളെ നോക്കിക്കാണാൻ നമ്മളാണ് അവരെ പഠിപ്പിച്ചത്; നമ്മൾതന്നെയാണ് പഠിപ്പിച്ചത്.

ഒരു ജനാധിപത്യരാജ്യത്ത് ഭൂരിപക്ഷമാണ്ഭരിക്കുകയെന്നും, മതത്തിന്റെപേരിൽ രാജ്യത്ത് വേർതിരിവുണ്ടാക്കിയാൽ ഭൂരിപക്ഷമതമായിരിക്കും അധികാരത്തിൽ വരുകയെന്നും, പൗരോഹിത്യ അഹങ്കാരത്തിൽ കേവലം ന്യൂനപക്ഷമായ നമ്മളോർത്തില്ല; സ്റ്റേജിൽ മറ്റ് മതഗ്രന്ഥങ്ങളുടെ പേജ് നമ്പർ കാണാപാഠം പഠിച്ച് കുറവുകൾ ഒന്നൊന്നായി എണ്ണി കൈയടി വാങ്ങിയപ്പോൾ..., ആ ആവേശത്തിമർപ്പിൽ മതേതരത്വം എന്താണെന്ന് നമ്മളോർത്തില്ല. ഒടുവിൽ എല്ലാം കൈവിട്ടു പോയി എന്നുറപ്പായപ്പോൾ ഇതാ ആകാശത്തേക്ക് കൈയുയർത്തുന്നു....!

*(കടപ്പാട്: ഒരു വാട്ട്സാപ്പ് പോസ്റ്റ്)*

# മോഡിയുടെ രണ്ടാംവരവിനു കാരണക്കാർ ക്രിസ്ത്യാനികൾ!

**വി**ശ്വസിക്കാൻ പറ്റുന്നില്ല; അല്ലേ? എന്നാൽ അതാണ് സത്യം. സംഭവിച്ചത് ഇങ്ങനെയാണ്:

കേരളത്തിലെ ക്രിസ്ത്യാനികളെല്ലാം കുറെ നാളായി വ്രതം എടുത്തുള്ള പ്രാർത്ഥനയിൽ ആയിരുന്നു. എന്തിനാണെന്ന് അറിയാമോ? മോഡി വീണ്ടും വരാതിരിക്കാൻ!

കാരണം ലളിതം. കഴിഞ്ഞ അഞ്ചു വർഷമായി വിദേശത്തുനിന്ന് നയാപൈസ പോലും വരുന്നില്ല. വിദേശപ്പണം വരാനും അത് സ്വീകരിക്കാനുമുള്ള വഴികളെല്ലാം അടയുന്നു. മതപരിവർത്തനജോലികൾ ഇന്ത്യ ഒട്ടാകെ മുടങ്ങിക്കിടക്കുന്നു. സഭകൾ കനത്ത സാമ്പത്തികപ്രതിസന്ധിയിൽ! പണത്തിനു വേണ്ടി സഭാ സ്വത്തുക്കൾ പലതും വിൽക്കേണ്ടിവന്നു. എറണാകുളത്തെ വസ്തുവില്പന കോടതി കയറി. ഇതിന്റെപേരിൽ സഭതന്നെ പിളർപ്പിന്റെ വക്കിലെത്തി നിൽക്കുന്നു. എല്ലാ സഭാസ്ഥാപനങ്ങളും കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ. പല പള്ളികളുടെ പണിയും മോടിപിടിപ്പിക്കലും അവതാളത്തിൽ!

എല്ലാത്തിനും കാരണം ആ നശിച്ച മോഡിയാണ്. അയാളെ എങ്ങനെയും താഴെയിറക്കി നമ്മുടെ സ്വന്തം ആളായ രാഹുലിനെ ആ സ്ഥാനത്ത് എത്തിച്ചേപറ്റൂ. അതിനായി എന്തൊക്കെ ചെയ്യാമോ അതൊക്ക ചെയ്യണം – സഭ തീരുമാനിച്ചു. കുഞ്ഞാടുകൾക്ക് നിർദേശം നൽകി. ജനാധിപത്യപരമായി ചെയ്യാൻ സാധിക്കുന്നത് കേരളത്തിൽ UDF-ന് വോട്ട് ചെയ്യുക എന്നതാണ്. പക്ഷേ അതുകൊണ്ടു മാത്രം ആയില്ലല്ലോ. വടക്കേ ഇന്ത്യയിൽ മോഡിയെ ഒരു ചുക്കും ചെയ്യാൻ നമുക്ക് സാധിക്കില്ല. അതിനു ദൈവത്തിന്റെ സഹായം തേടാൻ തീരുമാനിച്ചു. അങ്ങനെയാണ് വ്രതമെടുത്ത് ശക്തമായി പ്രാർഥിക്കണം എന്ന നിർദേശം കുഞ്ഞാടുകൾക്ക് നൽകിയത്. അവർ ഒറ്റയ്ക്കും കൂട്ടായും ശക്തമായി പ്രാർത്ഥിച്ചു.

പ്രാർത്ഥനകൾ ശക്തമായിത്തന്നെ ദൈവത്തിന്റെ അടുക്കലെത്തുകയുംചെയ്തു. പക്ഷേ, സ്വർഗ്ഗസ്ഥനായ പരിശുദ്ധ പിതാവ് ഭൂമിയിലേക്കു നോക്കിയപ്പോൾ കണ്ടത് ഇപ്രകാരമാണ്:

ആഡംബര കാറുകളിൽ സദാ കറങ്ങി

നടക്കുന്ന സഭാനേതൃത്വം; ഭക്തിയെയും വിശ്വാസത്തെയും ഒരു മാർക്കറ്റിങ് തന്ത്രമാക്കി, തന്റെ പ്രിയപുത്രനെപ്പോലും ഒരു കമ്പനി ഉൽപ്പന്നംപോലെയാക്കിക്കൊണ്ട് സഭകളെ വ്യവസായ സ്ഥാപനങ്ങളുടെ ഒരു ശൃംഖലയാക്കിയിരിക്കുന്നു; സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പാവപ്പെട്ട സഭാമക്കൾക്കു ഒരു ചെറിയ ഫീസിളവുപോലും നൽകുന്നില്ല; സഭയുടെ ആശുപത്രിയിൽ ഒരു പാവപ്പെട്ടവനുപോലും ചികിത്സാസഹായം ഇല്ല; ഒരു പാവപ്പെട്ടവനുപോലും ഒരു വീട് നൽകുന്നില്ല. നാളത്തെ ജീവിതം എങ്ങനെ മുന്നോട്ടുകൊണ്ടുപോകും എന്നറിയാതെ പകച്ചുനിൽക്കുന്ന പാവങ്ങളായ വലിയൊരു വിഭാഗം സഭാമക്കൾ...

അപ്പോഴാണ് ഒരുപറ്റം മഹാപുരോഹിതർ ആഡംബരത്തിലും മദ്യത്തിലും മുഴുകി അധാർമ്മിക ജീവിതം നയിക്കുന്നത്! കർത്താവിന്റെ മണവാട്ടിയെ ബലാത്സംഗം ചെയ്യുന്ന ബിഷപ്പ്; അതിന് ഒത്താശ ചെയ്തു കൊടുക്കുന്ന മറ്റു മണവാട്ടികൾ!


ബ്രഹ്മചര്യം പാലിച്ച് ആത്മീയ ജീവിതം നയിക്കേണ്ട വൈദികർ കൊച്ചുകുട്ടികളെപ്പോലും കാമവൈകൃതങ്ങൾക്ക് ഇരയാക്കുന്നു; യഥാർത്ഥ ഭക്തിയും വിശ്വാസവുമുള്ളവർ എല്ലായിടത്തും അവഗണിക്കപ്പെടുന്നു.. ആകപ്പാടെ കുഴപ്പങ്ങൾ മാത്രം!

ദൈവം ഒന്നിരുത്തി ചിന്തിച്ചു. ഏതായാലും എന്നെ ഇവർക്ക് ഒട്ടും ഭയമില്ല, എന്നിൽ പൂർണ്ണ വിശ്വാസവും സമർപ്പണവും ഇല്ല. ഇപ്പോൾ മോഡിയെ പേടിച്ചിട്ടെങ്കിലും ഇവർ എന്നെ വിളിക്കുന്നുണ്ട്. നാളെ മോഡി മാറിയാൽ ഇവർ പഴയതിന്റെ അപ്പുറമാകും. അതുകൊണ്ട് മോഡി തുടരുന്നത് എന്തുകൊണ്ടും ഇന്ത്യയിലെ ക്രിസ്ത്യാനികൾക്ക് ഗുണമേചെയ്യൂ. അവസാനം ദൈവം തീരുമാനത്തിൽ എത്തി.

“മോഡി വീണ്ടും അധികാരത്തിൽ എത്തട്ടെ” - ദൈവം കല്പിച്ചു. ആ കല്പന നടപ്പായി!

*(ഒരു വാട്ട്സാപ്പ് പോസ്റ്റ്)*

# പ്രതിരോധത്തിന്റെ ആത്മീയത



റവ. ഡോ. വത്സൻ തമ്പു

*[കഴിഞ്ഞ ലക്കത്തിൽനിന്നുള്ള തുടർച്ച : സ്വന്തം തർജ്ജമ - എഡിറ്റർ]*

## പ്രതിരോധം : ഒരു ആദ്ധ്യാത്മികപരിപ്രേക്ഷ്യം

**വാ**ക്കുകൾ സാഹചര്യങ്ങളാൽ നിറം ചാർത്തപ്പെടുന്നവയാണ്. ‘പ്രതിരോധം’ എന്ന വാക്കും ഇപ്രകാരം മഞ്ഞുമൂടിക്കിടക്കുന്ന ചരിത്രവുമായി ബന്ധപ്പെട്ട് നിറം ചാർത്തിയാണ് സമൂഹഭാവനയിൽ ഇന്നു നിലനിൽക്കുന്നത്. അതിലേറെയും മാർക്സിയൻ വിശകലനവുമായി ബന്ധപ്പെട്ട വീക്ഷണത്തിന്റെ വർണ്ണക്കണ്ണടയിലൂടെയുള്ളവയാണുതാനും. ഈ വസ്തുത, നമ്മുടെ ജീവിതവും വിശ്വാസവുമായി ബന്ധപ്പെട്ടുള്ള ഒരു അടിസ്ഥാനവിഷയത്തിലേക്ക്, കൃത്യമായിപ്പറഞ്ഞാൽ എന്തുകൊണ്ടാണ് ക്രൈസ്തവലോകം യേശുവിനനുസൃതമായി ചിന്തിക്കുന്ന ഒരു സംസ്കാരം ഉരുത്തിരിച്ചെടുക്കുന്നതിൽ പരാജയപ്പെട്ടുവെന്ന ചോദ്യത്തിലേക്ക്, വിരൽചൂണ്ടുന്നു. യേശുവിന്റെ സുവിശേഷപ്രകാരം അതിനാണല്ലോ മൗലികപ്രാധാന്യമുള്ളത്.

ദൈവരാജ്യം എന്ന ആശയം പ്രതിപാദിക്കുമ്പോൾ അധികാരത്തിന്റെ സ്ഥാനം എവിടെ എന്ന കേന്ദ്രപ്രശ്നമായിരുന്നു യേശു മുന്നോട്ടുവച്ചത്. അതുവരെ മതത്തിന്റെ അധികാരസ്ഥാനം, മഹാപുരോഹിതൻ എന്ന പദവിയിലുള്ള വ്യക്തിയിലും ആ വ്യക്തി അധ്യക്ഷനായുള്ള സെൻഹെദ്രീൻ സംഘത്തിലുമായിരുന്നു, ഉറപ്പിച്ചിരുന്നത്. ഈ മഹാപുരോഹിതനായിരുന്നു, മതപരമായ കാര്യങ്ങളിൽ എന്താണു ശരിയെന്നും തെറ്റെന്നും അംഗീകാരയോഗ്യമായതെന്തെന്നും നിഷിദ്ധമായതെന്തെന്നും തീരുമാനിക്കാൻ പരമാധികാരമുണ്ടായിരുന്നത്. ഇതിൽനിന്ന് വിപ്ലവകരമായ ഒരു വ്യതിചലനമാണ് യേശു സാധ്യമാക്കിയത്. ദൈവരാജ്യമെന്ന ആശയഭൂമികയ്ക്കുള്ളിൽ, കേന്ദ്രസ്ഥാനത്ത്, ദൈവത്തിന്റെ പരമാധികാരത്തെ അദ്ദേഹം പ്രതിഷ്ഠിച്ചു. അന്നത്തെ മഹാപുരോഹിതനെ ഏറ്റവുമധികം മഥിച്ചതും അതുതന്നെയായിരുന്നു. (ഇന്നത് വർദ്ധിതശക്തി ആർജ്ജിച്ചിരിക്കുന്നു) സഭ ഇന്ന് ദൈവരാജ്യം വഞ്ചനാപരമായി പ്രസംഗിച്ചുകൊണ്ട്, പുറകോട്ടുപോകുകയും കൗശലപൂർവ്വം അധികാരത്തിന്റെ സ്ഥാനം മഹാപുരോഹിതപദവിയിൽ പുനഃപ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുകയാണ്. അതിന്, അപ്പസ്തോലിക പിന്തുടർച്ച എന്ന ആശ

"സഭയുടെ കർത്താവും ഏക അടിത്തറയും യേശുക്രിസ്തു"വാണെന്ന് നാം പറയുകയും പാടുകയും ചെയ്യാറുണ്ട്. നാം പ്രസംഗിക്കുന്നത് ദൈവരാജ്യമാണെന്നു നാം വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ പ്രയോഗത്തിൽ, സഭാജീവിതം എപ്രകാരമായിരിക്കണമെന്നു തീരുമാനിക്കുന്നതും പദ്ധതികൾക്കു രൂപംകൊടുക്കുന്നതും സഭയുടെ അധികാരഘടനയാണ്.

യത്തിന്റെ പിൻബലത്തോടെ ഒരു മഹാപുരോഹിതസംവിധാനം (episcopacy) പുനരാവിഷ്ക്കരിച്ചിരിക്കുന്നു! ഇതാണ്, നാമിന്നു നേരിട്ടുകൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണം. എപ്പിസ്കോപ്പസി എന്ന ഈ ആശയം, അല്ലെങ്കിൽ സ്ഥാപനം, തീർച്ചയായും കാലത്തിലൂടെ അധഃപതിക്കുകതന്നെ ചെയ്യും; അതാണിപ്പോൾ സംഭവിച്ചുകാണുന്നതും.

ഈ മഹാപുരോഹിത അധികാരസംവിധാനം, യഹൂദരുടെ ശ്രേണീബദ്ധമായിരുന്ന അധികാരഘടന (hierarchy) പോലെ തന്നെ നമ്മുടെ തലയ്ക്കുമേൽ പ്രതിഷ്ഠിതമായിരിക്കുന്നു. യേശു ഇതിനെയാണ്, വിമോചനത്തിനും മതപരമായ അടിച്ചമർത്തലിൽനിന്നുള്ള വിടുതലിനും ഏറ്റം അടിസ്ഥാനപരമായ കാര്യം എന്ന നിലയിൽ അപലപിച്ചത് (കാണുക മത്താ. 23). ദൈവതിരുമനസ്സിന്റെ അധികാരത്തിൽ ദൈവരാജ്യമായി ജന്മമെടുത്ത് രൂപപ്പെടേണ്ടിയിരുന്ന സഭ, ഒരു വിരോധാഭാസമെന്നപോലെ ദൈവരാജ്യം പ്രസംഗിക്കുമ്പോൾപ്പോലും, ചിന്താവിഹീനമായ രീതിയിൽ ദൈവരാജ്യത്തിന് തടസ്സം നില്ക്കുകയാണ്.

യേശുക്രിസ്തുവിനോടുള്ള വിശ്വസ്തതയിൽനിന്നുകൊണ്ട് പ്രതിരോധത്തിന്റെ ആത്മീയതയെ മനസ്സിലാക്കുമ്പോൾ, അദ്ദേഹം ആദ്ധ്യാത്മികവീക്ഷണത്തിൽ സാധ്യമാക്കിയ ആ വീക്ഷണവ്യതിയാന (paradigm shift)ത്തോട് ഒരു കടമയെന്നപോലെ ചേർന്നുനിന്നാൽ ഉറവുപൊട്ടുന്ന ഒന്നാണതെന്നുകാണാം. അതുയർന്നുവരുന്നത്, യേശു എതിർത്തവയെ നാമും എതിർക്കേണ്ടതുണ്ട് എന്ന മനസ്സിലാക്കലിൽനിന്നാണ്. എന്നാൽ, യേശുവിന്റേതുപോലുള്ള പ്രതിരോധത്തിൽ, സ്വയംവിശുദ്ധീകരണവും രൂപാന്തരീകരണവുംകൂടി ഉൾപ്പെടുന്നുണ്ട് എന്നു നാം ഓർക്കണം. ഇത് യേശുവിന്റെ മാർഗ്ഗത്തോട് വിശ്വസ്തത പുലർത്താനും, യേശുവിന്റെ ശിഷ്യത്വത്തിൽനിന്നും ദൈവത്തോടുള്ള ബാധ്യതയിൽനിന്നും നമ്മെ പിന്തിരിപ്പിക്കാൻ യാതൊന്നിനെയും അനുവദിക്കാതിരിക്കാനുമുള്ള നമ്മുടെ കടമയ്ക്ക് അടിവരയിടുന്നു.

"സഭയുടെ കർത്താവും ഏക അടിത്തറയും യേശുക്രിസ്തു"വാണെന്ന് നാം പറയുകയും പാടുകയും ചെയ്യാറുണ്ട്. നാം പ്രസംഗിക്കുന്നത് ദൈവരാജ്യമാണെന്നു നാം വിശ്വസിക്കുകയും ചെയ്യുന്നു. എന്നാൽ പ്രയോഗത്തിൽ, സഭാജീവിതം എപ്രകാരമായിരിക്കണമെന്നു തീരുമാനിക്കുന്നതും പദ്ധതികൾക്കു രൂപംകൊടുക്കുന്നതും സഭയുടെ അധികാരഘടനയാണ്. മിക്ക മെത്രാന്മാരും ഇന്നു ചിന്തിക്കുന്നത്, തങ്ങളുടെ കീഴിലുള്ള സഭ വ്യക്തിപരമായി തങ്ങൾക്കവകാശപ്പെട്ട ജന്മിഭൂമിയാണെന്നാണ്. തൽഫലമായി, ജനങ്ങളോട് ഉത്തരം പറയാനുള്ള ബാധ്യത (accountability)പുലർത്തുക എന്ന ആശയത്തോടു നീരസം ഭാവിക്കുകയും തങ്ങളുടെ അധികാരത്തിന് അതൊരു ശാപമെന്നമട്ടിൽ അവർ അതിനു ഭ്രഷ്ട് കല്പിക്കുകയും ചെയ്യുന്നു. ഈ അവസ്ഥാവിശേഷവുമായി നമ്മൾ പൊരുത്തപ്പെട്ടതിന്റെ ഫലമായി, സഭാജീവിതത്തിൽ യേശുക്രിസ്തുവിന്റെ അധികാരത്തെക്കുറിച്ചുള്ള അവബോധം നമ്മിൽ തീർത്തും വിരളമായിരിക്കുകയാണ്.

അനുഷ്ഠാനങ്ങളും മതപരമായ ചടങ്ങുകളും തൃപ്തിപ്പെടുത്തലിന്റേതായ ഒരു ഭൂമികയിലാണ് നടക്കുന്നത്. അല്ലാതെ, സമൂലപരിവർത്തനത്തിനുവേണ്ടി ദൈവത്തിന് സമ്പൂർണ്ണമായി സമർപ്പിക്കുന്ന ഒരു മനോഭാവത്തിലല്ല. ഇതിനെ സീസറിനു നികുതി കൊടുക്കുന്നതിനോടാണ് ഉപമിക്കാവുന്നത്. അത്തരം നികുതി അടയ്ക്കുന്നത്, നമ്മളെ നമ്മുടെ സ്വകാര്യലക്ഷ്യങ്ങളിൽ വ്യാപൃതരാകാൻ സ്വാതന്ത്ര്യം നൽകി സീസർ വിട്ടുപോകുന്നതിനാണ്. നൂറ്റാണ്ടുകളായി, നമ്മുടെ രക്ഷകനായ യേശുവിന്റെ അധികാരവും ബിഷപ്പിന്റെ അധികാരവും പരസ്പരം ഒത്തുപോകാനാവാത്ത ഒരു സാഹചര്യത്തിൽ സഭ എത്തിയിരിക്കുകയാണ്. എവിടെയെങ്കിലും എപ്പോഴെങ്കിലും ഒരു ബിഷപ്പിന്റെ സാന്നിദ്ധ്യമുണ്ടായാൽ, മുഴുവൻ ശ്രദ്ധയും അദ്ദേഹത്തെ കേന്ദ്രീകരിച്ചുള്ളതാകുന്നു. ഈ പ്രാമുഖ്യം അവരുടെ നിയമാനുസൃത അവകാശമായി, ഒരു വർഗ്ഗമെന്ന നിലയിൽ മെത്രാന്മാർ എടുക്കുകയുംചെയ്യുന്നു. ആദ്ധ്യാത്മികശിക്ഷണത്തിന്റെ ഉൾക്കാമ്പിൽനിന്നുള്ള ഈ വ്യതിചലനത്തെ പ്രതിരോധിക്കാൻ ക്രൈസ്തവരെന്ന നിലയിൽ നാം ബാധ്യസ്ഥരാണ്. പൗലോസ് ഇങ്ങനെ പറയുന്നു: "നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണ് പടവെട്ടുന്നത്" (എഫേ. 6:12). ഇതേ അദ്ധ്യായത്തിൽ ഈ വാക്യത്തോടുതുടർന്നു വരുന്ന 11 വാക്യങ്ങൾ നമ്മുടെ ഇന്നത്തെ കഷ്ടാവസ്ഥയെ ശരിയായി മനസ്സിലാക്കാൻ തീർച്ചയായും ഏറെ സഹായകമാണ്. ആദ്ധ്യാത്മികയുദ്ധം, അഥവാ പ്രതിരോധത്തിന്റെ ആത്മീയത, നമ്മുടെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനമാണെന്ന് ഈ ഭാഗം എടുത്തുകാട്ടുന്നു. ആദ്ധ്യാത്മികയുദ്ധത്തിന് 'ദൈവത്തിന്റെ എല്ലാ ആയുധങ്ങളുമാണ് നാം ധരിക്കേണ്ടത്' എന്ന അതിലെ ഉൾക്കാഴ്ചയിലേക്ക് നാം കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. അതിന്റെ വെളിച്ചത്തിൽ നോക്കുമ്പോൾ, ഈ ആദ്ധ്യാത്മികസംസ്കൃതിയിലേക്കു സ്വയം ബോധവൽക്കരിക്കുകയെന്നാൽ പ്രായോഗികമായി അതിനർത്ഥം, സഭയുടെ ക്രിസ്തുകേന്ദ്രീകൃതമായ നവീകരണവും രൂപാന്തരണവും എന്നുതന്നെയാണ്. സഭാജീവിതത്തിന്റെ വിവിധമേഖലകളിൽ ഇന്നു വ്യാപകമായിക്കൊണ്ടിരിക്കുന്ന മൂല്യച്യുതി, അത്തരത്തിലുള്ള ഒരു നവീകരണത്തിലേക്ക് വിരൽചൂണ്ടുന്ന രോഗലക്ഷണങ്ങളാണ്.

സഭയെ സംബന്ധിച്ച് ഇന്നിന്റെ അടിയന്തിര ആവശ്യമെന്തെന്നാൽ, ദൂരദേശത്തുനിന്ന് തന്റെ പിതാവിന്റെ പക്കലേക്കു പിന്തിരിഞ്ഞെത്തിയ ധൂർത്തപുത്രനെപ്പോലെ, സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിന്റെ പക്കലേക്കു തിരിച്ചുവരുക എന്നതാണ്. 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന നാം യാന്ത്രികമായി ആവർത്തിച്ചു ചൊല്ലാറുണ്ട്; അതിലെ പ്രായോഗിക അനുശാസനങ്ങളെ അശ്ശേഷം പരിഗണിക്കാതെയാണെന്നുമാത്രം. ഇത് നമ്മിലെ കാപട്യത്തിന്റെ സത്തയാണ്. വാസ്തവത്തിൽ, ലോകത്തിന്റേതായ ചില ലാഭങ്ങൾക്കുവേണ്ടി നാമെല്ലാം കപടനാട്യക്കാരായിത്തീർന്നിരിക്കുന്നു. യഥാർത്ഥത്തിൽ വിശുദ്ധകുർബാന (Eucharist) യുടെ

# മത-കോർപ്പറേറ്റ് -ഭരണകൂട കളിയോ വ്യാജരേഖ കേസ്?

*[മെയ് 25-ന് 'അഴിമുഖം' ഓൺലൈൻ പത്രത്തിൽ വന്ന വാർത്താവിശകലനം]*

**സീ**റോ-മലബാർസഭാ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിക്കെതിരേ വ്യാജരേഖ ചമച്ചു എന്ന കേസ് ഒരു മത-കോർപ്പറേറ്റ്-ഭരണകൂടസംഘത്തിന്റെ തന്ത്രമോ? ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളെക്കുറിച്ച് അന്വേഷിക്കുമ്പോൾ വൈദികരും വിശ്വാസികളും വിരൽ ചൂണ്ടുന്നത് ഇങ്ങനെയൊരു കൂട്ടുകെട്ടിനു നേരെയാണ്. എന്തുകൊണ്ട് ഇത്തരമൊരു കൂട്ടുകെട്ട് പിറന്നു എന്നതിന് രണ്ടു കാരണങ്ങളാണ് പറയുന്നത്. ഒന്ന്, കർദ്ദിനാൾ ജോർജ് ആലഞ്ചേരി പ്രതിയായ എറണാകുളം -അങ്കമാലി അതിരൂപതയിൽ നടന്ന ഭൂമിക്കച്ചവടം. രണ്ട്, സീറോ-മലബാർ സഭയിലെയും ലത്തീൻ സഭയിലെയും ബിഷപ്പുമാർ ഉൾപ്പെടെയുള്ളവർക്ക് ഒരു രാജ്യാന്തര കോർപ്പറേറ്റ് സ്ഥാപനത്തിൽ ഉണ്ടെന്നു പറയപ്പെടുന്ന നിക്ഷേപങ്ങൾ. ആദ്യത്തെ കേസിൽ പ്രതികളായവർക്ക് രക്ഷപ്പെടണം, രണ്ടാമത്തെ കാര്യത്തിൽ സത്യമുണ്ടെന്നു സ്ഥാപിക്കപ്പെടരുത്. ഇതു രണ്ടിനും വേണ്ടി ഭരണകൂടത്തിന്റെയും കോർപ്പറേറ്റ് ഭീമന്റെയും പിന്തുണയോടുകൂടി മതമേധാവികൾ നടത്തുന്ന നീക്കങ്ങളാണ് വ്യാജരേഖ കേസ് എന്നാണ് അഴിമുഖത്തോട് സംസാരിച്ചവർ പറയുന്നത്.

എറണാകുളം-അങ്കമാലി അതിരൂപതയിൽ നടന്ന ഭൂമിയിടപാടിനെക്കുറിച്ച് സ്വതന്ത്ര ഏജൻസികളെക്കൊണ്ട് അന്വേഷിപ്പിച്ച് തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ വത്തിക്കാൻ നടപടി ഉണ്ടാകാനിരിക്കുന്ന സാഹചര്യത്തിലാണ് വ്യാജരേഖ കേസ് ഉയർന്നുവന്നതെന്നതാണ് ആദ്യത്തെ കാരണത്തിന് അടിസ്ഥാനമാകുന്നത്. രഹസ്യസ്വഭാവമുള്ള പ്രസ്തുത റിപ്പോർട്ട് കർദ്ദിനാൾ ആലഞ്ചേരിക്ക് എതിരായതാണെന്നാണ് സൂചന. ആയതിനാൽ അന്യായം നടന്നിട്ടുണ്ടെന്നു വന്നാൽ അതിനുള്ള നടപടി കർദ്ദിനാൾ ഉൾപ്പെടെയുള്ളവർക്കെതിരേ മാർപാപ്പ സ്വീകരിക്കും. അതുണ്ടാക്കുന്ന ആഘാതം ചെറുതല്ല.



ഇതു മുന്നിൽക്കണ്ടാണ് കർദ്ദിനാളിനെതിരേ വ്യാജരേഖ ചമച്ചുവെന്നപേരിൽ കേസ് ഉണ്ടാകുന്നതും അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്ററും വൈദികരുമടക്കം പ്രതികളാകുന്നതുമെന്നാണ് ആക്ഷേപം.

**ഭൂമിയിടപാടിൽ നടന്ന കള്ളത്തരങ്ങൾ വെളിച്ചത്തുകൊണ്ടുവരാൻ ശ്രമിച്ച ഓരോരുത്തരെയും കുടുക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്നു വ്യക്തമാണ്. ഫാ. ടോണിയെയും ഫാ. തേലക്കാട്ടിനെയുമൊക്കെ പ്രതികളാക്കുന്നത് അതിന്റെ ഭാഗമായിട്ടാണ്. ആരൊക്കെയാണോ ഭൂമിയിടപാടിൽ തങ്ങൾക്കെതിരേ നിലകൊണ്ടത്, അവരെയെല്ലാം കുറ്റാരോപിതരാക്കിമാറ്റിയാൽ, വ്യാജരേഖപോലെതന്നെ, ഭൂമിയിടപാടിലെ പരാതികളും വ്യാജമാണെന്നും കർദ്ദിനാളിനെ മനഃപൂർവം അപമാനിക്കാൻവേണ്ടി ചെയ്തതാണെന്നും വരുത്തിത്തീർക്കാൻ സാധിക്കുമെന്നാണ് പ്രതിഭാഗം കരുതുന്നത്.**

നിലവിൽ വ്യാജരേഖ കേസിൽ പ്രതികളാക്കിയിരിക്കുന്നവർ ഫാ. പോൾ തേലക്കാട്ട് (ഒന്നാം പ്രതി), അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത് (രണ്ടാം പ്രതി), ഐ.ഐ.ടി. ഗവേഷകവിദ്യാർത്ഥിയും സഭാംഗവുമായ ആദിത്യ (മൂന്നാം പ്രതി), ഫാ. ടോണി കല്ലൂക്കാരൻ (നാലാം പ്രതി) എന്നിവരാണ്. പ്രതികളുടെ ലിസ്റ്റ് ഇനിയും കൂടാമെന്നും, അതിൽ കൂടുതൽ വൈദികരും മെത്രാന്മാരും ഉണ്ടാകുമെന്നും പറഞ്ഞുകേൾക്കുന്നുണ്ട്. നിലവിലെ പ്രതികളിൽ ആദിത്യയെ മാറ്റിനിർത്തിയാൽ ബാക്കി മൂന്നു

---

ആഘോഷമെന്നാൽ, 'യേശുക്രിസ്തുവിന്റെ ഓർമ്മയ്ക്കായി' നമ്മാലാകുന്നതെല്ലാം ചെയ്യുമെന്ന് ഉറപ്പാക്കലാണ്. എന്നാൽ, സഭാഭരണസംവിധാനംവഴി നാം യേശുവിനെത്തന്നെ ഒഴിവാക്കിയിരിക്കുന്നു!

ഈ സാഹചര്യത്തെ നാം നേരിടേണ്ടിയിരിക്കുന്നു. തക്ക പരിഹാരനടപടികൾ ഉരുത്തിരിച്ചെടുക്കേണ്ടിയിരിക്കുന്നു. ലവുദിക്യയിലെ സഭയുടെ വിഷമസ്ഥിതി (വെളി. 3:1-20)യോട് സമാനമാണ് നമ്മുടെ സഭയുടെ ഇന്നത്തെ ദുരവസ്ഥ. അതുകൊണ്ടുതന്നെ എരിവേറിയ ആ വെളിപാടുവാക്യങ്ങൾ നമ്മേ സംബന്ധിച്ചും പ്രസക്തമായിരിക്കുന്നു.

ഫോൺ: 0471-2371010/8848339230

പേരും–രണ്ട് വൈദികരും ഒരു ബിഷപ്പും– ഭൂമിയിടപാട് വിഷയത്തിൽ ബന്ധപ്പെട്ടവരാണ്.

ഫാ. തേലക്കാട്ടിന് യോഗ്യതകളും വിശേഷണങ്ങളും ഏറെയുണ്ട്. അങ്ങനെയുള്ളൊരു വൈദികനെയാണ് സഭതന്നെ നൽകിയ കേസിലൂടെ ഒരു ക്രിമിനൽ പ്രതിയാക്കിയത്. എന്തുകൊണ്ട്? മനഃപൂർവമല്ലാത്തൊരു വീഴ്ചയായി അതിനെ കാണരുത്. കാരണം, ഒരു സമയത്ത് അങ്ങനെയൊരു ന്യായം കർദ്ദിനാളും സഭാനേതൃത്വവും പറഞ്ഞിരുന്നു – തേലക്കാട്ടച്ചന്റെ പേര് എഫ് ഐ ആർ–ൽ വന്നത് ഒരു പിഴവാണെന്നും അതു തിരുത്തുമെന്നും. എന്നാലത് ഉണ്ടായില്ല. പുരോഹിതവിഭാഗത്തിന്റെ വാക്കുകൾ കടമെടുത്താൽ, തേലക്കാട്ടച്ചനെ മനഃപൂർവംതന്നെ ടാർഗറ്റ് ചെയ്തിരിക്കുകയാണ്. എന്തുകൊണ്ട്? ആദരണീയനായ പുരോഹിതനാണെങ്കിലും ഫാ. പോൾ തേലക്കാട്ട് സഭാനേതൃത്വത്തിലെ ഒരു വിഭാഗത്തിന് അപ്രിയനാണ്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച് ഫാ. റോബിൻ വടക്കഞ്ചേരി, ഗർഭിണിയാക്കിയ സംഭവം, ജലന്ധർ രൂപതാ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ പ്രതിയായ കന്യാസ്ത്രീപീഡനം തുടങ്ങി സഭയ്ക്ക് നാണക്കേടുണ്ടാക്കിയ സംഭവങ്ങളിലെല്ലാം നിക്ഷിപ്തതാത്പര്യക്കാരെ അവഗണിച്ച് ഫാ. തേലക്കാട്ട് സ്വയം വിമർശനാത്മകമായ നിലപാടുകൾ പരസ്യമായിത്തന്നെ പറഞ്ഞിരുന്നു. ഇത് അദ്ദേഹത്തോടുള്ള എതിർപ്പിന് ആക്കം കൂട്ടി. ചാനലുകൾതോറും കയറിയിറങ്ങി വേണ്ടാതീനം പറയുകയാണെന്നു പറഞ്ഞ് തേലക്കാട്ടച്ചനെ സഭാമേധാവികൾ പരസ്യമായും രഹസ്യമായും അധിക്ഷേപിച്ചു. ഇത്തരത്തിലൊരു വിയോജിപ്പിച്ച് തേലക്കാട്ടച്ചനെതിരേ നിലനിൽക്കുമ്പോൾത്തന്നെയാണ് ഭൂമിയിടപാടിലെ കള്ളത്തരങ്ങൾ പുറത്തുകൊണ്ടുവരാൻ ശ്രമിച്ചവരുടെകൂടെയും അദ്ദേഹം നിലകൊണ്ടത്. നിലവിൽ തേലക്കാട്ടച്ചനോട് വിരോധം പുലർത്തിയിരുന്നവർതന്നെയാണ് ഭൂമിയിടപാടിലും കുറ്റാരോപിതർ.



**തിരഞ്ഞെടുപ്പിൽ പ്രത്യുപകാരം ഉണ്ടാകുമെന്ന വിശ്വാസത്തിൽ സഭയുമായി ബന്ധപ്പെട്ടുണ്ടായ പല വിവാദങ്ങളിലും സർക്കാർ വിട്ടുവീഴ്ചയ്ക്ക് തയ്യാറായിട്ടുണ്ടെന്നാണ് ഇവർ പറയുന്നത്. എന്നാൽ ഇടതുപക്ഷത്തിനുണ്ടായ കനത്ത തോൽവി വ്യക്തമാക്കുന്നത്, സഭാതലവനോ മെത്രാന്മാരോ ഇടവക വികാരികളോ പറയുന്നിടത്ത് വിശ്വാസികൾ വോട്ട് കുത്തുന്ന കാലം കഴിഞ്ഞെന്നാണ്.**

അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്ററുടെ ഏറ്റവും വലിയ ഉത്തരവാദിത്വമായിരുന്നു ഭൂമിയിടപാട് അന്വേഷണം. കർദ്ദിനാൾപക്ഷത്തിന് വഴങ്ങാതെ നിന്നുകൊണ്ട് ആ ഉത്തരവാദിത്വം അഡ്മിനിസ്ട്രേറ്റർ പൂർത്തിയാക്കിയെന്നാണ് വിവരം. പലതരത്തിൽ ഇടപെടലുകൾക്ക് ശ്രമമുണ്ടായെങ്കിലും, ഒടുവിൽ വത്തിക്കാനിലേക്ക് പോയ റിപ്പോർട്ടിൽ കർദ്ദിനാൾ വിഭാഗത്തിന് ആശ്വസിക്കാൻ വകയൊന്നും ഉണ്ടാകില്ലെന്നത് ഏകദേശം ഉറപ്പായ കാര്യമാണ്. ഈ റിപ്പോർട്ടിന്മേൽ തങ്ങളുടെ ഭാവി തീരുമാനിക്കപ്പെടുമെന്നു മനസ്സിലാക്കിയവർ, രക്ഷപ്പെടാൻ നടത്തുന്ന തന്ത്രങ്ങളിൽ അഡ്മിനിസ്ട്രേറ്റർ വഹിച്ച ചുമതലയിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നു വരുത്തിത്തീർക്കേണ്ടതായുണ്ട്. അത്തരമൊരു നീക്കത്തിലാകാം അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്റർ ജേക്കബ് മനത്തോടത്ത് വ്യാജരേഖ കേസിൽ രണ്ടാം പ്രതിയാക്കപ്പെട്ടത്.

നിലവിൽ മുരിയൂർ സാൻജോ നഗർ ഇടവക വികാരിയായ ഫാ. ടോണി കല്ലൂക്കാരൻ വ്യാജരേഖ കേസിൽ നാലാം പ്രതിയായത് ഐ.ഐ.ടി വിദ്യാർത്ഥി ആദിത്യയുടെ അറസ്റ്റോടെയാണ്. പോലീസ് ഭാഷ്യത്തിൽ പറഞ്ഞാൽ, ഫാ. ടോണി നിർദ്ദേശിച്ചതനുസരിച്ചാണ് ആദിത്യ കർദ്ദിനാളിനെതിരായ വ്യാജരേഖകൾ സൃഷ്ടിച്ചത്. ആദിത്യതന്നെ ഇക്കാര്യം സമ്മതിച്ചിട്ടുണ്ട്! ആദിത്യയുടെ കുടുംബം ഉൾപ്പെടുന്ന കോന്തുരുത്തി ഇടവകയിലെ കൊച്ചച്ചൻ(സഹവികാരി)ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട് ഫാ. ടോണി. അങ്ങനെയാണ് ആദിത്യയ്ക്ക് വൈദികനുമായി ബന്ധം. എന്നാൽ പോലീസ് പറയുന്നതിനപ്പുറം അന്വേഷിച്ചാൽ, ഫാ. ടോണി കല്ലൂക്കാരൻ പ്രതിയാകുന്നതും ഭൂമിടയിടപാടുമായി ബന്ധപ്പെട്ടാണെന്നു മനസ്സിലാക്കാം. ഈ വൈദികൻ കർദിനാളിന്റെ ഓഫീസ് സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആ കാലയളവിലാണ് ഭൂമിയിടപാട് വിവാദം ഉണ്ടാകുന്നത്. ഫാ. ടോണി ഭൂമിവിൽപ്പനയിൽ നടന്ന അന്യായങ്ങൾ പുറത്തുകൊണ്ടുവരാൻ പ്രയത്നിച്ചവരുടെ കൂടെ നിന്നൊരാളാണെന്നാണ് വിവരം.

ഇവരെക്കൂടാതെ ഇനിയും പ്രതികളാക്കപ്പെടുമെന്നു കരുതുന്നവർ ഭൂമിയിടപാട് വിവാദം ഉയർത്തിക്കൊണ്ടുവന്ന പുരോഹിതരാണ്. ചില മെത്രാന്മാരുടെ പേരും പറഞ്ഞു കേൾക്കുന്നുണ്ട്. ദിവസങ്ങൾക്കുമുമ്പ് വൈദികസമിതി മുൻ അംഗമായിരുന്ന ഫാ. ആന്റണി പൂതവേലി നടത്തിയ പരസ്യപ്രസ്താവനയിൽ ഫാ. തേലക്കാട്ടും ചില

യുവപുരോഹിതന്മാരുംചേർന്നാണ് വ്യാജരേഖകൾ ഉണ്ടാക്കിയതെന്നു ആരോപിച്ചിരുന്നു. 10 ലക്ഷത്തോളം രൂപ ഇതിനായി ചെലവാക്കിയെന്നും പറഞ്ഞു. ഫാ. ആന്റണി വിരൽചൂണ്ടുന്ന പുരോഹിതർ ഭൂമിയിടപാടിലെ തെളിവുകൾ ശേഖരിക്കാൻ പ്രയത്നിച്ചവരാണ്. അതിനാലാണ് ഇവരെ വ്യാജരേഖ കേസിൽ കുടുക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതെന്നാണ് പരാതി.

ഭൂമിയിടപാടിൽ നടന്ന കള്ളത്തരങ്ങൾ വെളിച്ചത്തു കൊണ്ടുവരാൻ ശ്രമിച്ച ഓരോരുത്തരെയും കുടുക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നതെന്നു വ്യക്തമാണ്. ഫാ. ടോണിയെയും ഫാ. തേലക്കാട്ടിനെയുമൊക്കെ പ്രതികളാക്കുന്നത് അതിന്റെ ഭാഗമായിട്ടാണ്. ആരൊക്കെയാണോ ഭൂമിയിടപാടിൽ തങ്ങൾക്കെതിരേ നിലകൊണ്ടത്, അവരെയെല്ലാം കുറ്റാരോപിതരാക്കിമാറ്റിയാൽ, വ്യാജരേഖപോലെതന്നെ, ഭൂമിയിടപാടിലെ പരാതികളും വ്യാജമാണെന്നും കർദ്ദിനാളിനെ മനഃപൂർവം അപമാനിക്കാൻവേണ്ടി ചെയ്തതാണെന്നും വരുത്തിത്തീർക്കാൻ സാധിക്കുമെന്നാണ് പ്രതിഭാഗം കരുതുന്നത്. വളരെ രഹസ്യമായാണ് മനത്തോടത്ത് പിതാവ് തനിക്ക് കിട്ടിയ രേഖകൾ ആലഞ്ചേരി പിതാവിനെ കാണിക്കുന്നതും അതേക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെടുന്നതും. എന്നാൽ ഈ രേഖകൾ സമയമെടുത്ത് പുറത്തു വിടുകയാണുണ്ടായത്. എന്തിനു സമയം എടുത്തുവെന്നു ചോദിച്ചാൽ, ആ രേഖകളുമായി ബന്ധപ്പെട്ട തെളിവുകളൊക്കെ ഇല്ലായ്മ ചെയ്യാൻ. വളരെ ആസൂത്രിതമായൊരു തിരക്കഥ ഇതിനുപിന്നിൽ എഴുതിയിട്ടുണ്ട്. അതനുസരിച്ചാണ് കാര്യങ്ങൾ നീങ്ങുന്നത്. അവർക്ക് ഭരണകൂടത്തിൽനിന്നും കോർപ്പറേറ്റ് ഗ്രൂപ്പിൽനിന്നും വേണ്ട പിന്തുണ കിട്ടുന്നുണ്ട്. പോലീസിന്റെ നീക്കങ്ങൾ കാണുമ്പോൾ സ്വാഭാവികമായി തോന്നുന്ന സംശയമാണിത്; അതിരൂപതയിലെ ഒരു മുതിർന്ന വൈദികൻ അഴിമുഖത്തോട് പങ്കുവച്ച കാര്യങ്ങളാണിത്.

ഭൂമിയിടപാടിലെ ആരോപണങ്ങൾ തെറ്റാണെന്നു തെളിയിക്കുന്നതിനൊപ്പം പ്രധാനപ്പെട്ടതാണ് കോർപ്പറേറ്റ് ഗ്രൂപ്പിൽ നിക്ഷേപം ഉണ്ടെന്ന പരാതിയിൽ യാതൊന്നും പുറത്തു വരരുതെന്നുള്ളതെന്നും പുരോഹിതർ ചൂണ്ടിക്കാണിക്കുന്നു. ഇതിനൊപ്പം പുരോഹിതരും വിശ്വാസികളും പങ്കുവയ്ക്കുന്ന ചില കാര്യങ്ങളുണ്ട്. വ്യാജമായി ഉണ്ടാക്കിയെന്നു പറയുന്നത്, കർദിനാൾ മാർ ആലഞ്ചേരിയുടെ പേരിലുള്ളതെന്നു പറയുന്ന ഐ.സി.ഐ.സി.ഐ. ബാങ്കിന്റെ വ്യാജ അക്കൗണ്ട് നമ്പർ 9819745232111-ൽ നിന്ന് ലുലു, മാരിയറ്റ്, കൊച്ചിയുടെ അക്കൗണ്ടിലേക്ക് 2017 ജൂലൈ 9-ാം തീയതി 85000 രൂപയും 2016 ഒക്ടോബർ 12-ാം തീയതി മാരിയറ്റ് കോർട്ട് യാർഡിന്റെ 157801532333 എന്ന അക്കൗണ്ടിലേക്ക് 16 ലക്ഷം രൂപയും 2016 സെപ്റ്റംബർ 21-ാം തീയതി ലുലു കൺവെൻഷന്റെ അക്കൗണ്ട് നമ്പരായ 502000082577752 ലേക്ക് 8,93,400 രൂപയും അനധികൃതമായി പണമിടപാട് നടത്തിയെന്നുള്ള രേഖയാണ്. കർദ്ദിനാളിന്റെ പേരിൽ ഐ.സി.ഐ.സി.ഐ. ബാങ്കിൽ ഇങ്ങനെ ഒരു അക്കൗണ്ട് ഇല്ലെന്നും, പറയപ്പെടുന്ന രേഖകൾ വ്യാജ സ്റ്റേറ്റ്മെന്റുകൾ ആണെന്നും പറഞ്ഞാണ് കേസ് കൊടുത്തത്. അന്വേഷണം നടത്തി പോലീസ് പറയുന്നതും ആ രേഖകൾ വ്യാജം തന്നെയാണെന്നാണ്. എന്നാൽ ആദിത്യ ഫാ. പോൾ തേലക്കാട്ടിന് ഇ-മെയിൽ അയച്ചു കൊടുത്ത, ഫാ. തേലക്കാട്ട് അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്റർക്ക് കൈമാറിയ, അഡ്മിനിസ്ട്രേറ്റർ കർദിനാളിനെ ഏൽപ്പിച്ച രേഖകൾ, ഐ.സി.ഐ.സി.ഐ. ബാങ്കിലെ അക്കൗണ്ട് വിവരങ്ങൾ മാത്രമായിരുന്നില്ല. മൊത്തം 39 പേജുകളിലുള്ള വിവരങ്ങളാണ് ആദിത്യ ഫാ. പോൾ തേലക്കാടിനു കൈമാറിയതെന്നാണ് വിവരം. ഇതിൽ അഞ്ച്, ആറ് പേജുകളിലാണ് ആലഞ്ചേരിക്കെതിരായ പരാമർശങ്ങൾ വരുന്നത്. ബാക്കി പേജുകളിലെ വിവരങ്ങളെക്കുറിച്ച് ആരുമൊന്നും പറയുന്നുമില്ല, അന്വേഷിക്കുന്നുമില്ല. ബാക്കി പേജുകൾ പരിശോധിച്ചാൽ സീറോ-മലബാർ സഭയിലെയും ലത്തീൻ സഭയിലെയും പല പ്രമുഖർക്കും പ്രസ്തുത കോർപ്പറേറ്റ് ഗ്രൂപ്പിൽ നിക്ഷേപമുള്ളതായി മനസ്സിലാകും. ബിഷപ്പുമാരുടെ പേരുകൾ ഔദ്യോഗിക വിശേഷണങ്ങൾ ഒഴിവാക്കിയാണ് പ്രസ്തുത രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഒരു വിദേശരാജ്യത്തെ മെത്രാനായിരുന്ന, ചില അഴിമതിക്കേസുകളൊക്കെയുള്ള ഒരു ബിഷപ്പിന്റെ പേരും പ്രസ്തുത രേഖയിൽ ഉണ്ടെന്നു പറയുന്നു. എന്നാൽ അദ്ദേഹമൊരു ബിഷപ്പ് ആണെന്നു മനസ്സിലാകാത്ത തരത്തിലാണ് പേര് എഴുതിയിരിക്കുന്നത്. ഇത്തരത്തിലാണ് ഓരോ പേരുകളും. എന്നാൽ ഈ പേരുകൾ കണ്ട് സംശയം തോന്നിയാണ് ആദിത്യ അവ കോപ്പി ചെയ്തെടുത്തത്. ഈ കോപ്പികളിൽ ഫൂട്ട് പ്രിന്റുകൾ ഉണ്ടെന്നതു കൊണ്ടുതന്നെ ഇവ വ്യാജമായി സൃഷ്ടിച്ചതല്ലെന്നും ഡൗൺലോഡ് ചെയ്തെടുത്തതാണെന്നും മനസ്സിലാകും. ഈ വിവരങ്ങൾ, തന്റെ ഇടവകയിൽ കൊച്ചച്ചനായിരുന്ന സമയത്ത് ബന്ധം സ്ഥാപിച്ച ഫാ. ടോണി കല്ലൂക്കാരനോട് ആദിത്യ പങ്കുവച്ചു. വൈദികൻ ആദ്യം അവ കാര്യമായി എടുക്കാതിരിക്കുകയും പിന്നീടതിന്റെ ഗൗരവം പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ താൻ കണ്ടെത്തിയത് യഥാർത്ഥ വിവരങ്ങളാണെന്ന് ആദിത്യ ഉറപ്പിച്ചു പറഞ്ഞതിനുശേഷമാണ് പത്രാധിപർ കൂടിയായ ഫാ. തേലക്കാടിനെ ആദിത്യയ്ക്ക് ഫാ. ടോണി ബന്ധപ്പെടുത്തിക്കൊടുക്കുന്നതും അതിനുശേഷം ആദിത്യ രേഖകൾ ഇമെയിൽ വഴി ഫാ. തേലക്കാട്ടിന് അയച്ചു കൊടുക്കുന്നതും.

കസ്റ്റഡിയിൽ വച്ച് ഫാ. ടോണി കല്ലൂക്കാരന്റെ ആവശ്യപ്രകാരമാണ് രേഖകൾ ഉണ്ടാക്കിയതെന്നാണ് ആദിത്യ തങ്ങളോട് പറഞ്ഞത്, എന്നു പോലീസ് പറയുന്നു. ഫാ.ടോണിയെ പ്രതിയാക്കിയത് ഈ മൊഴിയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ചോദ്യംചെയ്യാൻ വിളിപ്പിച്ച സമയത്ത് ഫാ. ടോണി താനും ആദിത്യയുമായി നടത്തിയ ഫോൺ സംഭാഷണത്തിന്റെ റെക്കോർഡ് അന്വേഷണസംഘത്തെ കേൾപ്പിച്ചിരുന്നു. ഈ സംഭാഷണം ശ്രദ്ധിച്ചാൽ, താൻ രേഖ ഉണ്ടാക്കാൻ പറഞ്ഞിട്ടില്ലെന്നും ആദിത്യയ്ക്ക് രേഖകൾ കിട്ടിയ കാര്യം തന്നോട് പങ്കുവയ്ക്കുകയാണുണ്ടായതെന്നും മനസ്സിലാകുമെന്ന് ഫാ. ടോണി

അന്വേഷണസംഘത്തെ ബോധ്യപ്പെടുത്തിയിരുന്നു. തുടർന്നാണ് തന്നെ പോലീസ് ക്രൂരമായി പീഡിപ്പിച്ച് ഫാ. ടോണി കല്ലൂക്കാരനെതിരെ മൊഴി നൽകിപ്പിച്ചതെന്നാണ് ആദിത്യ വെളിപ്പെടുത്തുന്നത്. ഫാ. ടോണി കല്ലൂക്കാരനെ കൂടാതെ വേറെയും പുരോഹിതന്മാരെക്കുറിച്ച് മൊഴി നൽകണമെന്ന സമ്മർദ്ദം ആദിത്യയ്ക്കുമേൽ പോലീസ് നടത്തിയെന്നും പരാതിയുണ്ട്. ഈ പുരോഹിതർ ഭൂമിയിടപാടിലെ അന്യായങ്ങൾ പുറത്തു കൊണ്ടുവരാൻ ശ്രമിച്ചവരാണ്. ഇത്തരത്തിൽ ഭൂമി വിവാദത്തിൽ തങ്ങൾക്കെതിരെനിന്നവരെയെല്ലാം ക്രിമിനൽ കേസ് പ്രതികളാക്കിയും അവരുടെ വിശ്വാസ്യത തകർത്തും ആ പരാതികളും വ്യാജമാണെന്നു വരുത്തിത്തീർക്കാനാണ് ശ്രമം.

വ്യാജരേഖ കേസിനു പിന്നിൽ നിൽക്കുന്നവർക്ക് സർക്കാരിന്റെ പിന്തുണയും, തങ്ങളുടെ സ്ഥാപനങ്ങളിൽ നിക്ഷേപമുള്ളവരെ സഹായിക്കാൻ കോർപ്പറേറ്റ് ചെയ്യുന്ന സഹായവും കിട്ടുന്നുണ്ടെന്നും മറുഭാഗം ആരോപണം ഉയർത്തുന്നുണ്ട്. തിരഞ്ഞെടുപ്പിൽ പ്രത്യുപകാരം ഉണ്ടാകുമെന്ന വിശ്വാസത്തിൽ സഭയുമായി ബന്ധപ്പെട്ടുണ്ടായ പല വിവാദങ്ങളിലും സർക്കാർ വിട്ടുവീഴ്ചയ്ക്ക് തയ്യാറായിട്ടുണ്ടെന്നാണ് ഇവർ പറയുന്നത്. എന്നാൽ ഇടതുപക്ഷത്തിനുണ്ടായ കനത്ത തോൽവി വ്യക്തമാക്കുന്നത്, സഭാതലവനോ മെത്രാന്മാരോ ഇടവക വികാരികളോ പറയുന്നിടത്ത് വിശ്വാസികൾ വോട്ട് കുത്തുന്ന കാലം കഴിഞ്ഞെന്നാണ്. ഇത് മനസ്സിലാക്കി വ്യാജരേഖക്കേസിൽ ഇനിയെങ്കിലും പോലീസിനെ കള്ളത്തരത്തിന് കൂട്ടുനിൽക്കാൻ അനുവദിക്കരുതെന്ന ആവശ്യവും ഉയരുന്നുണ്ട്. ഇതിനെല്ലാം പിന്നിൽ, മത-ഭരണകൂട -കോർപ്പറേറ്റ് കൂട്ടുകെട്ടാണെന്നും ഇവർ വിമർശിക്കുന്നു. ആദിത്യയെക്കൊണ്ട്, തങ്ങളുടെ ഹിറ്റ് ലിസ്റ്റിലുള്ള പുരോഹിതരുടെ പേരുകൾ പറയിപ്പിച്ച് അവരെയെല്ലാം പ്രതികളാക്കി തങ്ങളുടെ എതിരാളികളെയെല്ലാം ഒതുക്കാനാണ് ശ്രമിക്കുന്നതെന്നും എന്നാൽ എറണാകുളം-അങ്കമാലി അതിരൂപതയിൽ ആകെയുള്ള 450-ഓളം പുരോഹിതരിൽ പത്തോ പതിനഞ്ചോ പേരൊഴികെ ബാക്കിയുള്ളവരും അഞ്ചുലക്ഷത്തോളം വിശ്വാസികളും ഈ ശ്രമങ്ങൾക്കെതിരേ നിൽക്കുമെന്നും അന്തിമ വിജയത്തിന് ഈ ഗൂഢാലോചനക്കാരെ അനുവദിക്കില്ലെന്നും 'അഴിമുഖ'ത്തോട് സംസാരിച്ച പുരോഹിതർ പറയുന്നു. ●

# 'നിയമപാലകർ നിയമം പാലിക്കണം; നിയമലംഘകരെ ശിക്ഷിക്കണം'

## -സാംസ്കാരിക നായകന്മാരുടെ നിവേദനം

*[വ്യാജരേഖാകേസുമായി ബന്ധപ്പെട്ട്, എറണാകുളം കോന്തുരുത്തി നിവാസിയായ ആദിത്യ എന്ന യുവാവിന്റെ നിയമവിരുദ്ധ കസ്റ്റഡിക്കും ക്രൂരമായ പോലീസ് മർദ്ദനത്തിനുമെതിരെ താഴെ പേർ കൊടുത്തിട്ടുള്ള കേരളത്തിലെ പ്രമുഖ സാംസ്കാരികനായകർ കേരള മുഖ്യമന്ത്രിക്കും ഡിജിപി-ക്കും നല്കിയ നിവേദനം]*

എറണാകുളം അതിരൂപതയിൽപ്പെട്ട കോന്തുരുത്തി ഇടവകയിലെ അംഗവും മദ്രാസ് ഐഐടി-യിലെ ഗവേഷണ വിദ്യാർഥിയുമായ ആദിത്യ എന്ന യുവാവിനെ മൂന്നു ദിവസം അന്യായമായി തടങ്കലിൽവയ്ക്കുകയും അതിക്രൂരമായി പീഡിപ്പിച്ചുകൊണ്ട് അസത്യമൊഴി കൊടുക്കാൻ പ്രേരിപ്പിക്കുകയുംചെയ്ത ആലുവ ഡി.വൈ. എസ്.പി.-യുടെ നടപടികളെ ഞങ്ങൾ അതിശക്തമായി അപലപിക്കുന്നു. ഈ നിയമലംഘനത്തിൽ പങ്കാളികളായ മുഴുവൻ ഉദ്യോഗസ്ഥർക്കുമെതിരെ



അന്വേഷണം നടത്തണമെന്നും അവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും ഞങ്ങൾ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയോടും ഡി.ജി.പി-യോടും ആവശ്യപ്പെടുന്നു.

അക്കാദമികമായി ഉന്നതനിലവാരം പുലർത്തുന്ന 24 വയസ്സുമാത്രം പ്രായമുള്ള ആദിത്യ ഔദ്യോഗിക പ്രവർത്തനങ്ങൾക്കിടയിൽ തനിക്കു ലഭിച്ച, സഭയെ സംബന്ധിച്ച ഞെട്ടിക്കുന്ന ചില വിവരങ്ങൾ കൃത്യമാണോ എന്നറിയാൻ ഉത്തരവാദപ്പെട്ട ഒരു സീനിയർ പുരോഹിതനെ ഏൽപ്പിക്കുകമാത്രമാണ് ചെയ്തത്. അത് പരസ്യമാക്കുകയോ മറ്റാരെങ്കിലുമായും പങ്കുവയ്ക്കുകയോ ചെയ്തിട്ടില്ല. സഭാസിനഡിൽനിന്നാണ് ഈ രേഖകൾ പുറത്തുപോയതെന്ന് വ്യക്തമാണ്.

എന്നാൽ ഈ രേഖകളെ, രണ്ടു വർഷക്കാലമായി അതി

രൂപതയിൽ നടക്കുന്ന കുപ്രസിദ്ധമായ ഭൂമി ഇടപാടുകേസ് സംബന്ധിച്ച വിവാദവുമായി തെറ്റായി ബന്ധിപ്പിക്കുകയും അതുവഴി ആ കേസിൽ സത്യത്തിനായി നിലകൊണ്ട പതിനഞ്ചോളം പുരോഹിതരെ കള്ളക്കേസിൽ കുടുക്കാൻ ശ്രമിക്കുകയുമാണ് പോലീസ് ചെയ്തത്. കത്തോലിക്കാസഭയ്ക്കു മൊത്തത്തിൽ മാനക്കേടുണ്ടാക്കിയ ആ ഭൂമി ഇടപാടു വിഷയത്തിൽ മാർപാപ്പാതന്നെ നേരിട്ടിടപെടുകയും കർദ്ദിനാൾ മാർ ആലഞ്ചേരിയെ എറണാകുളം – അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട ചുമതലകളിൽനിന്ന് മാറ്റുകയും ചെയ്തതാണ്. അതിന്റെ അന്വേഷണറിപ്പോർട്ട് ഇതിനകം റോമിലെ അധികാരികൾക്കുമുന്നിൽ എത്തിയിട്ടുമുണ്ട്. ആ കേസ് തേച്ചുമാച്ചു കളയാനും അതിൽ നീതിയുടെ പക്ഷത്ത് നിന്ന പുരോഹിതരെ കുടുക്കാനുമാണ് ആദിത്യയെ ഇത്തരത്തിൽ തടങ്കലിൽവച്ച് പീഡിപ്പിച്ചതെന്ന് ഇതിനോടകം വ്യക്തമായിക്കഴിഞ്ഞു. ചില പുരോഹിതന്മാർ ആവശ്യപ്പെട്ടതനുസരിച്ചാണ് ഈ രേഖകൾ ഉണ്ടാക്കിയതെന്ന് ആദിത്യയെക്കൊണ്ട് സമ്മതിപ്പിക്കാൻ നടത്തിയ ശ്രമങ്ങളെപ്പറ്റി ആ യുവാവ് വെളിപ്പെടുത്തിയിട്ടുണ്ട്. ആദിത്യ തന്റെ സ്വന്തം പിതാവിനോടും വക്കീലിനോടും പള്ളി വികാരിയോടും പോലീസ് കസ്റ്റഡിയിൽ താൻ അനുഭവിച്ച ശാരീരികവും മാനസികവുമായ ക്രൂരപീഡനത്തെപ്പറ്റി വിവരിച്ചിട്ടുണ്ട്.

എറണാകുളം അതിരൂപതയിലെ ചില വൈദികരാണ് ഈ രേഖയുടെ പുറകിലെന്ന പ്രചാരണം ചില അധികാരകേന്ദ്രങ്ങളിൽനിന്നും ഉണ്ടാകുന്നുണ്ട്.

ഇത്തരത്തിൽ അടിയന്തരാവസ്ഥയ്ക്കു സമാനമായ രീതിയിൽ നിയമം ലംഘിച്ച് 72 മണിക്കൂർ തടവിലിട്ട് മർദ്ദിക്കുന്ന രീതിയിൽ പോലീസ് പെരുമാറിയത് മുകളിൽനിന്നുള്ള സമ്മർദ്ദംകൊണ്ടാണെന്നു വ്യക്തമാണ്. യഥാർത്ഥത്തിൽ പോലീസ് അന്വേഷിക്കേണ്ടത് ഈ രേഖയുടെ സത്യാവസ്ഥ സംബന്ധിച്ചാണ്. ഒരന്വേഷണവും നടത്താതെ ഇത് വ്യാജമാണെന്ന് പോലീസ് എങ്ങനെ തീരുമാനിച്ചു? അതാണ് ഇതിന്റെ പിന്നിൽ ഉന്നതാധികാരികളുടെ ഇടപെടൽ ഉണ്ടെന്നുള്ള സംശയമുയരാൻ കാരണം.

ആദിത്യയുടെ ജീവൻപോലും അപകടത്തിലാണെന്ന് അവന്റെ മാതാപിതാക്കൾ ഭയപ്പെടുന്നു. ഈ സാഹചര്യത്തിൽ ഇപ്പോൾ അന്വേഷണം നടത്തുന്ന സംഘത്തെ സസ്പെൻഡ് ചെയ്യണമെന്നും മുഴുവൻ കേസും സി.ബി.ഐ–യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു. ഇത്തരത്തിലുള്ള ഒരു മനുഷ്യാവകാശലംഘനം ഇനി ആവർത്തിക്കാതിരിക്കാൻ ആവശ്യമായ ഇടപെടലുകൾ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

**–കെ സച്ചിദാനന്ദൻ, എം ജി എസ് നാരായണൻ, ബി ആർ പി ഭാസ്കർ, സാറാ ജോസഫ്, കെ അജിത, എം എൻ കാരശ്ശേരി, കല്പറ്റ നാരായണൻ, സിവിക് ചന്ദ്രൻ, സി ആർ പരമേശ്വരൻ, അഡ്വ. ജയശങ്കർ, എസ് ശാരദക്കുട്ടി, ഡോ. ഖദീജ മുംതാസ്, കെ ആർ മീര, എസ് അനിത, സി ആർ നീലകണ്ഠൻ, കെ കെ കൊച്ച്, സണ്ണി എം കപിക്കാട്, കെ പി സേതുനാഥ്, അഡ്വ.പി.എ പൗരൻ, വിളയോടി വേണുഗോപാൽ, ടി കെ വാസു, അമ്പലത്തറ കുഞ്ഞികൃഷ്ണൻ, പുരുഷൻ ഏലൂർ, ജയഘോഷ്, പ്രൊഫ. കുസുമം ജോസഫ്**

# ആടുവിളയാട്ടം!

**ഷൈജു ആന്റണി**
(കൺവീനർ, AMT)

KCBC സമ്മേളനം കഴിഞ്ഞ് ഇറക്കിയ പത്രക്കുറിപ്പ് ആകെ ജഗപൊകയായി. മറുപത്രക്കുറിപ്പിറക്കി എറണാകുളം അങ്കമാലി അതിരൂപത. വിശദീകരണ പത്രക്കുറിപ്പിറക്കി വീണ്ടും KCBC. എന്താണിതിന്റെയെല്ലാം അർത്ഥം? യഥാർത്ഥത്തിൽ KCBC-യിൽ സംഭവിച്ചതെന്ത്? ഏതാനും ബിഷപ്പുമാരോട് സംസാരിച്ചതനുസരിച്ച് കിട്ടിയ വിവരം ഇങ്ങനെയാണ്.

ഭൂമി ഇടപാടിനെ സംബന്ധിച്ചു ചർച്ച തുടങ്ങാൻ മാർ ആലഞ്ചേരി സ്വമേധയാ മുന്നോട്ടുവന്ന് വിഷയത്തെക്കുറിച്ച് സംസാരിച്ചു. എന്നാൽ മറ്റു മെത്രാൻമാരുടെ വേണ്ടത്ര പിന്തുണ ലഭിച്ചില്ല. വത്തിക്കാൻ ഇടപെട്ട വിഷയത്തിൽ KCBC ചർച്ച ചെയ്യുന്നതിൽ കാര്യമില്ല എന്നായിരുന്നു ബിഷപ്പുമാരുടെ അഭിപ്രായം. അങ്ങനെ ഒരു ചർച്ച വത്തിക്കാൻ വളരെ ഗൗരവത്തോടെ കാണുമെന്നത് കാര്യങ്ങൾ കൂടുതൽ വഷളാക്കും എന്നായിരുന്നു പൊതുനിഗമനം. ചർച്ചയേ പാടില്ല എന്ന പൊതു അഭിപ്രായത്തെ ബിഷപ്പ് മനത്തോടത്ത് പിന്തുണച്ചതോടെ ആ വിഷയം ചർച്ച ചെയ്യാതെ മാറ്റിവച്ചു.

പിന്നീട് വിവാദരേഖയെക്കുറിച്ചുള്ള ചർച്ചയാണ് കൂടുതൽ ഉഷാറായത്. എറണാകുളം – അങ്കമാലി അതിരൂപതക്കാർ ലത്തീൻ ബിഷപ്പുമാരെക്കൂടി മോശക്കാരാക്കി എന്ന വികാരമാണ് ചില ബിഷപ്പുമാർ പ്രകടിപ്പിച്ചത്. വേണ്ടിവന്നാൽ മാനനഷ്ടത്തിന് കേസുകൊടുക്കും എന്നുപോലും ചിലർ പറഞ്ഞു. എന്നാൽ വളരെ രഹസ്യമായി കൈകാര്യം ചെയ്യാൻ കൊടുത്ത രേഖകൾ പരസ്യമാക്കിയതിന്റെ ഉത്തരവാദിത്വം ഞങ്ങൾക്കല്ല; മറിച്ച്, കർദ്ദിനാളിന് മാത്രമാണെന്നായിരുന്നു എറണാകുളം ബിഷപ്പുമാരുടെ വാദം. കർദ്ദിനാൾ വഴിയാണ് ലത്തീൻ ബിഷപ്പുമാരുടെപേരുള്ള രേഖകൾ ബിനു ചാക്കോയെപ്പോലുള്ളവരുടെ കൈകളിലെത്തിയത്. അതിനാൽ എറണാകുളം രൂപതയ്ക്ക് ഇതിൽ യാതൊരു ഉത്തരവാദിത്വവും ഇല്ല എന്ന വാദത്തിന് പൊതുവെ അംഗീകാരം ലഭിച്ചു. രേഖകൾ പുറത്തുവിട്ടതിനെക്കുറിച്ച് മാന്യമായ വിശദീകരണം നല്കാൻ മാർ ആലഞ്ചേരി

# മുഖം നഷ്ടപ്പെട്ടവർ, അഥവാ ഒരു 'കെ.സി.ബി.സി (അപ)ഹാസ്യനാടകം!'

*രംഗം 1: പി.ഒ.സി. – 11.50 am*

(കെ.സി.ബി.സി സർക്കുലർ പുറത്തിറങ്ങുന്നു! ഭൂമിവിവാദത്തിൽ കഴമ്പില്ലെന്നും എല്ലാ പള്ളികളിലും അത് വായിക്കണമെന്നും അതിൽ നിർദ്ദേശം)

*രംഗം 2: എറണാകുളം അരമന – 5.50 pm*

(ബിഷപ്പ് മനത്തോടത്ത് ബിഷപ്പ് സൂസൈപാക്യത്തെ വിളിക്കുന്നു.)

**മനത്തോടത്ത്** : ഭൂമി വിവാദം പഠിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും വത്തിക്കാൻ എന്നെ നിയോഗിക്കുകയും അതു ഞാൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നിരിക്കെ, അതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യേണ്ടതില്ല എന്നല്ലേ കെ.സി.ബി.സി. യിൽ ഞാൻ പറഞ്ഞത്? അവിടെ ചർച്ച ഉണ്ടായതുമില്ല. പിന്നെ, 'ഭൂമി വിവാദത്തിൽ കഴമ്പില്ല' എന്ന് കെ.സി.ബി.സി സർക്കുലറിൽ വന്നത് എങ്ങനെയാണ്?

**സൂസൈപാക്യം:** "അയ്യോ, അത് എനിക്ക് അറിയില്ല. വിവാദരേഖയെക്കുറിച്ചു മാത്രമേ അതിൽ ഉണ്ടായിരുന്നുള്ളൂ. അതു ഞാൻ അവിടെ വായിക്കുകയും ചെയ്തതാണല്ലോ? മാത്രമല്ല, അത് ഒരു പത്രപ്രസ്താവന മാത്രമായിരുന്നു. പള്ളികളിൽ വായിക്കാനുള്ള സർക്കുലറാക്കാൻ ചിന്തിക്കുകപോലും ചെയ്തിട്ടില്ല. പിന്നെ, ഇതെല്ലാം എങ്ങനെ സംഭവിച്ചു എന്ന് എനിക്കറിയില്ല.

*രംഗം 3: തിരുവനന്തപുരം അരമന – 6.00 pm*

(ബിഷപ്പ് സൂസൈപാക്യം വള്ളിക്കാട്ടിനെ വിളിക്കുന്നു; സർക്കുലർ തിരുത്തി പ്രസ്താവന ഇറക്കണം എന്ന് ആവശ്യപ്പെടുന്നു.)

*രംഗം 4: എറണാകുളം അതിരൂപത – 07.50 pm*

(അതിരൂപതാ പി.ആർ.ഒ. ഫാദർ പോൾ കരേടൻ, ബിഷപ് മനത്തോടത്തിൽനിന്നുലഭിച്ച വിവരങ്ങളനുസരിച്ച് പത്രപ്രസ്താവന ഇറക്കുന്നു. ഭൂമി വിവാദത്തെക്കുറിച്ച് കെ.സി.ബി.സി. ചർച്ച ചെയ്തിട്ടില്ലെന്നും, അത് പ്രസ്താവനയിൽ ഉൾപ്പെടുത്താൻ പാടില്ലായിരുന്നുവെന്നും പ്രസ്താവനയിൽ പറയുന്നു.)

*രംഗം 5: പി.ഒ.സി. – 8.10 pm*

(വള്ളിക്കാട്ട് എങ്ങും തൊടാത്ത പുതിയ പ്രസ്താവന ഇറക്കുന്നു. അതിൽ ഭൂമിവിവാദത്തിലെ കെ.സി.ബി.സി പ്രസ്താവന പിൻവലിച്ചതായി പറയുന്നില്ല. എന്നാൽ, 'ഭൂമിവിവാദത്തിൽ ആരോപിക്കപ്പെടുന്നത്ര അഴിമതിയില്ല' എന്ന കണ്ടെത്തൽ, കെ.സി.ബി.സി ചർച്ചകളിലെ സൂചനമാത്രമാണെന്നും അന്വേഷണ റിപ്പോർട്ടിന്റെ ഉള്ളടക്കമല്ലെന്നും വ്യക്തമാക്കുന്നു. പള്ളികളിൽ വായിക്കേണ്ടതില്ല എന്നും അറിയിക്കുന്നു.)

*രംഗം 6: തിരുവനന്തപുരംരൂപത– 9.05 pm*

താൻ അറിഞ്ഞില്ലായിരുന്നുവെന്ന് സൂസപാക്യം പിതാവ് പറഞ്ഞ കെ.സി.ബി.സി.യുടെ ആദ്യ പ്രസ്താവന, പിതാവ്തന്നെ വായിക്കുന്ന വീഡിയോ തിരുവനന്തപുരം രൂപതാ മീഡിയ കമ്മീഷൻ പുറത്തു വിടുന്നു. വള്ളിക്കാട്ട് ഈ വീഡിയോ സോഷ്യൽ മീഡിയയിൽ പ്രചരിനന്നേ വിഷമിച്ചു. എന്നാൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരോ അൽമായരോ രേഖകൾ ചമയ്ക്കുകയോ ചമയ്ക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ലെന്ന് ഉറച്ച ബോധ്യമുണ്ടെന്ന് മാർ ജേക്കബ് മനത്തോടത്ത് പറഞ്ഞു. ഇപ്പോഴുള്ള അന്വേഷണം ചിലരെ പ്രതികളാക്കാൻ മാത്രമുള്ളതാണ്. ആദിത്യ എന്ന വ്യക്തിക്ക് ചില രേഖകൾ കൈമാറിക്കിട്ടിയത് മറ്റൊരാളിൽനിന്നാണ് എന്നറിഞ്ഞിട്ടും, പോലീസ് അവിടേക്ക് അന്വേഷിക്കുന്നില്ല. ഏതോ ബാഹ്യശക്തികൾ അന്വേഷണത്തെ സ്വാധീനിക്കുന്നുവെന്ന് മനസ്സിലാക്കുന്നു. അതിനാൽ ബാഹ്യ പ്രേരണയില്ലാതെ അന്വേഷിക്കണം എന്ന മനത്തോടത്ത് പിതാവിന്റെ അഭിപ്രായം അംഗീകരിക്കപ്പെട്ടു.

ഇത്രയും കഴിഞ്ഞ് പത്രക്കുറിപ്പ് ഇറക്കിയപ്പോൾ അതിൽ ഭൂമിയിടപാടിൽ അഴിമതി നടന്നിട്ടില്ല എന്ന് ചേർത്തതാണ് വിവാദങ്ങൾക്കു വഴിവച്ചത്. മനത്തോടത്ത് പിതാവ് സൂസൈപാക്യം പിതാവുമായി സംസാരിച്ചപ്പോൾ അങ്ങനെയൊരു സർക്കുലറിനെക്കുറിച്ച് അറിയില്ല എന്നാണ് പറഞ്ഞത്. പിന്നീട്, അതു തിരുത്താം എന്നും പറഞ്ഞു. അങ്ങനെ അതു തിരുത്തി വീണ്ടും സർക്കുലർ വന്നു. അതിരൂപതയുടെ വിശദീകരണക്കുറിപ്പും വന്നു. എന്നാൽ, സൂസൈപാക്യം പിതാവിനെ KCBC സെക്രട്ടറി വീണ്ടും വെട്ടിലാക്കി, പിതാവ് ആ സർക്കുലർ വായിക്കുന്ന വീഡിയോ പുറത്തു വിട്ടു!

ആരെ നമ്പും? എല്ലാം കള്ളൻമാരോ എന്ന് സംശയിക്കേണ്ട ഗതിയിലായി. എല്ലാവരും ആട്ടത്തിലാണ് – സ്വന്തം നില ഭദ്രമാക്കാനുള്ള ആട്ടത്തിൽ. ചാഞ്ഞും ചരിഞ്ഞും മലന്നും കമന്നും ആടുവിളയാട്ടം ആടിത്തീർക്കട്ടെ!

ഫോൺ: 9388998006

# "നീതിബോധമുള്ള ഭരണകൂടവും സഭയുമുണ്ടാകണം"

## - ഫാ.അഗസ്റ്റിൻ വട്ടോളിയുടെ തീപ്പൊരി പ്രസംഗം

*[വ്യാജരേഖ ചമച്ചുവെന്ന കേസിൽ റിമാൻഡിലായിരുന്ന ആദിത്യ ജാമ്യത്തിലിറങ്ങി ഇടവകയായ കോന്തുരുത്തി പള്ളിയിൽ എത്തിയപ്പോൾ നൽകിയ സ്വീകരണചടങ്ങിൽ, എറണാകുളം-അങ്കമാലി അതിരൂപതാ വൈദികനും 'സേവ് അവർ സിസ്റ്റേഴ്സ്' മുൻ കൺവീനറുമായ ഫാ.അഗസ്റ്റിൻ വട്ടോളി നടത്തിയ പ്രസംഗത്തിൽനിന്ന് ഒരു ഭാഗം]*



"...സമൂഹം ഉണർന്നുവരുന്നതിൽ സന്തോഷമുണ്ട്. അതിന്റെ പ്രതിനിധിയാണ് ആദിത്യ. അതുകൊണ്ടാണ് കോന്തുരുത്തി ഇടവക അവനെ കൈവിടാതിരിക്കുന്നത്. അവന്റെ നാളും നാൾവഴികളും നിങ്ങൾക്കറിയാം.....

ഇവിടെ വിശ്വാസിസമൂഹം ഉണർന്നു പ്രവർത്തിക്കുന്നതിനാലാണ് കത്തോലിക്കാസഭയുടെ അസ്തിവാരമിളകാതിരിക്കുന്നത്. യൂറോപ്പിൽ സഭ തകർന്നുകഴിഞ്ഞു. പള്ളികളുംമറ്റും ബാറുകളും സൂപ്പർമാർക്കറ്റുകളുമായി ഇവിടെ മാറാതിരിക്കണമെങ്കിൽ ജാഗ്രരൂകമായി നിൽക്കുന്ന വിശ്വാസിസമൂഹം വേണം. അതില്ലാ എന്നുണ്ടെങ്കിൽ ഇവിടെയും അതല്ല, അതിനപ്പുറവും നടക്കും.

നിങ്ങളുടെ കൈകളിലാണ് കേരളകത്തോലിക്കാസഭയുടെ ഭാവിയിരിക്കുന്നത്. നിശ്ശബ്ദത വെടിയണം. ലോകം നശിക്കുന്നത് ഒരുപാട് പേർ ചെയ്യുന്ന വലിയ തിന്മകളുടെ കനംകൊണ്ടല്ല. കുറച്ചുപേർ ചെയ്യുന്ന വലിയ തിന്മയും മഹാഭൂരിപക്ഷം പുലർത്തുന്ന നിസംഗതയും കൊണ്ടാണ്. ഇന്ന് ഈ സഭയിൽ, ഈ സമൂഹത്തിൽ, ഈ ജനാധിപത്യക്രമത്തിൽ തിന്മ കൊടികുത്തി വാഴുന്നുണ്ടെങ്കിൽ, ഈ ജനാധിപത്യക്രമത്തെ ആരെങ്കിലും വെല്ലുവിളിക്കുന്നുണ്ടെങ്കിൽ അതിനു കാരണം ഭൂരിപക്ഷം പുലർത്തുന്ന നിശ്ശബ്ദതയാണ്. ഈ നിശ്ശബ്ദതയും നിസ്സംഗതയുമാണ് അവസാനിപ്പിക്കേണ്ടത്. അങ്ങനെ വന്നാൽ ഇവിടെ നീതിബോധമുള്ള ഒരു ഭരണകൂടമുണ്ടാവുകയും നീതിബോധത്തിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന ഒരു സഭാനേതൃത്വം വരികയും ചെയ്യും..."

*(കടപ്പാട് : മംഗളം ഓൺലൈൻ)*

---

പ്പിക്കുന്നു.

***നാടകാന്തം: അഴിഞ്ഞുവീണ മുഖമൂടികൾ***

1. സൂസൈപാക്യത്തിനെ വിശ്വസിച്ച ബിഷപ്പ് മനത്തോടത്തിന്റെമുമ്പിൽ, പിന്നീട് രാത്രി പുറത്തിറങ്ങിയ സൂസൈപാക്യത്തിന്റെ വീഡിയോ കാണുമ്പോൾ, സൂസൈപാക്യത്തിന്റെ ഒരു മാന്യ മുഖംമൂടി അഴിഞ്ഞു വീഴുന്നു!

2. വള്ളിക്കാട്ടിനോട് തിരുത്താൻ പറഞ്ഞിട്ടും അഴകൊഴപ്പൻ പ്രസ്താവന രണ്ടാമതും ഇറക്കിയ വള്ളിക്കാട്ടിന്റെ എറണാകുളം വെറുപ്പുമുഖം കണ്ട് സൂസപാക്യം ശശിയാകുന്നു!

3. സ്വന്തം മീഡിയ കമ്മീഷൻ തന്റെ വീഡിയോ ഇറക്കി തന്നെ വിഡ്ഢിയാക്കിയതു കണ്ട് സൂസൈപാക്യം കണ്ണാടി നോക്കി സ്വയം ഇളിഭ്യനാകുന്നു!

ആരാണ് വില്ലനെന്നും ആരാണ് കോമാളിയെന്നും തിരിച്ചറിയാനാവാത്ത ഈ അപഹാസ്യനാടകത്തിൽ, സമൂഹമധ്യത്തിൽ മുഖം നഷ്ടപ്പെട്ടുനില്ക്കുന്നത് കേരളകത്തോലിക്കാമെത്രാൻസമിതിതന്നെയാണ്. ഒരു ദിവസത്തിലെ ഏതാനും മണിക്കൂറുകൾക്കുള്ളിൽത്തന്നെ, സ്വന്തം നിലപാടുകൾ പലതരത്തിൽ മാറ്റിമറിയ്ക്കേണ്ടിവരുന്നവർക്ക് എന്തു വിശ്വാസ്യതയാണുള്ളത്?

ഭൂമിക്കച്ചവട വിവാദത്തിലും വിവാദരേഖക്കേസിലും തുടക്കംമുതൽ ഇന്നുവരെ എറണാകുളം -അങ്കമാലി അതിരൂപതയ്ക്ക് ഒരേ നിലപാടാണുള്ളത്. സത്യത്തിനൊപ്പം നിൽക്കുന്നവർക്ക് മുഖംമൂടികൾ ആവശ്യമില്ലല്ലോ.

***('കേരളാ ചർച്ച് ആക്ട് കൗൺസിൽ' വാട്ട്സാപ് ഗ്രൂപ്പിൽവന്ന ഒരു പോസ്റ്റ്)***

## വിവാദരേഖാക്കേസ്സ്

# മുഖംകുനിച്ച് പ്രോസിക്യൂഷൻ!

**കാ**ടിളക്കിയ അന്വേഷണത്തിനൊടുവിൽ പ്രോസിക്യൂഷന് കോടതി ഉന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നല്കാനായില്ല. IPC 468 നിലനിൽക്കാൻ തക്കവിധത്തിലുള്ള ഒരു ചെറിയ തെളിവെങ്കിലും കാണിക്കൂ എന്നായിരുന്നു കോടതിയുടെ ചോദ്യം. ഇത്രയുംനാൾ ഒരു ചെറുപ്പക്കാരനെ അന്യായ കസ്റ്റഡിയിൽ വച്ചും, ഒരു പള്ളിയിലേക്ക് അതിക്രമിച്ചു കയറിയും, പള്ളിമേടയുടെ താഴ് തല്ലിപ്പൊളിച്ചും ഒരു സംഘം മുഴുവനും അന്വേഷിച്ചിട്ട് ഒരു തെളിവുപോലും ഹാജരാക്കാത്തതിൽ കോടതി രൂക്ഷമായ ഭാഷയിലാണ് പ്രോസിക്യൂഷനോട് ചോദ്യങ്ങൾ ചോദിച്ചത്. പ്രോസിക്യൂഷൻ മറുപടി പറയാനാകാതെ കുഴങ്ങി.

ഒരു ഘട്ടത്തിൽ, എന്താണ് പ്രോസിക്യൂഷന്റെ യഥാർത്ഥ ലക്ഷ്യം എന്നുപോലും കോടതി ചോദിച്ചു. "വൈദികർ ചോദ്യം ചെയ്യലിനോട് സഹകരിച്ചില്ല. അതിനാൽ കസ്റ്റഡിയിൽ വേണം" - ഇതാണ് പ്രോസിക്യൂഷന് ആകെ പറയാനുണ്ടായിരുന്നത്. കസ്റ്റഡിയിൽ വേണമെന്ന ആവശ്യം സാധൂകരിക്കാനുള്ള ഒരു തെളിവെങ്കിലും തരൂ എന്നായി കോടതി. എന്നാൽ മറുപടി ഉണ്ടായില്ല. കസ്റ്റഡിയിൽ കിട്ടിയാൽ മർദ്ദിച്ച് നിങ്ങൾക്കാവശ്യമുള്ളവ പറയിക്കാനാണോ എന്നായി കോടതി. ഒടുവിൽ പ്രോസിക്യൂഷന്റെ ആവശ്യം വെറും അനാവശ്യമാണെന്നുകണ്ട് കോടതി ജാമ്യം അനുവദിക്കുകയായിരുന്നു.

സാധാരണ മുൻകൂർ ജാമ്യത്തിന് വയ്ക്കുന്ന നിബന്ധനകളല്ലാതെ മറ്റൊന്നും കൂട്ടിച്ചേർക്കാൻ കോടതി തയ്യാറായില്ല.

ആർക്കുവേണ്ടിയാണ് ഈ പ്രഹസനം എന്നതിലുപരി, എന്തിനുവേണ്ടിയാണ് ഈ പ്രഹസനം എന്നാണ് ചോദിക്കേണ്ടത്? വിവാദരേഖകൾ വ്യാജമാണെന്ന് വരുത്തിത്തീർക്കാനുള്ള വ്യഗ്രതയാണോ, അതോ വെറും വൈരാഗ്യമാണോ? ഈ രേഖകളിൽ കാമ്പുണ്ടെന്നും അവ സത്യമാണെന്നും തെളിയുന്ന കാലം വിദൂരമല്ല എന്നുവേണം കരുതാൻ.

*(ജൂൺ 11-ലെ ഒരു വാട്ട്സാപ്പ് പോസ്റ്റ്)*

*-മാർ ആലഞ്ചേരിയും സീറോ-മലബാർ സിനഡും കെസിബിസിയും, എറണാകുളം-അങ്കമാലി രൂപതയിലെ പ്രതികരണശേഷിയുള്ള വൈദികരെയും അൽമായരെയും കുഴിയിൽ വീഴിക്കാൻ എത്ര കുഴികൾ കുഴിച്ചോ, അതിലെല്ലാം ആ കുഴിച്ചവർതന്നെ ചെന്നുവീഴുന്നതാണ് കണ്ടുകൊണ്ടിരിക്കുന്നത്. വ്യാജരേഖാക്കേസ് എന്ന് അവർ പേരിട്ടിരിക്കുന്ന ഈ വിവാദരേഖാക്കേസിന്റെ കാര്യത്തിലും അതുതന്നെ സംഭവിക്കുമെന്നു തോന്നുന്നു.*

*എറണാകുളം-അങ്കമാലി അതിരൂപതയിലുള്ള വൈദികർക്കും സഹായ മെത്രാൻമാർക്കും രൂപതയെ കടക്കെണിയിലാക്കിയ ആലഞ്ചേരിയോട് അമർഷമുണ്ടെന്നുള്ളത് വസ്തുതയായിരിക്കാം. അദ്ദേഹത്തെ കെണിയിൽപ്പെടുത്താൻ അവർ കിണഞ്ഞു പരിശ്രമിക്കുമെന്നും, അതിനു സഹായകമായ എന്തെങ്കിലും രേഖകൾ വ്യാജമായി തയ്യാറാക്കാൻ വരെ അവർ തയ്യാറാകുമെന്നും, അതിനുശേഷിയുള്ള കമ്പ്യൂട്ടർ വിദഗ്ധരെ അവർ അതിനായി നിയോഗിച്ചുകൂടെന്നില്ലെന്നും വാദത്തിനുവേണ്ടി സമ്മതിക്കാമെന്നു വയ്ക്കുക. എന്നാൽ, അതിനുവേണ്ടി ബിഷപ്പ് സൂസൈപാക്യമുൾപ്പെടെ, എറണാകുളംകാർക്ക് പ്രത്യേകം വിരോധമൊന്നുമില്ലാത്ത 8 മെത്രാന്മാരെക്കൂടി ബാധിക്കുന്ന ഒരു രേഖ ആരെങ്കിലും സൃഷ്ടിക്കുമോ? ആലഞ്ചേരിക്കുപിന്നിൽ മറ്റു മെത്രാന്മാരെക്കൂടി അണിചേർത്ത് ആലഞ്ചേരിക്കു ശക്തിപകരുന്ന അത്തരമൊരു വിഡ്ഢിത്തരം ആലഞ്ചേരിയെ ഒറ്റപ്പെടുത്താ*

ഇത്രയുംനാൾ ഒരു ചെറുപ്പക്കാരനെ അന്യായ കസ്റ്റഡിയിൽ വച്ചും, ഒരു പള്ളിയിലേക്ക് അതിക്രമിച്ചു കയറിയും, പള്ളിമേടയുടെ താഴ് തല്ലിപ്പൊളിച്ചും ഒരു സംഘം മുഴുവനും അന്വേഷിച്ചിട്ട് ഒരു തെളിവുപോലും ഹാജരാക്കാത്തതിൽ കോടതി രൂക്ഷമായ ഭാഷയിലാണ് പ്രോസിക്യൂഷനോട് ചോദ്യങ്ങൾ ചോദിച്ചത്.



*നാഗ്രഹിക്കുന്ന എറണാകുളംകാർ ചെയ്യുമോ? ചുരുക്കത്തിൽ, സാമാന്യബുദ്ധിയോടെ ചിന്തിക്കുന്ന ആർക്കും ഈ രേഖ കൃത്രിമമായി സൃഷ്ടിച്ചതാണെന്ന് കരുതാനാവില്ല.*

*പ്രസ്തുത രേഖ കോപ്പിചെയ്തതാണെന്ന് ആവർത്തിച്ചു പറഞ്ഞിട്ടും, അതെവിടെനിന്ന് എന്നന്വേഷിച്ച് കാര്യങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കാൻ പോലീസ് വകുപ്പു തയ്യാറാകാതിരിക്കുന്നതിൽനിന്ന്, ആലഞ്ചേരിയുടെയും സിനഡിന്റെയും ഉന്നതങ്ങളിലുള്ള പിടിപാടല്ലാതെ മറ്റെന്താണു തെളിയുന്നത്?*

***- എഡിറ്റർ***

## Late News!

## യാക്കോബായ സഭാ സൂനഹദോസിൽ ചർച്ച് ആക്ടിനു പൂർണ്ണപിന്തുണ!

ഈയിടെ നടന്ന യാക്കോബോയ സുറിയാനിസഭാ എപ്പിസ്ക്കോപ്പൽ സൂനഹദോസിൽ, സർക്കാരിന്റെ പരിഗണനയിലുള്ള 'ചർച്ച് പ്രോപ്പർട്ടീസ് ആക്ടിന്' പൂർണ്ണപിന്തുണ നൽകാൻ ആധികാരികമായി തീരുമാനിച്ചു. നിലവിലുള്ള ഭരണഘടനയിലെ പിശകുകൾ തിരുത്തി പുതിയനയം രൂപീകരിക്കുന്നതിന്റെ ഭാഗമായാണ് സൂനഹദോസിൽ ഈ തീരുമാനമുണ്ടായിരിക്കുന്നത്.

ഇത്തരമൊരു തീരുമാനത്തിലേക്കു മുഴുവൻ യാക്കോബായസഭയെയും ഈ ചെറിയ കാലയലവിനുള്ളിൽ ബോധവത്ക്കരിക്കാൻ പരിശ്രമിച്ച 'MACCABI'-ക്ക് 'സത്യജ്വാല'- യുടെ അഭിവാദ്യങ്ങൾ!

**–എഡിറ്റർ**

## FCC സുപ്പീരിയർ ജനറലിന് സിസ്റ്റർ ലൂസികളപ്പുരയുടെ വക്കീൽ നോട്ടീസ് !

**സി**സ്റ്റർ ലൂസി കളപ്പുര, ഞാറയ്ക്കൽ കന്യാസ്ത്രീകളുടെ കേസിലൂടെ പ്രസിദ്ധനായ അഡ്വ. ചെറിയാൻ ഗൂഡല്ലൂർ വഴി, FCC സുപ്പീരിയർ ജനറൽ സിസ്റ്റർ ആൻ ജോസഫിന് ജൂൺ 10-ാം തീയതി വക്കീൽ നോട്ടീസയച്ചു. സഭയുടെ മൂന്നു കാരണം കാണിക്കൽ നോട്ടീസുകൾക്കും സിസ്റ്റർ ലൂസി നൽകിയിട്ടുള്ള വിശദീകരണങ്ങൾ പരിഗണിച്ച് അനുകൂലമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും, അതല്ലെങ്കിൽ അതിന്റെ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരുമെന്ന് താക്കീതുചെയ്യുകയും ചെയ്യുന്നതാണ് 4 പേജുള്ള വക്കീൽ നോട്ടീസ്.

പീഡനങ്ങൾക്കെതിരെ അവസാനം നിയമത്തിന്റെ വഴി സ്വീകരിക്കുവാൻ തയ്യാറായ സിസ്റ്റർ ലൂസിക്ക്, കത്തോലിക്കർ മാത്രമല്ല, കേരളപൊതുസമൂഹം തന്നെ പരമാവധി പിന്തുണ നൽകേണ്ട ഒരു സന്ദർഭമാണിത്.

**- എഡിറ്റർ**

## ഇരവിപുരം ഇടവകയെ കൊല്ലം രൂപത വിഴുങ്ങിയതെങ്ങനെ?

**കൊ**ല്ലം രൂപതയുടെ തീരദേശ മേഖലയിലെ തെക്കേയറ്റത്തുള്ള ഇരവിപുരം ഇടവക ഒരു മത്സ്യബന്ധന ഗ്രാമമാണ്. ദാരിദ്ര്യം കൊടികുത്തി വാണിരുന്ന കാലത്ത് ഉപജീവനത്തിനായി കമ്പവല വലിച്ച് വിശപ്പകറ്റാൻ ശ്രമിച്ച ഈ ഇടവക ജനതയ്ക്കുസമീപം, ആയിരത്തിതൊള്ളായിരത്തി എഴുപതുകളുടെ അവസാനം കുറച്ച് സന്ന്യസ്തവൈദികർ ഇടയന്മാരായി വന്നു. പിന്നീട് ഇരവിപുരം ഇടവകയുടെ ഗതിയെന്തായി എന്നതു ചരിത്രം. കമ്പവലയെ ആശ്രയിച്ചിരുന്ന മത്സ്യതൊഴിലാളികൾക്ക് ഔട്ട് ബോർഡ് യമഹാ മോട്ടോർ വള്ളങ്ങൾമുതൽ ജീവിത സന്ധാരണത്തിന് മത്സ്യബന്ധനേതര മേഖലകളിലെ സാധ്യതകളും, അതിനുവേണ്ടിയുള്ള മാർഗ്ഗങ്ങളും കാട്ടിത്തന്ന നല്ല സമരിയാക്കാരായ നല്ല ഇടയർ! ഈ ഗ്രാമം മെല്ലെ വളർന്നു, സാമൂഹികമായും സാമ്പത്തികമായും. കുടുംബത്തിലെ സ്വന്തം ഓഹരിപോലും വിറ്റ് തീരദേശ റോഡ് പോലുള്ള അടിസ്ഥാന സൗകര്യവികസനം യാഥാർത്ഥ്യമാക്കിയ വൈദികരും ആ കൂട്ടത്തിലുണ്ട്. ഇന്ന് മെച്ചപ്പെട്ട വിദ്യാഭ്യാസമാർജ്ജിച്ച് വിദേശത്തും സ്വദേശത്തുമായി അനേകം യുവാക്കൾ ജോലി ചെയ്യുന്നതിൽ ചെറുതല്ലാത്ത പങ്ക് ആ ശ്രേഷ്ഠ വൈദികർക്കുണ്ട്.

ഒടുവിൽ പണമായി, വീടുകളായി, സൗകര്യങ്ങളായി, മതിൽക്കെട്ടുകളായി. ഒപ്പം ഒരു കാര്യംകൂടിയുണ്ടായി; പള്ളിയുടെ വരുമാനവും കൂടി!

അപ്പോൾ ഒരു ബിഷപ്പിന്, അല്ല ഒരു ചെന്നായ്ക്ക്, ഒരു പൂതി! എന്തെന്നാൽ.... ഇടവക ഇവരിൽനിന്ന് പിടിച്ചെടുത്താൽ......., പിന്നെ പള്ളിയുടെ പണം...... എന്തിന്, പള്ളിതന്നെ പാടെ വിഴുങ്ങാം. അതിന് ഒത്താശ ചെയ്യാൻ സ്വാർത്ഥന്മാരായ കുറച്ചുപേർ ബിഷപ്പിനൊപ്പം ചേർന്നു. കാര്യങ്ങൾ ജോർ! ഈ സ്വാർത്ഥന്മാർ മെത്രാന്റെ വലംകൈയായി പ്രവർത്തനമാരംഭിച്ചു. നിരന്തര പരാതിപ്രളയങ്ങൾ ആ വൈദികർക്കെതിരെ ഈ മെത്രാൻ ചെന്നായയുടെ അടുത്തേക്ക്..... ചെന്നായ് പരാതികൾ എഴുതിപ്പിച്ച് കാരണങ്ങളുണ്ടാക്കുകയായിരുന്നു. എന്തിനും ഏതിനും കുറ്റവും കുറവും കണ്ടുപിടിക്കുക; എന്തെങ്കിലും ആവശ്യത്തിന് ചെന്നാൽ കാണാൻ കൂട്ടാക്കാതെ മണിക്കൂറുകളോളം പുറത്തുനിർത്തുക; 'അനുസരണം' എന്ന വ്രതത്തിന്റെ മറവിൽ പുലഭ്യം പറയുക മുതലായ പല ചെറ്റത്തരങ്ങളും കാട്ടി അവരെ മാനസികമായി തകർത്തു. അങ്ങനെ അവരെക്കൊണ്ടുതന്നെ ഇടവകയിൽനിന്ന് സ്വയം പിന്മാറാൻ പ്രേരിപ്പിക്കുക എന്നതായിരുന്നു കുതന്ത്രം. രൂപതയിലെ മുതിർന്ന വൈദികരുടെ അഭിപ്രായങ്ങൾപോലും മാനിക്കാതെ ഒടുവിൽ 2015 ജനുവരി 27-ന് കണ്ണീരോടെ ആ ഇടയന്മാർ ഇടവകയുടെ പടിയിറങ്ങി. കള്ളയിടയൻ നല്ല ഇടയന്മാരെ പടിയിറക്കി.

നിശ്ചയമായും ആ വൈദികരുടെ കണ്ണുനീർ ഈ മണ്ണിൽ പതിച്ചിട്ടുണ്ട്.

*(ചർച്ച് ആക്ട് കൗൺസിൽ വാട്സ്ആപ് ഗ്രൂപ്പ്)*

# ബ്രൂണോയുടെ രക്തസാക്ഷിത്വദിനം

## ജോമി തോമസ്

1600 ഫെബ്രുവരി 17- കത്തോലിക്കാസഭ ജീവനോടെ ചുട്ടെരിച്ച ശാസ്ത്രജ്ഞൻ, ജിയോർഡാനോ ബ്രൂണോയുടെ രക്തസാക്ഷിത്വദിനം. സ്നേഹത്തിന്റെ മതക്കാർ, ബൈബിളിലെ പ്രപഞ്ചകല്പനകൾക്ക് വിരുദ്ധമായ ശാസ്ത്രസത്യങ്ങൾ കണ്ടെത്തിയതിന് മതവിചാരണ നടത്തി കൊന്നൊടുക്കിയ നൂറുകണക്കിന് ശാസ്ത്രജ്ഞരിൽ ഒരാളാണ് ബ്രൂണോ. സ്വതന്ത്രചിന്തയും ക്ഷോഭിക്കുന്ന യുവത്വവും ഉണ്ടായിരുന്ന ദാർശനികനും കവിയും തത്ത്വചിന്തകനും ശാസ്ത്രജ്ഞനുമായിരുന്നു,



അദ്ദേഹം. ഇറ്റലിയിലെ നേപ്പിൾസിൽ ജനിച്ച ബ്രൂണോ പ്രസംഗകലയിൽ അതിവിദഗ്ദ്ധൻ ആയിരുന്നു. ഡൊമിനിക്കൻ സഭയിലും ഇംഗ്ലീഷ് കവിയായ ഫിലിപ്പ് സിഡ്നിയുടെ സാഹിത്യവൃത്തത്തിലും അംഗമായിരുന്നു.

ഭൂമിയെയല്ല, സൂര്യനെയാണ് ഗ്രഹങ്ങൾ ചുറ്റുന്നതെന്ന കോപ്പർനിക്കസിന്റെ പ്രപഞ്ചവീക്ഷണതിനുമപ്പുറം, തന്റേതായ ചില കാഴ്ചപ്പാടുകളും അദ്ദേഹം അവതരിപ്പിച്ചു. സൂര്യൻ എന്നത് ഒരു നക്ഷത്രമാണെന്നും, ഭൂമി കൂടാതെ ബുദ്ധിയുള്ള ജീവികൾ ഉണ്ടായേക്കാവുന്ന ഒട്ടേറെ 'ഭൂമി'കൾ പ്രപഞ്ചത്തിൽ ഉണ്ടാകാൻ സാധ്യതയുണ്ടെന്നും അദ്ദേഹം പരികല്പനചെയ്തു. ഈ സിദ്ധാന്തങ്ങൾ സഭയെ അദ്ദേഹത്തിന്റെ ശത്രുവാക്കി മാറ്റി. 1592-ൽ മതകല്പനകൾക്കെതിരെ പ്രവർത്തിച്ചു എന്ന കുറ്റംചുമത്തി അദ്ദേഹത്തെ അറസ്റ്റുചെയ്തു.

ഏഴുകൊല്ലം നീണ്ട വിചാരണക്കാലത്ത് ബ്രൂണോ ഏകാന്തത്തടവിൽ ആയിരുന്നു. വിചാരണയെക്കുറിച്ചുള്ള പല പ്രധാന രേഖകളും നഷ്ടമായെങ്കിലും ചിലത് 1940-ൽ വീണ്ടെടുക്കാൻ കഴിഞ്ഞു. തന്റെ പുസ്തകങ്ങളും സാക്ഷിമൊഴികളുമെല്ലാം അദ്ദേഹത്തിനെതിരെ ഉപയോഗിച്ചു. ദൈവദോഷവും അസന്മാർഗ്ഗികതയും ക്രൈസ്തവവിശ്വാസത്തിന് എതിരെ നിന്നതുമാണ് പ്രധാന ആരോപണങ്ങൾ.

1600 ജനുവരി 20-ന് ക്ലെമന്റ് ഏഴാമൻ മാർപാപ്പ ബ്രൂണോയ്ക്ക് വധശിക്ഷ വിധിച്ചു. തന്നെ വിധിച്ച ആളോട് ബ്രൂണോ പറഞ്ഞത്: "ഇത് കേൾക്കുമ്പോൾ എനിക്കുതോന്നുന്ന ഭയത്തേക്കാൾ ഭയത്തോടെയാണ് നിങ്ങൾ ഈ ശിക്ഷ വിധിക്കുന്നത്" എന്നായിരുന്നു! വിധിയനുസരിച്ച് അദ്ദേഹത്തെ റോമിലെ കാമ്പോ ദെയ് ഫിയോറി എന്ന നഗരചത്വരത്തിൽ ഒരുക്കിയ തീക്കുണ്ഠത്തിൽ ജീവനോടെ ചുട്ടു കൊല്ലുകയായിരുന്നു.

'ആഷ് വെനസ്ഡെ സപ്പർ', 'ഓൺ ദ ഇൻഫിനിറ്റ് യൂണിവേഴ്സ് ആൻഡ് വേൾഡ്സ്', 'ഓൺ ദ കോസ്, പ്രിൻസിപ്പിൾ ആൻഡ് യൂണിറ്റി' എന്നീ

> ക്ലെമന്റ് ഏഴാമൻ മാർപാപ്പ ബ്രൂണോയ്ക്ക് വധശിക്ഷ വിധിച്ചു. തന്നെ വിധിച്ച ആളോട് ബ്രൂണോ പറഞ്ഞത്: "ഇത് കേൾക്കുമ്പോൾ എനിക്കുതോന്നുന്ന ഭയത്തേക്കാൾ ഭയത്തോടെയാണ് നിങ്ങൾ ഈ ശിക്ഷ വിധിക്കുന്നത്" എന്നായിരുന്നു! വിധിയനുസരിച്ച് അദ്ദേഹത്തെ റോമിലെ കാമ്പോ ദെയ് ഫിയോറി എന്ന നഗരചത്വരത്തിൽ ഒരുക്കിയ തീക്കുണ്ഠത്തിൽ ജീവനോടെ ചുട്ടു കൊല്ലുകയായിരുന്നു.

കൃതികൾ ബ്രൂണോ രചിച്ചതാണ്.

19-ാം നൂറ്റാണ്ടിൽ, ആ ബലിസ്ഥാനത്ത് ബ്രൂണോയുടെ പ്രതിമ സ്ഥാപിച്ച് ഇറ്റലി കടം വീട്ടി.

400 വർഷത്തിനു ശേഷം പോപ്പ് ജോൺ പോൾ രണ്ടാമൻ കത്തോലിക്കാസഭ നടത്തിയ ആ നരഹത്യയിൽ 'ഗാഢമായ ദുഃഖം' പ്രകടിപ്പിച്ചു. ചരിത്രത്തോടുള്ള കുറ്റസമ്മതമായിരുന്നു അത്!

*(ലേഖകന്റെ ഫേസ്ബുക്ക്പോസ്റ്റ്)*

# എഫ്.സി.സി. സുപ്പീരിയർ ജനറലിന് സിസ്റ്റർ ലൂസി കളപ്പുര യുടെ തുറന്ന കത്തും പരാതിയും



*[മൂന്നാമത്തെ കാരണംകാണിക്കൽ നോട്ടീസിന് സിസ്റ്റർ ലൂസി കളപ്പുര നൽകിയ മറുപടിക്കു പ്രതിക രണമെന്നപോലെ, അവർക്കെതിരെ ഒറ്റപ്പെടുത്തലിന്റെ ഡോസ് കൂട്ടിക്കൊണ്ടിരിക്കുന്ന എഫ്.സി.സി. സഭാധി കാരത്തിന്, 'An open Letter & Complaint' എന്ന തല ക്കെട്ടോടെ, മെയ് 20-ന്, സിസ്റ്റർ അയച്ച കത്താണ് താഴെ. ഇതിന്റെ കോപ്പി, മേജർ ആർച്ച്ബിഷപ്പിനും മാന ന്തവാടി രൂപതാബിഷപ്പിനും മാനന്തവാടി ഡി.വൈ.എ സ്.പി.ക്കും, എഫ്.സി.സി. സഭയുടെ മാനന്തവാടി പ്രൊവിൻഷ്യാളിനും അയച്ചിട്ടുള്ളതായി കത്തിൽ കാണുന്നു.]*

"സിസ്റ്റർ ആൻ ജോസഫ്,

എഫ്.സി.സി. സന്ന്യാസസഭയിൽ ഞാൻ മോശക്കാരിയാണെന്ന് ചിത്രീകരിക്കുന്നതിൽ സഭയ്ക്ക് വലിയ പങ്കുണ്ട് എന്ന് അറിയാൻ കഴിഞ്ഞു. ഇതുവരെ എന്നിൽനിന്ന് പാവപ്പെട്ടവർക്കും നിസ്സഹായരായ മനുഷ്യർക്കും ലഭിച്ച ഒരു നല്ല വാക്കുപോലും പാഴായിപ്പോകില്ല എന്നെനിക്കുറപ്പുണ്ട്. സത്യത്തിന് കൂട്ടുനിന്നാൽ ജീവിതം അത്ര സുഖകരമല്ല എന്നും ഞാൻ പഠിച്ചു. അതുകൊണ്ടൊന്നും ഭയന്ന് പിറകോട്ട് പോകുന്നുമില്ല.

ഇപ്പോൾ എന്നോടുള്ള സഭയുടെയും മാനന്ത വാടി പ്രോവിൻസിന്റെയും മനോഭാവം എന്നെ ഒഴിവാക്കുന്ന തരത്തിലേക്ക് തരംതാണിരിക്കുന്നു. കാരയ്ക്കാമലയിലെ മഠത്തിൽ പുതിയ സുപ്പീരിയറായി ചാർജ്ജെടുത്ത സിസ്റ്റർ ലിജി മരിയ ഇതുവരെ എന്നോട് ഒന്നും സംസാരിച്ചിട്ടില്ല. അതുപോലെതന്നെ, മറ്റംഗങ്ങളായ സിസ്റ്റർ മരീന, സിസ്റ്റർ സനില, സിസ്റ്റർ സിൽജ എന്നിവരും എന്നോട് സംസാരിച്ചിട്ടില്ല. മാത്രവുമല്ല, മഠത്തിലെയും പള്ളിയിലെയും ഒരു ഉത്തരവാദിത്വത്തിലും എന്നെ ഉൾപ്പെടുത്തുന്നുമില്ല. ഇപ്രകാരം മഠത്തിന്റെ മതിലുകൾക്കുള്ളിൽ എനിക്ക് ജീവിക്കാൻ വലിയ ബുദ്ധിമുട്ടുണ്ട്. ഭക്ഷണം കഴിക്കാൻ വരെ തോന്നുന്നില്ല. ഭയപ്പെട്ടാണ് ജീവിക്കുന്നത്. എനിക്കു സുരക്ഷ തരാൻ സഭയ്ക്ക് കടമയുണ്ട്.

മാനസികപീഡനത്തിലൂടെ എന്നെ പുറത്താ ക്കാനാണോ സഭയുടെ പരിശ്രമം? പുരോഹിതരുടെ തെറ്റുകൾ ചൂണ്ടിക്കാണിച്ചാൽ, സന്ന്യാസിനീസഭകളിൽ തെറ്റ് തിരുത്താനുണ്ടെന്നു പറഞ്ഞാൽ സഭാവി രുദ്ധയെന്ന് മുദ്രകുത്തിയും സാത്താൻസേവാസം ഘത്തിലാണെന്നു പറഞ്ഞും എന്നെ തളർത്തിക്കൊ ണ്ടിരിക്കുന്നു. എന്നെ പാപിയായിക്കണ്ട് പ്രത്യേകിച്ച് ഒറ്റപ്പെടുത്തുകയാണ്.

കാരയ്ക്കാമല മഠത്തിൽ എന്നോട് സംസാരിക്കു കയും എന്നെ പരിഗണിക്കുകയും ചെയ്യുന്ന കന്യാസ്ത്രീകളാണ് വേണ്ടത്; അല്ലാതെ,എന്നെ മാനസികമായി തകർക്കുന്നവരല്ല. ഇത് എന്റെ പരാതിയാണ്.



*സി.ആൻ ജോസഫ്, FCC*

എഫ്.സി.സി. യിൽനിന്നു പുറ ത്താകാൻ ആഗ്രഹി ക്കുന്നില്ല. എന്നാൽ നിങ്ങൾ ഇങ്ങനെ പെരുമാറുന്നത് നിർ ത്തണം. അല്ലെങ്കിൽ എനിക്ക് സ്വസ്ഥത യോടെ സന്ന്യാസം ജീവിക്കാൻ പുതി യൊരു മഠംപണി തുതരണം. അതല്ലേ വേണ്ടത്? സഭയി ൽനിന്നു മാനസിക മായി തകർക്കപ്പെട്ട് ഏറെക്കാലം സഭ യിൽജീവിച്ചതിനു ശേഷം സഭയിൽനിന്നു പോയിട്ടുള്ളവർ പലരും എന്നെ വിളിച്ചിരുന്നു. പോര് കാരണം വേദനിച്ച്, പോയി ഒറ്റയ്ക്കു ജീവിക്കുകയാണ് പലരും, സന്ന്യാസിനി കളായിത്തന്നെ. സ്വന്തമായി ഒരു വരുമാനമാർഗ്ഗമോ വീടോ ഇല്ലാതെ ഒറ്റയ്ക്കു താമസിക്കുന്ന ഇവർ ക്കുവേണ്ട സുരക്ഷിതത്വം നല്കാൻ സഭ പരാജയ പ്പെട്ടില്ലേ? ഇവരിൽ വീടില്ലാത്തവർക്ക് 5 സെന്റ് സ്ഥല വും വീടും എത്രയും വേഗം ഉറപ്പാക്കണം. അതാണ് എഫ്.സി.സി. ആദ്യം ചെയ്യേണ്ട സുവിശേഷം. സഭയിൽ നിന്നു പോകേണ്ടിവന്ന എല്ലാ കന്യാസ്ത്രീകളെയും വിളിച്ചുകൂട്ടി മാപ്പ് ചോദിച്ച് അവർക്കാവശ്യമായത് നല്കുക. ഇപ്പോഴും ഉള്ളവർ അകത്ത് സുരക്ഷിതരാ ണെന്ന് ഉറപ്പാക്കുക. അല്ലാതെ, പുറത്താക്കാൻ നോക്കുന്ന പരിശ്രമം ശരിയല്ല.

ഇതുവരെ ഒന്നും ചെയ്തില്ല, നമുക്കാരംഭിക്കാം, ഫ്രാൻസീസ് പിതാവ് പറഞ്ഞതോർമ്മിക്കാം.

മറുപടി പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

20.5.2019 **സിസ്റ്റർ ലൂസി കളപ്പുര"**

# സിസ്റ്റർ ലൂസി മഠത്തിൽനിന്നു പോയിട്ടില്ല; പോകാൻ തൽക്കാലം ഉദ്ദേശിക്കുന്നുമില്ല.

**സെബാസ്റ്റ്യൻ വർക്കി**
(സോഷ്യൽ ആക്ടിവിസ്റ്റ്)

**ക**ന്യാസ്ത്രീയെ 'ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ 13 തവണ ബലാത്സംഗം ചെയ്തു പീഡിപ്പിച്ചു' എന്ന കേസിൽ പീഡനത്തിനിരയായ കുറവിലങ്ങാട് കോൺവെന്റിലെ കന്യാസ്ത്രീക്കു നീതി ലഭിക്കാൻവേണ്ടി, ബിഷപ്പ് ഫ്രാങ്കോയെ അറസ്റ്റുചെയ്യണമെന്നാവശ്യപ്പെട്ട് എറണാകുളം ഹൈക്കോടതിക്കുസമീപം, വഞ്ചീസ ്ക്വയറിൽ നിരാഹരസമരവുമായി മുമ്പോട്ടു വന്ന കന്യാസ്ത്രീകൾക്കൊപ്പം ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സമരത്തിൽ പങ്കെടുത്ത ധീരയായ വനിത. കത്തോലിക്കാസഭയിലെ അനീതികൾക്കെതിരെ, സഭയിലെ അതിക്രമങ്ങൾക്കെതിരെ, ഗുണ്ടായിസത്തിനെതിരെ പോരാടാൻ, സത്യത്തിനൊപ്പം വ്യക്തമായ ഉറച്ച നിലപാടുകളുള്ള സിസ്റ്റർ ലൂസി കളപ്പുര.

സിസ്റ്റർ ലൂസി കളപ്പുര FCC- യുടെ സാന്നിദ്ധ്യം കൂടിയായതോടെ, ആ സമരം ഒരു ജനകീയസമരമായി മാറി. ബിഷപ്പിനെ അറസ്റ്റുചെയ്യാത്തതിൽ പ്രതിഷേധിച്ചു നിരാഹാരസമരങ്ങളും ധർണ്ണയും കേരളത്തിലെ ജില്ലകളിൽ മാത്രമല്ല, കേരളത്തിനു പുറത്തും ഇന്ത്യയിലാകമാനവും നടന്നു. എല്ലാ വിദേശരാജ്യങ്ങളിലും കന്യാസ്ത്രീകളുടെ നീതിക്കുവേണ്ടിയുള്ള സമരം ശ്രദ്ധയാകർഷിച്ചു. ലോകത്തെല്ലായിടത്തുമുള്ള ടെലിവിഷൻ ചാനലുകളിലും പത്രമാധ്യമങ്ങളിലും സോഷ്യൽ മീഡിയകളിലും ഈ സമരം ചർച്ചചെയ്യപ്പെട്ടു. സമരം വിജയം കണ്ടു. അതിനേത്തുടർന്ന്, ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ ജയിലിലായി. അതിനുശേഷം, സിസ്റ്റർ ലൂസി കളപ്പുരയെ മഠത്തിൽനിന്ന് ഒറ്റപ്പെടുത്തി പുകച്ചു പുറത്തുചാടിക്കാൻ പറ്റുമോ എന്നാണ് FCC നേതൃത്വം ഇപ്പോൾ പയറ്റിനോക്കുന്നത്.

വയനാട് ജില്ലയിലെ മാനന്തവാടിയിൽ കാരയ്ക്കാമലയിലുള്ള ക്ലാരമഠം. ആ കോൺവെന്റിലാണ് സിസ്റ്റർ ലൂസിയെ കാണാൻ ഞാൻ ചെന്നത്. ഞാൻ ബെല്ലടിച്ചു, വിസിറ്റേഴ്സ് റൂം ക്ളീനിംഗിലായിരുന്ന ഒരു സിസ്റ്റർ വാതിൽ തുറന്നു. എനിക്ക് ഈ കോൺവെന്റിലെ മദറിനെയും സിസ്റ്റർ ലൂസിയെയും കാണണമെന്ന് പറഞ്ഞപ്പോൾ വിസിറ്റേഴ്സ് റൂമിൽ ഇരിക്കാൻ പറഞ്ഞു. ഒരു മിനിറ്റു കഴിഞ്ഞപ്പോൾ മദർ വന്നു. പേരും സ്ഥലവും പറഞ്ഞ് ഞാൻ സ്വയം പരിചയപ്പെടുത്തി. മദറാണോ എന്ന ചോദ്യത്തിന് മദറാണെന്നും, പേര് ലിജിയെന്നാണെന്നും, കണ്ണൂർ ജില്ലയിലെ ചെമ്പേരിയിലാണ് വീടെന്നും പറഞ്ഞു. സന്തോഷം!

ആരെ കാണാനാണ് വന്നതെന്ന ചോദ്യത്തിന്, 'സിസ്റ്റർ ലൂസിയെ കാണാൻ വന്നതാണെ'ന്ന് ഞാൻ വ്യക്തമായി മറുപടി കൊടുത്തു.

'സിസ്റ്റർ ലൂസിയെ വിളിച്ചു പറഞ്ഞിരുന്നോ' എന്നായി അടുത്ത പരുഷമായ ചോദ്യം.

'ഞാൻ വിളിച്ചിരുന്നു' എന്നു മറുപടി കൊടുത്തപാടേ, 'ഇനി ഞാൻ പോയി ലൂസിയെ വിളിച്ചോണ്ടു വരണോ?' എന്നായി മദറിന്റെ അരിശത്തോടെയുള്ള



അടുത്ത ചോദ്യം!

ഒരു കോൺവെന്റിലെ മദർ... അവരുടെ ധിക്കാരം നിറഞ്ഞ ആ മറുപടിയിൽനിന്ന് എനിക്കു മനസ്സിലായി, പുതിയതായി വന്ന ഈ മദറും മറ്റു നാലു സിസ്റ്റേഴ്സും ചേർന്ന് സിസ്റ്റർ ലൂസിയെ ഒതുക്കിയിടാമെന്നു കരുതിയായിരിക്കണം ഇവിടേക്ക് ഈ അടുത്തകാലത്ത് പ്രൊവിൻഷ്യാളമ്മ പറഞ്ഞു വിട്ടതെന്ന്. കോൺവെന്റിലെത്തിയ ഒരു അതിഥിയോട് ആ മദർ കാണിച്ച പെരുമാറ്റത്തിലെ അനൗചിത്യം ഇവരുടെയൊക്കെ തനിസ്വഭാവം എന്തെന്നു വ്യക്തമാക്കുന്നതായിരുന്നു.

'മദറിനോട് സിസ്റ്റർ ലൂസിയെ പോയി വിളിച്ചോണ്ടു വരാൻ ഞാൻ ആവശ്യപ്പെട്ടോ? ഇല്ലല്ലോ...?' എന്ന എന്റെ ചോദ്യത്തോടെ മദറിനു തോന്നിയിട്ടുണ്ടാകണം, രംഗം കൂടുതൽ വഷളാക്കേണ്ടെന്ന്.

"ലൂസീ..... ലൂസീ..."എന്ന് മദർ അലറി വിളിച്ചത് എന്നോട് അരിശപ്പെട്ടാൽ ശരിയാവില്ലെന്നു തോന്നിയതുകൊണ്ടായിരിക്കാം.

# മാനസികപീഡനവും വിവേചനവും – കന്യാസ്ത്രീ സഭവിട്ടു!

സീറോ-മലബാർസഭയുടെ 'അസ്സീസി സിസ്റ്റേഴ്സ്' സന്ന്യാസസഭയിൽ അംഗമായിരുന്ന 29 വയസുകാരിയായ കന്യാസ്ത്രീ സഭ വിട്ടു. മാനസികപീഡനവും വിവേചനവുമാണു കാരണമെന്നു ബന്ധുക്കൾ അറിയിച്ചു. ജൂൺ 4 ചൊവ്വാഴ്ച പുലർച്ചെ കന്യാസ്ത്രീയുടെ പിതാവ് എത്തിയാണ് ചിറ്റൂരിൽ ലൂർദ് ആശുപത്രിക്കു സമീപമുള്ള കോൺവെന്റിൽനിന്നു മകളെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയത്.

12 വർഷംമുമ്പ് പ്ലസ് വണ്ണിനു പഠിക്കുമ്പോഴാണു കന്യാസ്ത്രീസമൂഹത്തിൽ ചേർന്നത്. കുടുംബം സാമ്പത്തികമായി തീർത്തും പിന്നാക്കമായതിനാൽ മാനസികമായി പീഡിപ്പിക്കുകയാണെന്നു വീട്ടുകാരെ അറിയിച്ചിരുന്നു. എന്തും സഹിച്ച് തുടരാൻ ശ്രമിച്ചു. എന്നാൽ, പീഡനം അതിരുവിട്ടതോടെ കൂട്ടിക്കൊണ്ടുപോകാൻ കന്യാസ്ത്രീ വീട്ടുകാരോട് ആവശ്യപ്പെടുകയായിരുന്നു.

സ്വയം പിരിഞ്ഞുപോകുകയാണെന്നു കത്ത് എഴുതിനല്കണമെന്നായിരുന്നു, മഠം അധികൃതരുടെ ആവശ്യം. അതിനു കന്യാസ്ത്രീയും കുടുംബവും വിസമ്മതിച്ചു. തുടർന്ന്, മഠാധികൃതർതന്നെ കന്യാസ്ത്രീയുടെ പിതാവിന്റെപേരിൽ ഒരു കത്ത് തയാറാക്കി. മഠത്തിൽനിന്നു സ്വയം വിട്ടുപോകുകയാണെന്നായിരുന്നു ഉള്ളടക്കം. അതിൽ ഒപ്പുവയ്ക്കാൻ കന്യാസ്ത്രീയുടെ പിതാവ് വിസമ്മതിച്ചു. അതോടെ, മഠം വിട്ടുപോകണമെങ്കിൽ അതു മറ്റുള്ളവർക്കുമുമ്പിലൂടെ ആകരുതെന്നും പുലർച്ചെയോ രാത്രി എട്ടിനുശേഷമോ മാത്രമേ പോകാവൂ എന്നും മഠത്തിൽനിന്നു

---

സിസ്റ്റർ ഷിജി(മദർ)യെക്കാൾ പ്രായമുള്ള സിസ്റ്റർ ലൂസിക്ക് ഒരു ബഹുമാനവും ആ അഹങ്കാരിയായ മദർ ആ മഠത്തിൽ കൊടുക്കുന്നില്ലെന്ന സത്യം ഞാൻ നേരിട്ടു മനസ്സിലാക്കുകയായിരുന്നു.

പുറമെനിന്ന് മഠത്തിലെത്തിയ ഒരാളോട് ഇങ്ങനെയാണ് പെരുമാറുന്നതെങ്കിൽ, ഏഴായിരത്തോളം അംഗങ്ങളുള്ള FCC സഭയുടെ കണ്ണിലെ കരടായി മാറിയ സിസ്റ്റർ ലൂസിയോട് എത്ര ക്രൂരമായും മോശമായിട്ടുമായിരിക്കും ഇവർ പെരുമാറുന്നതെന്ന് ഊഹിക്കാവുന്നതല്ലേയുള്ളൂ. ആനയെ മെരുക്കാൻ കുങ്കിയാനകളെ ഉപയോഗിക്കുന്നതുപോലെ, പ്രത്യേകം ട്രെയിനിംഗ് കൊടുത്ത കുങ്കിയാനയുടെ രീതിയിലുള്ള പെരുമാറ്റം! മദറിന്റെ പെരുമാറ്റത്തെ തൽക്കാലം ഞാൻ അങ്ങനെ വിലയിരുത്തി.

1993 മുതൽ FCC സന്ന്യാസമൂഹത്തിനുവേണ്ടി അദ്ധ്യാപികയായി ജോലിചെയ്തു. അന്നു മുതലുള്ള മുഴുവൻ ശമ്പളവും വാങ്ങിയെടുത്ത സഭാമേലധികാരികൾ സിസ്റ്റർ ലൂസി എങ്ങനെയെങ്കിലും മഠം ഉപേക്ഷിച്ചു പോകണമെന്ന്, പറയാതെ പറഞ്ഞുവെക്കുകയാണ്. അവരുടെ കൂട്ടായ ഒറ്റപ്പെടുത്തലുകളുടെ രൂക്ഷത സിസ്റ്റർ ലൂസിയുമായി കുറെ നേരം സംസാരിച്ചിരുന്നപ്പോൾ എനിക്കു ബോദ്ധ്യമായി. കഴിഞ്ഞ ഏതാനും മാസങ്ങളായി ഒരേ മഠത്തിൽ താമസിച്ചുവന്നിരുന്ന കന്യാസ്ത്രീകളിൽ ആരുംതന്നെ സിസ്റ്റർ ലൂസിയോട് ഒന്നും സംസാരിക്കാറുപോലുമില്ല. ഭക്ഷണം കഴിക്കുന്നതുപോലും ഒറ്റപ്പെട്ട്. ഇതിനുമുമ്പ് ആ മഠത്തിലുണ്ടായിരുന്നവർ അല്പമൊക്കെ സ്നേഹത്തോടെ പെരുമാറിയിരുന്നെന്നു മനസ്സിലാക്കിയ മദർ സുപ്പീരിയറും പ്രൊവിൻഷ്യാളും മദർ ജനറലുമൊക്കെ ചേർന്ന് അവരെയെല്ലാം സ്ഥലം മാറ്റി, എല്ലാ വെറുപ്പും വിദ്വേഷവും നിറച്ച നാലു സിസ്റ്റേഴ്സിനെ (കുങ്കിയാനകളെ) ഇവിടേക്ക് പറഞ്ഞയച്ചു എന്നു പറഞ്ഞാൽ അതായിരിക്കും സത്യം.

അനുസരണയും ദയയും ദാരിദ്ര്യവും വിശുദ്ധിയും, പോരാത്തതിന് പൊരിഞ്ഞ സ്നേഹവും നിറഞ്ഞുകവിഞ്ഞ് അണപൊട്ടിയൊഴുകുന്നു എന്ന് പുറംലോകം ചിന്തിക്കുന്ന ഒരു കോൺവെന്റിലെ വിദ്വേഷത്തിന്റെയും പകപോക്കലിന്റെയും നേർസാക്ഷ്യമാണ് ഞാൻ നേരിട്ടു കണ്ടു മനസ്സിലാക്കിയത്.

ലൂസി സിസ്റ്ററിനെ മഠത്തിൽനിന്നു ഡിസ്മിസ് ചെയ്താൽ, 1993 മുതൽ FCC സന്ന്യാസസമൂഹം വാങ്ങിച്ചെടുത്ത ലക്ഷക്കണക്കിന് രൂപയും അതിന്റെ പലിശയും നഷ്ടപരിഹാരവും കൊടുക്കേണ്ടിവരും. പൊതുസമൂഹവും സിസ്റ്ററിനെ പിന്തുണയ്ക്കുമെന്ന് അവർക്ക് നന്നായറിയാം. അതുകൊണ്ടുതന്നെ പുകച്ചു പുറത്തുചാടിക്കാനാണ് അവർ ശ്രമിക്കുന്നത്.

പിന്നീട്, ഞങ്ങൾ പുറത്തു വന്നപ്പോൾ, ലൂസി സിസ്റ്ററിനെ ഇഷ്ടപ്പെടുകയും പിന്തുണയ്ക്കുകയും ചെയ്യുന്നവരാണ് നാട്ടുകാർ മുഴുവനും എന്ന കാര്യം, പലരുടെയും സംസാരത്തിൽനിന്നും എനിക്ക് കൂടുതൽ വ്യക്തമായി.


ലൂസി സിസ്റ്ററുമായി കുറെ സമയം ഇന്ന് ഞാൻ (4/6/2019) സംസാരിച്ചിരുന്നപ്പോൾ ഒരു കാര്യം എനിക്ക് കൂടുതൽ വ്യക്തമായി. സിസ്റ്റർ ലൂസി കളപ്പുര ഉറച്ച നിലപാടുള്ള കന്യാസ്ത്രീയാണ്. പേടിപ്പിച്ചും പീഡിപ്പിച്ചും സിസ്റ്റർ ലൂസിയെ മര്യാദ പഠിപ്പിക്കാമെന്ന് ഒരു സഭാമേലധികാരിയും സ്വപ്നം കാണേണ്ട; അത് നടക്കില്ല.

കാരണം, അവർക്ക് പൂർണ്ണപിന്തുണയുമായി അനേകമാളുകൾ പൊതുസമൂഹത്തിലുണ്ട്.

# കൊന്തയിൽ ചോര പുരളുമ്പോൾ!

**വ**ളരെയേറെ പീഡനാനുഭവങ്ങൾ നിറഞ്ഞ ജീവിതമാണ് ഓസ്ട്രേലിയയിലെ കന്യാസ്ത്രീയായ മാർഗററ്റ് ഹരോഡിനുള്ളത്. തന്റെ രണ്ടാം വയസ്മുതൽ 20-ാം വയസ്സുവരെ സ്വന്തം പിതാവിന്റെ ലൈംഗികപീഡനമേറ്റാണ് മാർഗററ്റ് കഴിഞ്ഞത്. മുതിർന്ന് കന്യാസ്ത്രീയായി മഠത്തിൽ ചേർന്നപ്പോൾ അവിടുത്തെ വൈദികന്റെ പീഡനവും ഇവർക്ക് ഏറ്റുവാങ്ങേണ്ടി വന്നു . തന്റെ ഇരട്ട സഹോദരനും പിന്നീട് വൈദികനുമായിത്തീർന്ന മൈക്കൽ ഹരോഡ് ബാലപീഡകനാണെന്ന് തിരിച്ചറിഞ്ഞപ്പോൾ, അദ്ദേഹത്തിനെതിരെ അധികൃതർക്ക് പരാതി നൽകി ജയിൽശിക്ഷ വാങ്ങിക്കൊടുക്കാനുള്ള വിധിയും മാർഗററ്റിനുണ്ടായിട്ടുണ്ട്. തന്റെ ഇത്തരത്തിലുള്ള ദുരനുഭവങ്ങൾ 'കൊന്തയിൽ ചോര പുരളുമ്പോൾ' എന്ന പേരിൽ മാർഗററ്റ് പുസ്തകമായെഴുതി പ്രസിദ്ധീകരിച്ചത് ഓസ്ട്രേലിയൻ കത്തോലിക്കാസഭയ്ക്ക് ഇപ്പോൾ തലവേദനയായിത്തീർന്നിരിക്കുകയാണ്.

ഇരട്ടകളായി പിറന്ന മൈക്കലും മാർഗററ്റും ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഒരുമിച്ചായിരുന്നു മുന്നേറിയിരുന്നത്. സ്കൂളിൽ ഒരേ ക്ലാസ്സുകളിലിരുന്ന് പഠിച്ച ഇരുവർക്കും പൊതുവായ സുഹൃത്തുക്കളായിരുന്നു ഉണ്ടായിരുന്നത്. തുടർന്ന് തങ്ങളുടെ 22-ാം വയസ്സിൽ മാർഗററ്റ് കന്യാസ്ത്രീയായും മൈക്കൽ പുരോഹിതനായും മാറുകയായിരുന്നു. പുരോഹിതനായിരിക്കെ നിരവധി കുട്ടികളെ പീഡിപ്പിച്ച കേസുകളിലാണ് മൈക്കൽ ഇപ്പോൾ തടവിലായിരിക്കുന്നത്. ഇതിനുള്ള നിർണായക തെളിവുകൾ അധികൃതർക്ക് കൈമാറിയത് ഇരട്ട സഹോദരിയായ




നിർദ്ദേശിച്ചു. അതിനേത്തുടർന്നാണ്, കഴിഞ്ഞ ചൊവ്വാഴ്ച പുലർച്ചെയെത്തി പിതാവ് മകളെ കൂട്ടിക്കൊണ്ടുപോയത്.


*(കടപ്പാട്: മംഗളം ഓൺലൈൻ)*

- കന്യാസ്ത്രീസഭകളുടെ മദർ, മദർ ജനറൽ, മദർ സുപ്പീരിയർ മുതലായ സ്ഥാനങ്ങളൊക്കെ എന്തോ വലിയ പദവികളാണെന്നും, കീഴിലുള്ള ഏതു കന്യാസ്ത്രീയുടെയും ജീവിതം തകർത്തുകളയാൻപോലുമുള്ള 'ദൈവികാധികാര'മാണ് അതിലൂടെ തങ്ങൾക്കു കൈവന്നിരിക്കുന്നതെന്നും ധരിച്ച് ഊറ്റംകൊള്ളാൻമാത്രം അല്പത്വമാണ്, ഈ സ്ഥാനങ്ങളിലിക്കുന്ന പലരുടെയും ആകെയുള്ള കൈമുതൽ എന്നാണ്, പീഡനം സഹിക്കവയ്യാതെ മഠംവിട്ട ഈ കന്യാസ്ത്രീയുടെയും, പീഡിപ്പിച്ചു പുറത്താക്കാൻ നോക്കുന്ന സിസ്റ്റർ ലൂസിയുടെയും സിസ്റ്റർ ലിസിയുടെയുമൊക്കെ അനുഭവങ്ങളിൽനിന്നു മനസ്സിലാക്കാൻ കഴിയുന്നത്. മഠത്തിൽ ചേരുന്നതോടെ, ഭൂരിപക്ഷം പേരുടെയും മാനസ്സിക വികാസം അസ്തമിക്കുകയാണോ എന്നു തോന്നിപ്പോകുന്നു. ഈ ഇരുണ്ട സാഹചര്യത്തിലും സ്വന്തം വ്യക്തിത്വവും സംസ്കാരികവളർച്ചയും നിലനിൽത്തിയ സിസ്റ്റർ ലൂസിയെയും സിസ്റ്റർ ടീനയെയുംപോലുള്ള കന്യാസ്ത്രീകളെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല.

വാസ്വത്തിൽ, ഇത്തരം മഠാധികൃതർ തങ്ങളുടെയെന്നല്ല കത്തോലിക്കാസഭയിലെ മുഴുവൻ സന്ന്യസ്തസഭകൾക്കും കുളംതോണ്ടുകയാണ് ചെയ്യുന്നത്. സന്ന്യസ്തസഭകളെ രക്ഷിക്കണമെങ്കിൽ, 'സന്ന്യാസജീവിതം അടിമത്തമല്ലെ'ന്നും, 'സ്വതന്ത്രമായി പാടിപ്പറന്നു പ്രവർത്തിക്കാൻ കഴിയേണ്ട ഒന്നാണതെ'ന്നുമുള്ള സിസ്റ്റർ ലൂസിയുടെ നിലപാട് ഉൾക്കൊണ്ടുകൊണ്ടുള്ള ഒന്നായി അതിനെ അടിമുടി ഉടച്ചുവാർക്കേണ്ടിയിരിക്കുന്നു.

**- എഡിറ്റർ**

# പൗരസ്ത്യസഭകളുടെ കാനോൻനിയമവും മാർത്തോമ്മാക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളും ചർച്ച് ട്രസ്റ്റ് ബില്ലും



**ചാക്കോ കളരിക്കൽ** *-USA*

*[കെ.സി.ആർ.എം. നോർത്ത് അമേരിക്കയുടെ 17-ാമത് ടെലി-കോൺഫെറൻസിൽ ശ്രീ. ചാക്കോ കളരിക്കൽ (പ്രസിഡണ്ട്, കെ.സി. ആർ.എം. നോർത്ത് അമേരിക്ക) അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംഗ്രഹം. പ്രബന്ധം പൂർണമായി വായിക്കാൻ മെയ് 12-ലെ അല്മായശബ്ദം ബ്ലോഗും, പ്രബന്ധാവതരണവത്തിന്റെയും ചർച്ചയുടെയും വോയ്സ് റിക്കോർഡിംഗ് കേൾക്കാൻ മെയ് 10-ലെ 'KCRM (North America)' എന്ന വാട്ട്സാപ്പ് പോസ്റ്റും സന്ദർശിക്കുക]*

മാർത്തോമ്മാ നസ്രാണിക്രിസ്ത്യാനികളുടെ സഭാജീവിതപാരമ്പര്യങ്ങളെയും പുതുതായി ആ സഭയ്ക്ക് ബാധകമാക്കിയ പൗരസ്ത്യസഭകളുടെ കാനോനകളെയുംതമ്മിൽ ഒരു താരതമ്യപഠനം നടത്തി വിലയിരുത്തുമ്പോഴാണ് ചർച്ച് ട്രസ്റ്റ് ബില്ലിന്റെ പ്രസക്തിയും പ്രാധാന്യവും നമുക്ക് വ്യക്തമാകുന്നത്. കെ.സി.ആർ.എം. നോർത്ത് അമേരിക്കയുടെ പ്രവർത്തന ലക്ഷ്യവുമായി ഈ ചർച്ചാവിഷയത്തിന് ഗാഢമായ ബന്ധമുണ്ട്.

**പാശ്ചാത്യസഭയും പൗരസ്ത്യസഭകളും**

നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, ഒരു ലത്തീൻപാശ്ചാത്യസഭയും സീറോ-മലബാർ, സീറോ- മലങ്കര സഭകളും മറ്റ് 21 റോമൻ പൗരസ്ത്യസഭകളും കൂടിയതാണ് മാർ പാപ്പാ തലവനായുള്ള റോമൻ കത്തോലിക്കാസഭ. കത്തോലിക്കാസഭയിൽ മൊത്തം 24 സഭകൾ, അഥവാ റീത്തുകളുണ്ട്. കത്തോലിക്കാസഭയിൽ ഒരേ വിശ്വാസ/കൂദാശാ പൈതൃകമാണുള്ളതെങ്കിലും, വൈവിധ്യമാർന്ന രീതിയിൽ വിവിധ സഭകൾവഴി അത് ആവിഷ്ക്കരിക്കപ്പെടുന്നു. ആദ്യനൂറ്റാണ്ടിലെ വേദപ്രചാരണം റോമാസാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഇറ്റലി, ടർക്കി, സിറിയ, ഈജിപ്റ്റ്, പാലസ്റ്റൈൻ എന്നീ ഭൂപ്രദേശങ്ങളിലായിരുന്നു. മേല്പറഞ്ഞ അഞ്ചു പ്രവിശ്യകളും പിൻകാലത്ത് റോമാ, കോൺസ്റ്റാൻറ്റിനോപ്പിൾ, അന്ത്യോഖ്യ, അലക്സാണ്ഡ്രിയ, ജെറുശലേം എന്നീ പട്ടണങ്ങളെ കേന്ദ്രീകരിച്ച് പാത്രിയാർക്കൽ സഭകളായി. അതിൽ റോം പാശ്ചാത്യ പാത്രിയാർക്കൽ സഭയും, മറ്റ് നാല് സഭകളും പൗരസ്ത്യ റോമൻ പാത്രിയാർക്കൽ സഭകളുമായി. പാശ്ചാത്യസഭ, പൗരസ്ത്യസഭകൾ എന്ന വേർതിരിവുകളും നാമങ്ങളും റോമാസാമ്രാജ്യവുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. എ. ഡി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഡയോക്ളീഷൻ ചക്രവർത്തി റോമാസാമ്രാജ്യത്തെ പാശ്ചാത്യവും പൗരസ്ത്യവും എന്ന് രണ്ടായി വിഭജിച്ചു. റോമാസാമ്രാജ്യത്തിലെ നാല് പൗരസ്ത്യ പാത്രിയാർക്കൽ സഭകളും പില്ക്കാലങ്ങളിൽ വിഭജിക്കപ്പെട്ട് ഇന്ന് കത്തോലിക്കാസഭയിൽ 21 റോമൻ പൗരസ്ത്യറീത്തുകളുണ്ട്. പാശ്ചാത്യ റോമൻ പാത്രിയാർക്കൽ സഭ വിഭജിക്കപ്പെടാതെ ഇന്നും ലത്തീൻറീത്തായി തുടരുന്നു.

റോമാസാമ്രാജ്യത്തിന്റെ കിഴക്കു സ്ഥിതിചെയ്യുന്ന ഭാരതത്തിൽ തോമ്മാശ്ലീഹ സ്ഥാപിച്ച സഭയായ മാർത്തോമ്മാ നസ്രാണിസഭയുടെ രണ്ടു വിഭാഗങ്ങളായ സീറോ-മലബാർ, സീറോ- മലങ്കര സഭകൾ വാസ്തവത്തിൽ, റോമൻ

---

മാർഗററ്റ് ആണെന്നത് വിധിയുടെ ക്രൂരമായ വിളയാട്ടമാണെന്ന് വിശേഷിപ്പിക്കപ്പെടുന്നു. മൈക്കലിനുപുറമേ മറ്റ് പുരോഹിതന്മാർ കുട്ടികൾക്കെതിരെ നടത്തിയ ലൈംഗിക പീഡനങ്ങളെക്കുറിച്ചുള്ള ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകൾ നടത്തി മാർഗററ്റ് അവർക്കും ശിക്ഷ വാങ്ങിക്കൊടുത്തിരുന്നു. ഓർമവച്ച നാൾ മുതൽ തന്നെ പീഡിപ്പിച്ചിരുന്ന പിതാവിനെക്കുറിച്ചും മാർഗററ്റ് ധൈര്യസമേതം പിന്നീട് വെളിപ്പെടുത്തിയിരുന്നു. കുടുംബത്തിൽനിന്ന് ഇത്തരത്തിൽ നേരിട്ട പീഡനത്തിൽനിന്നു രക്ഷപ്പെടാനായിരുന്നു മാർഗററ്റ് കന്യാസ്ത്രീയായി മാറിയതെന്നും റിപ്പോർട്ടുണ്ട്.

ചെറുപ്പത്തിൽ താൻ നേരിട്ട പീഡനത്തെക്കുറിച്ച് മാർഗററ്റ് ഒരു പുരോഹിതനോട് വെളിപ്പെടുത്തിയിരുന്നു. അതിനെത്തുടർന്ന് മാർഗററ്റിനെ ആ പുരോഹിതനും പീഡിപ്പിച്ചിരുന്നുവെന്നാണ് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത്. ഇത്തരത്തിൽ ചുരുങ്ങിയ കാലത്തിനുള്ളിൽ താൻ അനുഭവിച്ച പീഡാനുഭവങ്ങൾ സ്യൂ സ്മെത്തേർസ്റ്റ് എന്ന എഴുത്തുകാരിയുടെ സഹായത്തോടെ 'ബ്ലഡ് ഓൺ ദി റോസറി' അഥവാ 'കൊന്തയിൽ ചോര പുരളുമ്പോൾ' എന്ന പേരിൽ മാർഗററ്റ് പുസ്തകമാക്കിയത് ഓസ്ട്രേലിയൻ കത്തോലിക്കാസഭയ്ക്ക് കടുത്ത ബുദ്ധിമുട്ടാണുണ്ടാക്കുന്നത്. സഭയിലെ വൈദികരും മറ്റും കാട്ടിക്കൂട്ടുന്ന കൊള്ളരുതായ്മകളെ തുറന്നു കാട്ടുന്ന ഒരു പുസ്തകമാണിത്.

*(കടപ്പാട്: 'Dailyhunt' - ഫെബ്രു.3)*

പൗരസ്ത്യസഭകളിൽപ്പെട്ടവയല്ല. അവ ഭാരതത്തിന്റെ തനത് അപ്പോസ്തലികസഭയാണ്. ഏതാനും റോമൻ പൗരസ്ത്യസഭകളിലെ മെത്രാപ്പോലീത്തമാർ മലങ്കരയിലെത്തി നസ്രാണികൾക്ക് ആധ്യാത്മിക ശുശ്രൂഷകൾ ചെയ്തിരുന്നെങ്കിലും നസ്രാണിസഭ ഒരു കാലത്തും, വിശ്വാസപ്രഖ്യാപനംവഴിയായോ ഭരണപരമായോ റോമാസാമ്രാജ്യത്തിലെ പൗരസ്ത്യ സഭകളുടെ ഭാഗമായിരുന്നിട്ടില്ലെന്നുള്ളത് ഒരു ചരിത്രസത്യമാണ്.

**നസ്രാണിപാരമ്പര്യങ്ങളും പൈതൃകങ്ങളും**

ആധുനിക സീറോ-മലബാർ സഭാസമൂഹത്തിൽ പഠനത്തിനും ചർച്ചകൾക്കും വിധേയമായിക്കൊണ്ടിരിക്കുന്ന ആനുകാലികവിഷയമാണ് നസ്രാണിപാരമ്പര്യങ്ങളും പൈതൃകവുമെന്നത്.

ബാഗ്ദാദ് ആസ്ഥാനമായുള്ള കൽദായ സഭയുടെ, ഭാഗമാണ് നസ്രാണി കത്തോലിക്കാസഭ എന്ന അടുത്തകാലത്തെ കണ്ടുപിടുത്തം യഥാർത്ഥത്തിൽ കേരളത്തിലെ നസ്രാണികത്തോലിക്കരുടെ സഭാചരിത്രത്തിൽ നടന്ന വൻ അട്ടിമറിയാണ്. കല്ദായസഭ രണ്ടാം നൂറ്റാണ്ടിലോ മൂന്നാം നൂറ്റാണ്ടിലോ ആണ് സ്ഥാപിതമായത്. അപ്പോൾ ഒന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഭാരതത്തിലെ മാർത്തോമ്മാ നസ്രാണിസഭ എങ്ങനെ കല്ദായസഭയുടെ പുത്രീസഭയാകും എന്ന ചോദ്യം ഇവിടെ വളരെ പ്രസക്തമാണ്. ഈ സഭയെ റോമിലെ പൗരസ്ത്യതിരുസംഘത്തിന്റെ ഭരണത്തിൻകീഴിൽ നിലനിർത്താൻവേണ്ടി, അവർ മെനഞ്ഞ കെണിയുടെ ഭാഗമായാണ് സീറോ-മലബാർ, സീറോ-മലങ്കര സഭകളെ റോമൻ പൗരസ്ത്യസഭകളുടെ ഭാഗമാക്കിയത്. നസ്രാണി സഭാചരിത്രത്തെ ഇപ്രകാരം വക്രീകരിച്ചതിനെ സംബന്ധിച്ച് ചരിത്രയാഥാർഥ്യങ്ങളുടെ അടിസ്ഥാനത്തിൽ ആഴത്തിൽ നാം പഠിക്കേണ്ടതുണ്ട്.

നസ്രാണിസഭയ്ക്ക് പാരമ്പര്യങ്ങൾ പലതുണ്ടെങ്കിലും നമ്മുടെ ചർച്ചാവിഷയം പ്രധാനമായി പള്ളിസ്വത്തുഭരണമായതിനാൽ, ആ പാരമ്പര്യത്തിലേക്കുമാത്രം ഒതുങ്ങുകയാണ്. "ഓരോ പ്രാദേശിക സഭയുടെയും പാരമ്പര്യങ്ങളെ അഭംഗമായും പൂർണമായും സംരക്ഷിക്കുക എന്നതാണ് തിരുസഭയുടെ ലക്ഷ്യം" എന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശത്തെ സീറോ-മലബാർ മെത്രാന്മാർ പരിഗണിച്ചിട്ടില്ലെന്ന് അവരുടെ പ്രവൃത്തികൾ തെളിയിക്കുന്നു. അല്മായർക്ക് സഭാഭരണത്തിൽ പൂർണമായ ഭാഗഭാഗിത്വം ഉണ്ടായിരുന്ന പള്ളി പൊതുയോഗങ്ങൾവഴിയുള്ള സഭാഭരണരീതി മാർത്തോമ്മാക്രിസ്ത്യാനികളുടെ തനിമയാർന്ന പൈതൃകമായിരുന്നു. ആ പൈതൃകത്തെ അവഗണിച്ച്, പാശ്ചാത്യസഭാഭരണരീതിയിലുള്ള വികാരിയെ ഉപദേശിക്കുന്ന പാരീഷ്കൗൺസിൽ സംവിധാനം മെത്രാന്മാർ നടപ്പിലാക്കി. അതോടെ പള്ളിഭരണപൈതൃകത്തിലെ സന്തുലിതാവസ്ഥ നഷ്ടപ്പെട്ടു. നസ്രാണികളുടെ എല്ലാമായ പള്ളിപൊതുയോഗ ഭരണസമ്പ്രദായത്തെ തകിടം മറിച്ച് എല്ലാ അധികാരങ്ങളും മെത്രാന്റെ ഭരണത്തിൻകീഴിലാക്കി. നിയമപ്രകാരം പാരീഷ് കൗൺസിലിനും പൊതുയോഗത്തിനും വികാരിയെ ഉപദേശിക്കാനുള്ള അവകാശമേയുള്ളൂ. തീരുമാനമെടുത്തു നടപ്പിലാക്കാനുള്ള അധികാരം ആ സമിതികൾക്ക് ഇന്നില്ലായെന്ന് ചുരുക്കം. അക്കാരണത്താലാണ് അടുത്ത കാലത്തായി പല ഇടവകപ്പള്ളികളിലും രൂപതകളിലും സാമ്പത്തിക വെട്ടിപ്പുകളും തിരിമറികളും നടക്കുന്നത്. ഹൃദയമുള്ള ഒരു നസ്രാണികത്തോലിക്കനും സഹിക്കാൻ സാധിക്കുന്ന കാര്യമല്ലത്. ഇതെല്ലാം എന്തിനുവേണ്ടി? യേശുപഠനത്തിന് കടകവിരുദ്ധമായി അധികാരത്തിനും സമ്പത്തിനുംവേണ്ടി. പാശ്ചാത്യർ നമ്മെ പാശ്ചാത്യവൽക്കരിക്കാൻ ശ്രമിച്ചെങ്കിൽ നമുക്കത് മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ, ഇന്ന് ആ കർമ്മം യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന നാട്ടുമെത്രാന്മാരും അവർക്ക് ഓശാന പാടിനിൽക്കുന്ന പുരോഹിത വർഗ്ഗവും അക്കാര്യത്തിൽ കൂട്ടുകുറ്റക്കാരാണ്.


**പൗരസ്ത്യ കാനോൻ നിയമസംഹിത**

സഭയുടെ അന്ധകാരയുഗങ്ങളിലാണ് കാനോൻ നിയമസംഹിതയ്ക്ക് രൂപംനൽകിയത്. 1918-ലാണ് തികഞ്ഞ ഒരു കാനോൻ നിയമപ്പുസ്തകം പുറത്തിറങ്ങുന്നത്. കാലോചിതമായ രീതിയിൽ കാനോൻ നിയമത്തെ പുതുക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിൽ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ, അതിയാഥാസ്ഥിതികനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ കൗൺസിലിന്റെ നിർദ്ദേശത്തെ പരിഗണിക്കാതെ ഹയരാർക്കി ഭരണസമ്പ്രദായത്തെ അരക്കിട്ടുറപ്പിച്ചുകൊണ്ട് ലത്തീൻസഭയ്ക്കുവേണ്ടി 1983-ലും പൗരസ്ത്യസഭകൾക്കുവേണ്ടി 1991-ലും കാനോൻനിയമസംഹിതകൾ പ്രസിദ്ധീകരിച്ചു. പൗരസ്ത്യകാനോൻനിയമസംഹിതയിൽ 1546 കാനോനകളും ആയിരക്കണക്കിന് ഉപകാനോനകളുമുണ്ട്. കർത്താവിന്റെ കാലത്ത് യഹൂദജനതയ്ക്ക് 613 നിയമങ്ങളേ ഉണ്ടായിരുന്നുള്ളു. ആ നിയമങ്ങളെ തള്ളിപ്പറഞ്ഞ്, 'നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ' എന്ന ഒരേയൊരു പ്രമാണമാണ് യേശു ശിഷ്യരെ പഠിപ്പിച്ചത്. ആ സ്ഥാനത്താണിന്ന് 1546 നിയമങ്ങൾ!

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യങ്ങളെ തെല്ലും പരിഗണിക്കാതെയാണ്, പൗരസ്ത്യ തിരുസംഘം പൗരസ്ത്യസഭകൾക്കുള്ള കാനോൻ നിയമസംഹിത സീറോ-മലബാർ സഭയ്ക്ക് 1992- ൽ ബാധകമാക്കിയത്. അന്ത്യോഖ്യയിൽ മൽക്കയിറ്റ് പാത്രിയാർക്കീസ് ആയിരുന്ന മാക്സിമോസ് അഞ്ചാമൻ (Maximos V), പൗരസ്ത്യകാനോനകൾ പൗരസ്ത്യരുടെ പാരമ്പര്യത്തിനു വിപരീതമായ പാശ്ചാത്യ പ്രമാണരേഖയാണെന്ന് പ്രസ്താവിച്ച് അതിനെ നിന്ദിക്കുകകൂടി ചെയ്തിട്ടുള്ളതാണ്. പക്ഷേ, പാശ്ചാത്യ അധിനിവേശത്താൽ നസ്രാണിസഭ മുഴുവൻ ലത്തീനീകരിക്കപ്പെട്ടു എന്ന് വിലപിക്കുന്ന സീറോ-മലബാർ മെത്രാന്മാർ പള്ളിസ്വത്തുക്കളുടെ കൈകാര്യകർതൃത്വവും പള്ളിഭരണകാര്യങ്ങളും വന്നപ്പോൾ യാതൊരുവക അഭിപ്രായപ്രകടനവും

# കാനോൻ നിയമത്തിന്റെ അധികാരപരിധി പരിമിതപ്പെടുത്തുക; സാമൂഹികനീതി ഉറപ്പു വരുത്തുക

## –ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ




**വ**രുമാനനികുതി അടയ്ക്കാതിരിക്കാൻ കാനോൻനിയമം പരിചയാക്കിയത് നിലംപരിശാക്കിക്കൊണ്ട് ചെന്നൈ ഹൈക്കോടതി പ്രസ്താവിച്ച വിധി സ്വാഗതാർഹമാണ്. കത്തോലിക്കാസഭയുടെ എല്ലാ കൊള്ളരുതായ്മകൾക്കും കവചമൊരുക്കി നിലകൊള്ളുന്ന വിദേശഭരണഘടനയായ കാനോൻനിയമം ഇന്ത്യൻ ഭരണഘടനയെ വെല്ലുവിളിക്കുന്ന സാഹചര്യങ്ങളുണ്ടായിട്ടും പല കോടതികളും അതിനെതിരെ കണ്ണടയ്ക്കുന്ന പ്രവണത തുടരുകയായിരുന്നു. ചില കോടതികൾ സാമ്പത്തികകാര്യങ്ങളിൽ കാനോൻ നിയമമനുസരിച്ച് വിധികൾ നൽകുകയും ചെയ്തു. ഇതുമൂലം സാമ്പത്തികവും സാമൂഹികവുമായ വളരെയധികം സങ്കീർണതകൾ ഉടലെടുക്കുകയും ചെയ്തിട്ടുണ്ട്. തുല്യനീതിയെന്നത് കാണാമറയത്താവുകയും സാമാന്യനീതിപോലും അട്ടിമറിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിയിലാണ് കാര്യങ്ങൾ.

വിശ്വാസികളുടെ അവകാശങ്ങൾ നിഷേധിക്കാനും അവരെ ചവിട്ടിയരയ്ക്കാനും കാനോൻനിയമം എന്ന രാജനിയമം മെത്രാന്മാർ ഉപയോഗിക്കുകയാണ്. ഒരു സ്വതന്ത്ര പരമാധികാര മതേതര രാജ്യത്ത് ഭരണഘടനയാണ് പൗരന്റെ

---

നടത്തിയില്ല.

**ചർച്ച് ട്രസ്റ്റ് ബിൽ**

മേൽപറഞ്ഞ തിരിമറികളുടെ അടിസ്ഥാനത്തിൽവേണം ചർച്ച് ആക്ടിന്റെ പ്രാധാന്യത്തെപ്പറ്റി നാം വിലയിരുത്തേണ്ടത്. പള്ളികളുടെ സാമ്പത്തിക ഭരണകാര്യത്തിൽ പരമാധികാരമുണ്ടായിരുന്ന പള്ളിപ്പൊതുയോഗത്തെ മെത്രാന്മാർ നാളിതുവരെ പുനഃസ്ഥാപിച്ചിട്ടില്ല. പകരം, പൗരസ്ത്യ കാനോൻ നിയമംവഴി പള്ളികളുടെ സാമ്പത്തികഭരണം അവർ പിടിച്ചെടുക്കുകയാണ് ചെയ്തത്. അപ്പോൾ ഇടവകക്കാർക്ക് അവരുടെ സ്വത്ത് കാത്തുസൂക്ഷിക്കണമെങ്കിൽ ചർച്ച് ആക്ട്പോലുള്ള സിവിൽ നിയമത്തെ ആശ്രയിക്കാതെ മറ്റ് മാർഗങ്ങൾ ഒന്നുമില്ല. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പഴയ പാരമ്പര്യത്തിലധിഷ്ഠിതമായ, പല തട്ടിലുള്ള പള്ളിയോഗങ്ങളെ, അതായത് ഇടവകയോഗം, പ്രാദേശികയോഗം, മലങ്കരപ്പള്ളിക്കാരുടെ പള്ളിപ്രതിപുരുഷയോഗം, എന്നിവ സീറോ-മലബാർ സഭാസിനഡ് പുനഃസ്ഥാപിച്ചുകൊണ്ട് പള്ളികളുടെ സ്വത്തുഭരണം സഭയിൽ നടപ്പിലാക്കിയാൽ ചർച്ച് ട്രസ്റ്റ് ബില്ലിന്റെ ആവശ്യമേയില്ലെന്നകാര്യം നാം മനസ്സിലാക്കണം.

പള്ളിഭരണത്തിന് സിവിൽ നിയമം എന്ന ആശയത്തിന്റെ സാഫല്യമാണല്ലോ ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ ശിപാർശ ചെയ്ത 'ദ കേരള ചർച്ച് പ്രോപ്പർട്ടീസ് ആൻറ്റ് ഇൻസ്റ്റിട്യൂഷൻസ് ട്രസ്റ്റ് ബിൽ -2009' അഥവാ 'ചർച്ച് ട്രസ്റ്റ് ബിൽ'. ക്രൈസ്തവസമുദായത്തിലെ ഓരോ വ്യക്തിയുടെയും അവകാശസംരക്ഷണത്തിനുംകൂടിയാണ് ക്രിസ്ത്യൻ സഭകൾക്കും അവരുടെ സ്വത്തുഭരിക്കാൻ നിയമമുണ്ടാക്കണമെന്ന് സഭാംഗങ്ങൾ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നത്. ക്രിസ്ത്യൻ സഭകളിൽ സുതാര്യവും സുവിശേഷാധിഷ്ഠിതവുമായ പള്ളിസ്വത്തുഭരണം ആ ബില്ലുവഴി നേടിയെടുക്കാൻ സാധിക്കും. 'ചർച്ച് ട്രസ്റ്റ് ബിൽ' ക്രിസ്ത്യൻ സമൂഹത്തിന്റെ അടിത്തറയാണ്. അതുകൊണ്ട് ക്രിസ്ത്യൻ സഭകളുടെ നല്ല ഭാവിയെ കാംക്ഷിക്കുന്ന വൈദികരും സന്ന്യസ്തരും വിശ്വാസികളും 'ചർച്ച് ട്രസ്റ്റ് ബിൽ' നിയമമാക്കിയെടുക്കാൻ എല്ലാ വിധേനയും പരിശ്രമിക്കേണ്ടതാണ്.

പ്രിയരേ, സഭയിലെ ഏറിയ ശതമാനം അംഗങ്ങളും യുക്തിഭദ്രമായി ചിന്തിക്കാത്തവരാണ്. അവർ സഭയിലെ ആചാരാനുഷ്ഠാനങ്ങൾകൊണ്ട് തൃപ്തിപ്പെടുന്നു; അത് അവരുടെ ആത്മാക്കളെ രക്ഷിക്കുമെന്ന് അവർ വിശ്വസിക്കുന്നു. യേശുവിന്റെ ജീവിതവഴികളെ സംബന്ധിച്ചു പഠിക്കാൻ അവർക്ക് ഉത്സാഹമില്ല. എങ്കിലും, ചർച്ച് ബില്ലിന്റെ വിഷയത്തിലെങ്കിലും അവരെ ബോധവൽക്കരിക്കേണ്ട ചുമതല നമ്മുടേതാണ്.

ഫോൺ:(001) 582071040



# അഭിമാനമെന്നൊന്നുണ്ടോ, നമുക്ക് ?

**ടി.ജെ.ജോസഫ് തേനമ്മാക്കൽ**

**ലോ**കത്തിലെ ഏറ്റവും വലിയ ജനായത്ത സമ്പ്രദായത്തിൽ ജീവിക്കുന്ന ഭാരതീയരിലെ ഒരു നിസ്സാര ശതമാനംമാത്രം വരുന്ന ഭാരത മാർത്തോമ്മാ കത്തോലിക്കരെ (Syro- Malabar എന്നും പാഠഭേദമുണ്ട്.!) ഭരിക്കുന്നത് രണ്ടു ഭരണഘടനകളാണ്–മാതൃരാജ്യമായ ഭാരതത്തിന്റെ ഭരണഘടനയും, CCEO എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന 'Codex Canonum Ecclesiarum Orientalium - Code of Canons of the Oriental Churches' എന്ന ഒരത്ഭുത റോമൻനിർമ്മിത നിയമസംഹിതയും.

ആദ്യത്തേതിൽ, ഭരണാധിപർ ജനായത്ത രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്നു. നിയമങ്ങൾ നിർമ്മിച്ച് ചട്ടങ്ങൾ രൂപീകരിക്കുവാൻ ജനായത്ത വേദിയായ ലെജിസ്ലേച്ചർ, അവ നടപ്പിലാക്കാൻ എക്സിക്യൂട്ടീവ്, നിയമങ്ങളെ അവയുടെ സമഗ്രതയിൽ ഭരണഘടനാടിസ്ഥാനത്തിൽ വിശദീകരിക്കാനും വിശകലനംനടത്താനും കോടതി. ഇത്രയുമൊക്കെ സ്ഥാപനങ്ങൾ ജനക്ഷേമം എന്ന ഒരൊറ്റ ക്കാര്യത്തിനായി പ്രവർത്തിക്കുന്നു. ഇത്രമാത്രം കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു സംവിധാനത്തിനകത്ത് ഏകാധിപതികളുടെ കുറെ കുട്ടി സാമ്രാജ്യങ്ങൾ പ്രവർത്തിക്കുന്നുവെന്നത് ഭാരത മാർത്തോമ്മാ കത്തോലിക്കാമതവിശ്വാസികളിൽ അടിമത്തബോധം നിറയ്ക്കുന്നതിനോടൊപ്പം, സമൂഹത്തിൽ അവരെ അവഹേളനാപാത്രങ്ങളും ആക്കിത്തീർക്കുന്നു.

ദൈവത്തിന്റെയോ ആൾദൈവത്തിന്റെയോ വഴിവക്കിലവറാന്റെയോ പേരിലോ, പേരില്ലായ്മയിലോ ആയാലും, ഈ രാജ്യത്ത് സ്വത്തുക്കൾ സമാർജ്ജിക്കാനും നിലനിറുത്താനും വിറ്റഴിക്കാനുമൊക്കെ രാജ്യത്തെ നിയമങ്ങളോടാവണം, ഏതൊരു പൗരസമൂഹത്തിനും കടപ്പാട്.

സഭയെന്ന്, നാം തോന്നുമ്പോൾ തോന്നുന്നതുപോലെ വ്യാഖ്യാനിക്കുന്ന (ഉദാ.സഭ: 'ക്രിസ്തുവിന്റെ മൗതികശരീരം' – കാണാനും കേൾക്കാനും പറ്റില്ലാത്ത mystical body; 'വിശ്വാസികളുടെ കൂട്ടായ്മ', 'ഒരു പ്രാദേശിക മെത്രാന്/ പാത്രിയർക്കീസിന് വിധേയപ്പെട്ടുകഴിയുന്ന അജഗണം') ഈ

---

പരമപ്രധാന മാർഗരേഖ. അതിനെ വെല്ലുവിളിക്കുന്നയാതൊന്നും അനുവദിച്ചുകൂടാത്തതാണ്. ഇത് ചെന്നൈ ഹൈക്കോടതി അടിവരയിട്ടുറപ്പിച്ചിരിക്കുകയാണ്, കേന്ദ്രസർക്കാരും 'സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റും' തമ്മിലുള്ള വരുമാനനികുതിസംബന്ധമായ കേസിലെ (W.A.391/2019) വിധിയിലൂടെ.

നികുതികൾ രാജ്യത്തിന്റെ വികസനപ്രവർത്തനങ്ങൾക്കും ക്ഷേമപദ്ധതികൾക്കുമായി ഫണ്ട് കണ്ടെത്തുന്നതിനുള്ള മാർഗമാണ്. അതിൽനിന്ന് ഒരു സമ്പന്നവിഭാഗം മാറിനിൽക്കുന്നത് എന്തിന്റെ പേരിലായാലും സാമൂഹികനീതിക്ക് ചേർന്നതല്ല. ഒരിടത്തെ ചോർച്ച പരിഹരിക്കാൻ മറ്റൊരിടത്ത് കൂടുതൽ ചോർത്തേണ്ടിവരുമെന്നത് സാമ്പത്തിക ശാസ്ത്രത്തിലെ അടിസ്ഥാനപ്രമാണമാണ്. അതിനർഥം നികുതി കൊടുക്കുന്നവൻ കൂടുതൽ കൊടുക്കാൻ നിർബന്ധിതരായിത്തീരുമെന്നാണ്. നികുതിവെട്ടിപ്പിലെ സാമൂഹികദ്രോഹം ഇതാണ്. സാമൂഹികനീതിക്കായി നിലകൊള്ളുന്നു എന്നവകാശപ്പെടുന്ന കത്തോലിക്കാസഭ ഈ സാഹചര്യം സൃഷ്ടിക്കാനിടയാക്കുന്ന നിലപാട് ഒരിക്കലും സ്വീകരിക്കരുതായിരുന്നു; സഭയുടെ ഏതൊരാവശ്യവും നിറവേറ്റാൻ കഴിയുന്നതരത്തിൽ സാമ്പത്തിക സഹായം നൽകാൻ സന്നദ്ധരായ ഒരു വലിയ വിശ്വാസിസമൂഹമുള്ളപ്പോൾ പ്രത്യേകിച്ചും. സഭയ്ക്കെന്തിനാണ് അവിഹിതധനം അഥവാ കള്ളപ്പണം? നികുതിവെട്ടിപ്പ് സഭയുടെ മുഖ്യ അജണ്ടയാവരുത്.

കാനോൻനിയമം സഭയുടെ ആരാധനാ–വിശ്വാസ–ആചാരാനുഷ്ഠാനകാര്യങ്ങളിൽമാത്രമേ സാധുവാകൂ എന്ന ഒരു വിധിയുണ്ടാകുകയും സഭയുടെ സമ്പത്തു ഭരിക്കാനായി വിശ്വാസികൾ തെരഞ്ഞെടുക്കുന്ന ഒരു ജനാധിപത്യസമിതിക്ക് രൂപംകൊടുക്കുന്ന നിയമം – ചർച്ച് പ്രോപ്പർട്ടീസ് ആക്റ്റ് – പാസ്സാക്കുകയുമാണ് ഇനി വേണ്ടത്. ഭരണഘടനയുടെ ആർട്ടിക്കിൾ 26(d) പ്രകാരവും ഡോ. അശോക് സെൻ ഗുപ്താക്കമ്മീഷൻ(1957) നിർദ്ദേശമനുസരിച്ചും സർക്കാരിന് അതിനു ബാധ്യതയുണ്ട്. ന്യൂനപക്ഷാവകാശത്തെ പുനർനിർവചിച്ച്, ന്യൂനപക്ഷാവസ്ഥ എന്തടിസ്ഥാനത്തിലാണോ അക്കാര്യത്തിൽമാത്രമായി ന്യൂനപക്ഷാവകാശങ്ങൾ പരിമിതപ്പെടുത്തണം. അല്ലാതെ, മറ്റാർക്കുമില്ലാത്ത അവകാശങ്ങൾ അപരിമേയമായി മതമേധാവികൾക്ക് നൽകുന്നതിനുള്ള കുറുക്കുവഴിയായി ന്യൂനപക്ഷാവകാശത്തെ നിലനിർത്തരുത്.

ഇവയ്ക്കായുള്ള നടപടി എത്രയും പെട്ടെന്ന് കേന്ദ്ര–കേരളസർക്കാരുകൾ കൈക്കൊള്ളണമെന്ന് 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' അഭ്യർഥിക്കുന്നു. വരുമാനനികുതിസംബന്ധമായ ചെന്നൈ ഹൈക്കോടതിവിധി കേരളത്തിലും ഉടനടി നടപ്പാക്കണമെന്നും കേരളസർക്കാരിനോട് ഞങ്ങൾ ആവശ്യപ്പെടുന്നു.

'ജോയിന്റ് ക്രിസ്ത്യൻ കൗൺസിലി'നുവേണ്ടി,

**ജോർജ് ജോസഫ് കെ** (*സെക്രട്ടറി*)

ജനസമൂഹത്തിന്റെ നേതൃത്വം ഒരു മനുഷ്യനിലാണ്. ആ മനുഷ്യനാണ് എപ്പാർക്കിയൽ ബിഷപ്പ്! ഈ ബിഷപ്പ്, CCEO എന്ന ഒരു വിദേശനിയമസംഹിതയുടെ 178-ാം കാനോനിൽ ഇങ്ങനെ വെളിച്ചപ്പെടുന്നു:

" The eparchial bishop, as a vicar and legate of Christ, governs in his own name the eparchy entrusted to him for shepherding. This power, which he exercises personally in the name of Christ, is proper, ordinary, and immediate, although its exercise is ultimately regulated by the Supreme Authority of the Church and can be defined with certain limits should the usefulness of the Church or the Christian faithful require it."

കുറെ വാക്കുകളുടെ അർത്ഥങ്ങൾ നോക്കിയപ്പോൾ കണ്ടത്:

Vicar = an agent, representative, any one acting in the person of a superior- കാനൻ അനുസരിച്ച് ക്രിസ്തുവിന്റെ പ്രതിനിധി; ച്ചാൽ, സബ്സ്റ്റിട്യൂട്ട്!

Legate - an Envoy, Ambassador, Representative of Pope- പഴയ റോമൻ സീസർമാരുടെ ഭരണകാലത്ത് അങ്ങോട്ടും തിരിച്ചിങ്ങോട്ടുമൊക്കെയുള്ള രാജ്യപ്രതിപുരുഷൻ, എന്നൊക്കെയുള്ള അർഥങ്ങൾ മികച്ച ഡിക്ഷ്ണറികൾ നോക്കിയാൽ കാണാം.

Ordinary (Law)= One who exercises jurisdiction in his own right, and not by delegation. ഞാൻ എന്റെ Eparchy-യുടെ നിർദ്ദിഷ്ട ഭൂപ്രദേശത്തിനുള്ളിൽ എവിടെ കസേര വലിച്ചിട്ടിരുന്ന് എന്തെഴുതിയാലും പറഞ്ഞാലും അവ എന്നെ മേയിക്കാനേൽപ്പിച്ച ആട്ടിൻകൂട്ടത്തിനുള്ള കല്പനകളാവും എന്നു ചുരുക്കം.

അമ്പമ്പടാ, ഞാനേ!

ഇത്രയും കഥ കേട്ടിട്ടും പൊരുൾ തിരിയാത്ത മണ്ടൻമാർക്കായി ടി കാനന്റെ 191-ന്റെ 1-ാം പിരിവ് ഇതാ:

"Canon 191 - §1. The eparchial bishop governs the eparchy entrusted to him with legislative, executive and judicial power."

ഇതിൽ നിയമനിർമാണാധികാരം തനതു പിടിയിൽതന്നെ, നിത്യേന കൈയിൽ വെക്കും. മററു രണ്ടെണ്ണം, തോന്നിയാൽ ഏതെങ്കിലും പ്രതിനിധികൾക്കു കൊടുത്ത്, അവരിലൂടെ എക്സിക്യൂട്ടീവും ജുഡീഷ്യറിയും ശക്തിപ്പെടുത്തി ശരിപ്പെടുത്തും. ഈ വിവരം, 191-ന്റെതന്നെ പിരിവ് §2-ൽ ഉണ്ട്.

ഇനി ആകമാന കത്തോലിക്കാസഭയിലെതന്നെ പശ്ചിമദിക്കിലെ സ്വാശ്രയസഭയിലെ (ലത്തീനെന്നു മറുപേരുണ്ട്!) രാജപ്രമുഖരെ ഒന്നു പരിചയപ്പെടാം.

**'ബിഷപ്പ്' ലത്തീനിൽ**

"Can. 375 §1 By divine institution, Bishops succeed the Apostles through the Holy Spirit who is given to them. They are constituted as Pastors in the Church, to be the teachers of doctrine, the priests of sacred worship and the ministers of governance"

§2 By their episcopal consecration, Bishops receive, together with the office of sanctifying, the offices also of teaching and of ruling, which however, by their nature, can be exercised only in hierarchical communion with the head of the College and its members.

ആകെമൊത്തമൊരു വശപ്പിശകുണ്ടല്ലേ? പരിശുദ്ധാരൂപിയും അപ്പസ്തോലൻമാരും ഇടയത്വവും പഠിപ്പിക്കലും പൗരോഹിത്യശുശ്രൂഷയും ഒക്കെ കയറി വന്ന്, ഈ കക്ഷികളെ വല്ലാതെ ഞെരുക്കുന്നു. ഇവിടെ പ്രകടമാവുന്ന ഒരു കാര്യം, ലത്തീൻകാർക്ക് പ്രഥമന്മാരുടെ അധികാരഗർവില്ല, ഭരണത്വരയില്ല എന്നതാണ്. ദൈവം സ്ഥാപിച്ചുതന്നു എന്ന വിനീത പ്രഖ്യാപനത്തിലൂടെ ഇവർ മിനിമം ദൈവത്തോടെങ്കിലും വിധേയത്വം പ്രഖ്യാപിക്കുന്നു. ആദ്യകൂട്ടർ, CCEOപ്രകാരം, ക്രിസ്തുവിനെ മൊത്തമായി ഹൈജാക്കുചെയ്ത് പ്രസിഡന്റ് ഭരണമേർപ്പെടുത്തിയപ്പോൾ, ഇക്കൂട്ടർക്ക് പാർലമെന്റും എക്സിക്യൂട്ടീവും ജുഡീഷ്യറിയുമൊക്കെ, പ്രതിഷ്ഠിതമായിരിക്കുന്നത് കുറെക്കൂടി വിവരവും കാര്യശേഷിയുമുള്ള (അങ്ങനെ പ്രതീക്ഷിക്കാവുന്ന) ഒരു ശ്രേണിയിലും, അതിന്റെ കൂട്ടായ്മയിലുമാണ്.

ആയതുകൊണ്ട്, എന്റെ പ്രിയ മാർത്തോമ്മ കത്തോലിക്കാ നാട്ടുകൂട്ടമേ, മൂന്നധികാരങ്ങൾ ഒന്നിച്ചു കർത്താവിൽനിന്നു പിടിച്ചുപറിച്ച് കൈവശംവച്ചനുഭവിക്കുന്ന മെത്രാനെന്ന രാജാവിനെ സൃഷ്ടിക്കുന്ന, പൗരസ്ത്യസഭകൾക്കായുള്ള ഈ കാനൻ നിയമം ജനാധിപത്യരാജ്യമായ ഭാരതത്തിൽ ജീവിക്കുന്ന ഞങ്ങൾക്കു വേണ്ട എന്നു പറയുവാൻ, നാമിനിയെങ്കിലും തയ്യാറാവണം.

ഫോൺ: 9447374680

## സഭയ്ക്ക് അപമാനം ഉണ്ടാക്കിയത് പാവം കാർട്ടൂണിസ്റ്റല്ല, ദേ, ഇവരാണ്:

1. കൊലക്കേസിൽ പ്രതികളായ പാതിരിമാർ

2. ബലാത്സംഗക്കേസിൽ പ്രതികളായ പാതിരിമാർ

3. തമ്മിലടിച്ച് കോടതിയിലും പോലീസ്റ്റേഷനിലും കയറിയിറങ്ങുന്ന പാതിരിമാർ

4 . സഭയുടെ കാശെടുത്ത് ആർഭാട ജീവിതം നയിക്കുന്ന പാതിരിമാർ

5. സഭാസ്ഥാപനങ്ങളിലൂടെ കോഴപ്പണം പിരിക്കുന്ന പാതിരിമാർ

6. സഭാവസ്തുക്കൾ വിറ്റും പള്ളിപ്പണമെടുത്തും പുട്ടടിക്കുന്ന പാതിരിമാർ...

**- ചർച്ച് ആക്ട് ആക്ഷൻ കൗൺസിൽ, കൊല്ലം**

# ക്നാനായം: പുരനിറഞ്ഞുനിൽക്കുന്ന ഒരു പൊരുത്തക്കേട്



**ജോർജ് ജെ. പൂഴിക്കാലാ** (കാനഡ)

**തെ**ക്കുംഭാഗസമുദായം ഏതാണ്ട് ഒന്നടങ്കം വത്തിക്കാനുമായി തികഞ്ഞ വിയോജിപ്പിലാണ്; ഒപ്പം കടുത്ത അതൃപ്തിയിലും പോരാട്ടത്തിലും. വിഷയം: കോട്ടയം രൂപതയുടെ സ്വജാതിവിവാഹനിഷ്ഠാചരണത്തോടും രൂപതയ്ക്ക് പുറത്തുനിന്ന് കല്യാണം കഴിക്കുന്നവരെ അതിൽനിന്ന് പുറത്താക്കുന്നതിനോടുമുള്ള വത്തിക്കാന്റെ എതിർപ്പും നിരോധനാജ്ഞയും. സർവ്വകലാശാലാ ബിരുദം, ബിരുദാനന്തര ബിരുദം, സുദീർഘവും സുദൃഢവും ആയ സെമിനാരി വിദ്യാഭ്യാസവും പരിശീലനവും, ആന്ത്രോപോളജി മുതൽ ദൈവശാസ്ത്രംവരെയുള്ള വിവിധ ശാസ്ത്രശാഖകളിൽ പരിജ്ഞാനം, അധ്യാപനവും പൗരോഹിത്യവും പോലെയുള്ള ആദരണീയ ഉപജീവനം, ഇങ്ങനെ ക്നാനായസമുദായത്തിലെ ഏതാണ്ട് എല്ലാംതികഞ്ഞ സഭാ-സമുദായസാരഥികളായ ഒരു പറ്റം സർവ്വകലാവല്ലഭന്മാരാണ് ഈ പോരാട്ടത്തിന്റെ സൂത്രധാരന്മാർ.

തെക്കുംഭാഗസമുദായത്തിന്റെ വംശശുദ്ധി, അതായത് ഭൂമിയിൽ മറ്റൊരു ജാതിയോ വംശമോ ആയിട്ട് അശേഷം കലർന്ന് കളങ്കപ്പെടാത്ത തെക്കുംഭാഗന്റെ തനിമ സംരക്ഷിക്കണം എന്നതാണ് ഈ വല്ലഭന്മാരുടെ ആവശ്യം. അതിനായി വ്യക്തവും ദൃഢവുമായ മതിൽക്കെട്ടിനാൽ സംരക്ഷിക്കപ്പെടുന്ന കോട്ടയം ക്നാനായ കത്തോലിക്കാരൂപത എന്ന ഇൻസ്ടിറ്റ്യൂഷൻ (institution) സംവിധാനത്തിൽനിന്നു മാറി കല്യാണം കഴിക്കുന്ന തെക്കുംഭാഗരെ പ്രസ്തുത രൂപതയ്ക്ക് പുറത്താക്കണം. ഈ പുറത്താക്കൽ പ്രക്രിയയുടെ ഫലമായി, തെക്കുംഭാഗന്റെ കറ തീർന്ന, കളങ്കമില്ലാത്ത തനിമയ്ക്ക്C.E. ( A.D.) 345-മുതൽ 2019-വരെ മങ്ങാത്ത, മായാത്ത, അഭംഗുരം തുടരുന്ന 17-ൽ പരം നൂറ്റാണ്ടുകളുടെ അതിമഹത്തായ പാരമ്പര്യം നിലനിൽക്കുന്നു! ക്നാനായക്കാരന്റെ മേൽപ്പടി 'രൂപതയ്ക്ക് പുറത്താക്കൽ അനുഷ്ഠാനം' നിറുത്തലാക്കിയാൽ അത് കഴിഞ്ഞ പതിനേഴിൽപരം നൂറ്റാണ്ടുകളുടെ സുദീർഘമായ ചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും ലംഘനമാണ്. ഇത്യാദി സമുദായസംരക്ഷണസന്ദേശവുമായി ചുറ്റിനടന്ന്, നിർലോപം വേദികൾ പങ്കുവെച്ചു അരങ്ങ് കലക്കി ആക്രോശിച്ച് താരങ്ങളായി, താലപ്പൊലിയും വയറ് നിറയെ പുകഴ്ത്തലും യഥോചിതം ഏറ്റുവാങ്ങി, ആ വല്ലാത്ത വല്ലഭന്മാർ പുല്ലുവില ഇല്ലാത്ത കാരണങ്ങൾ കെട്ടിച്ചമച്ച് 'വല്ലഭന് പുല്ലും ആയുധം' എന്ന പഴമൊഴിയെ അന്വർഥമാക്കുന്നു. പ്രഥമദൃഷ്ട്യാതന്നെ, ഇവരുടെ വാചകക്കസർത്തിൽ മുങ്ങിയ വരട്ടുന്യായങ്ങൾ പുരനിറഞ്ഞു നിൽക്കുന്ന പൊരുത്തക്കേടും തന്മൂലം, ഉള്ളത് ഉള്ളതുപോലെ പറഞ്ഞാൽ, തികഞ്ഞ മന്ദബുദ്ധി പ്രവണതയും ആണ്.

പുറത്തുനിന്ന് കെട്ടുന്നവരെ പുറത്താക്കുന്ന ഊരുവിലക്ക് കഴിഞ്ഞ പതിനേഴിൽ പതിനാറ് നൂറ്റാണ്ടുകാലവും തെക്കുംഭാഗസമുദായം നടപ്പാക്കിയിരുന്നില്ല. കാരണം, ഒരു പുറത്താക്കൽ പ്രക്രിയ യാഥാർഥ്യമാകണമെങ്കിൽ, വ്യക്തമായ പരിധികൾകൊണ്ട് വേർതിരിക്കപെട്ട് ചുറ്റുപാടുകളിൽനിന്ന് വേറിട്ട് നിൽക്കുന്ന ഒരു അകവും അതിന്റെ പുറവും, അതിനെ നിയന്ത്രിക്കുന്ന ഒരു നിർവ്വാഹക കേന്ദ്രവും (enforcement authority) ഉണ്ടായിരുന്നിരിക്കണം. C.E. 345 മുതൽ 1911 വരെയുള്ള 16 നൂറ്റാണ്ടുകൾ അങ്ങനെ ഒരു സംവിധാനം നിലനിന്നിരുന്നില്ല. തെക്കുംഭാഗന്റെ പ്രസ്തുത പുറത്താക്കൽപ്രക്രിയ ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ വേദി അമൂർത്തമായ, വ്യക്തതയില്ലാത്ത, ഒരു ആശയം മാത്രമായിരുന്നു. ഈ കാലയളവിൽ തെക്കുംഭാഗ സമുദായം വ്യക്തമായ ഒരു കോമ്പൗണ്ട് വോൾ (compound wall) ഇല്ലാതെ ഏതാനും അതിരുകല്ലുകൾകൊണ്ടുമാത്രം വേർതിരിക്കപ്പെടുകയും തിരിച്ചറിയപ്പെടുകയും ചെയ്ത ഒരു പ്രോപ്പർട്ടി (property)ക്ക് സമാനമായിരുന്നു. ഇല്ലാത്ത മതിലിനോ പടിപ്പുരയ്ക്കോ പുറത്താക്കുവാൻ ഉടയതമ്പുരാനുപോലും സാധിക്കുകയില്ലല്ലോ. നുഴഞ്ഞുകയറ്റവും കൈയേറ്റവും അനധികൃത താമസവും ഫലപ്രദമായി നിയന്ത്രിക്കാനോ നിരോധിക്കാനോ അധികാരമോ ശേഷിയോ ഉള്ള ഒരു വ്യവസ്ഥാപിത ഏർപ്പാട്, വെറും പേരിനുപോലും ഇല്ലാതെ, തെക്കുംഭാഗ സമുദായത്തിന്റെ ഏതാണ്ട് എഴുപതിൽ അറുപത്തിയഞ്ചു് തലമുറകളും മലങ്കരയിൽ കടന്നുപോയി. പുറത്തുനിന്ന് കെട്ടുന്നവർക്ക് നിയമാനുസൃതം അവകാശപ്പെട്ട വിവാഹക്കുറികാരണം പറയാതെ നിഷേധിച്ച് അവരെ ബ്ലാക്ക് മെയിൽ ചെയ്താണ് കോട്ടയം വികാരിയാത്ത് എന്ന വ്യവസ്ഥാപിത ഏർപ്പാടിന്റെ ആവിർഭാവത്തിനുശേഷവും ഈ പുറത്താക്കൽ ആചാരം ഇന്നും പാലിക്കപ്പെടുന്നത്. അതുകൊണ്ട് പതിനേഴ് നൂറ്റാണ്ടുകാലത്തെ വെള്ളംചേർക്കാത്ത സ്വവംശവിവാഹനിഷ്ഠാപാരമ്പര്യ അവകാശവാദവും തനിമ വാദവും തികച്ചും അശാസ്ത്രീയമായ ഒരു മനോരഥ സാക്ഷാത്കരണംമാത്രമാണ്.

1911-ൽ, അതായത് തെക്കുംഭാഗർ മലങ്കരയിൽ കുടിയേറി പതിനാറ് നൂറ്റാണ്ടുകൾക്കു ശേഷംമാത്രമാണ്, കോട്ടയം വികാരിയാത്ത്

രൂപപ്പെടുന്നതും, തെക്കുംഭാഗൻ എന്ന പ്രതിഭാസം അതിന്റെ ചരിത്രത്തിൽ ആദ്യമായി സ്ഥാപനവത്കരിക്കപ്പെടുന്നതും; അവന്റെ പുറത്താക്കൽ അനുഷ്ഠാനത്തിന് ആവശ്യമായ വേദിക്ക് മൂർത്തീഭാവം ഉരുത്തിരിയുന്നതും. ഈ അനിഷേധ്യവസ്തുത രണ്ട് സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു; ഒന്ന്, ക്നാനായ സ്വജാതിവിവാഹനിഷ്ഠയും തെക്കുംഭാഗത്തനിമയും സംരക്ഷിക്കപ്പെടുന്നതിന്, പ്രസ്തുത പുറത്താക്കൽശിക്ഷ അനിവാര്യമാണെങ്കിൽ, മേൽപ്പറഞ്ഞ ദീർഘമായ പതിനാറു നൂറ്റാണ്ടുകാലത്തെ പുറത്താക്കൽശിക്ഷയുടെ അഭാവത്തിൽ പ്രസ്തുത നിഷ്ഠയും തെക്കുംഭാഗത്തനിമയും അന്യംനിന്നുപോയി. (അനേകം ഡി.എൻ.എ ടെസ്റ്റ് ഫലങ്ങളും ചില ശാസ്ത്രീയ വംശനിർണ്ണയ മാനദണ്ഡങ്ങളും ഈ നിഗമനത്തെ നിരുപാധികം സ്ഥിരീകരിക്കുന്നു). രണ്ട്; ക്നാനായ സ്വവംശവിവാഹ നിഷ്ഠയും തനിമയും പുറത്താക്കൽശിക്ഷ നടപ്പാക്കൽ അസാധ്യമായിരുന്ന പ്രസ്തുത പതിനാറ് നൂറ്റാണ്ടുകാലം, അതില്ലാതെതന്നെ, ഒരു പരുക്കും ഏൽക്കാതെ അതിജീവിച്ചു. എങ്കിൽപ്പിന്നെ, പുറത്തുനിന്നുകെട്ടുന്നവരെ പുറത്താക്കുന്ന പാരമ്പര്യത്തോടുള്ള പൗരസ്ത്യതിരുസംഘത്തിന്റെ എതിർപ്പിനെയും നിരോധനാജ്ഞയെയും നമ്മുടെ ഈ വല്ലഭന്മാർ തിരസ്കരിക്കുകയും അതിനെതിരായി സംഘടിക്കുകയും കലഹം ഇളക്കിവിടുകയും ചെയ്യുന്നതിന്റെ കാരണം എന്ത്? മറ്റു ചില സ്ഥാപിതതാത്പര്യങ്ങളുടെ സാക്ഷാത്കരണത്തിനുവേണ്ടിയായിരിക്കണം, അത്.

വസ്തുതകളുടെ കിടപ്പ് അങ്ങനെയായിരിക്കെ 'പുറത്തുനിന്ന് കെട്ടുന്നവരെ പുറത്താക്കണം' എന്ന മുറവിളിയും കോലാഹലവും അർഥശൂന്യമായ തികഞ്ഞ അസംബന്ധമാണ്. കാരണം, ഒന്നുകിൽ ദീർഘമായ പതിനാറു നൂറ്റാണ്ടുകാലത്തെ പുറത്താക്കൽശിക്ഷയുടെ അഭാവത്തിൽ പ്രസ്തുത നിഷ്ഠയും തെക്കുംഭാഗത്തനിമയും അന്യംനിന്നുപോയി; അല്ലെങ്കിൽ, ക്നാനായപാരമ്പര്യവാദികൾ ആവർത്തിച്ച് ആണയിട്ട് സാക്ഷ്യപ്പെടുത്തുന്നതനുസരിച്ചു പുറത്തുനിന്നു കെട്ടിയവരെ പുറത്താക്കുക എന്ന പ്രക്രിയ കൂടാതെതന്നെ ക്നാനായത്തനിമ യാതൊരു മങ്ങലും ഇല്ലാതെ കാലത്തെ അതിജീവിച്ചു.

പുരനിറഞ്ഞു നിൽക്കുന്ന ഒരു പൊരുത്തക്കേടാണ് ഇവിടെ സംജാതമായിരിക്കുന്നത് – പുറത്തുനിന്നു കെട്ടുന്നവരെ പുറത്താക്കിയില്ലെങ്കിൽ ക്നാനായ പാരമ്പര്യം അന്യംനിന്നുപോകും എന്ന് വീർപ്പുമുട്ടി വിലപിക്കുന്ന സമുദായസംരക്ഷണ വീരശൂരപരാക്രമികൾതന്നെ, പ്രസ്തുത പുറത്താക്കൽപ്രക്രിയയുടെ അസാന്നിധ്യത്തിലും ക്നാനായ പാരമ്പര്യം പതിനേഴ് നൂറ്റാണ്ടുകാലം അഭംഗുരം തുടർന്നു എന്ന് വീമ്പടിച്ച് വിളംബരം ചെയ്യുന്ന പൊരുത്തക്കേട്! പ്രഥമദൃഷ്ടിയിലെ ഈ പൊരുത്തക്കേടിൽ അന്തർലീനമായിരിക്കുന്നത് നമ്മുടെ സർവ്വകലാവല്ലഭന്മാരുടെ കൂർമ്മബുദ്ധിയിൽ മുളച്ച വക്രബുദ്ധിയാണ്. നാഗരികത കടന്നു ചെല്ലാത്ത നാട്ടിൻപുറങ്ങളിൽ നല്ല മെയ്‌വഴക്കമുള്ള, ആദർശശുദ്ധി ഇല്ലാത്ത, വക്രബുദ്ധികളുടെ ഇത്തരം അവസരവാദത്തിന് 'കാറ്റുനോക്കി തൂറ്റുക' എന്ന് പറയും.

'കാറ്റ് നോക്കി തൂറ്റ്' ഒരു കച്ചവടതന്ത്രമാണ്. കൂർമ്മബുദ്ധികൾ ഉപഭോക്താക്കളുടെ ആവശ്യം (demand) എന്ന പ്രതിഭാസത്തെ ചൂഷണം ചെയ്ത് ലാഭം അഥവാ സ്ഥാപിത താൽപ്പര്യം എന്ന വ്യക്തിഗത നേട്ടം സാക്ഷാത്കരിക്കുന്നു. ക്രിമിനൽ (criminal) മനസ്സുള്ള വക്രബുദ്ധികൾ, ഇല്ലാത്ത ആവശ്യം (demand) കൃത്രിമമായി സൃഷ്ടിച്ച് പൊതുജനത്തിന്റെ മൂല്യബോധപാപ്പരത്തെ ചൂഷണം ചെയ്ത്, അവരെ പ്രസ്തുത വക്രബുദ്ധികളുടെ ആജ്ഞാനുവർത്തികളും ആരാധകരും, സർവ്വോപരി അവരെ ചുമന്ന് ആനന്ദനിർവൃതി അടയുന്ന കഴുതകളും ആക്കിത്തീർക്കുന്നു!

ഒരു ക്രിസ്തീയ കൂട്ടായ്മയിൽ നിസ്സംശയം സമൃദ്ധമായി സന്നിഹിതമായിരിക്കേണ്ട സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം, സഹാനുഭൂതി എന്നീ ധാർമ്മികമൂല്യങ്ങളെ ശ്വാസംമുട്ടിക്കുകയും അടിച്ചമർത്തുകയും ഇല്ലാതാക്കുകയും ചെയ്യുന്ന അയിത്തം എന്ന ദുരാചാരത്തിൽനിന്ന് ഉരുത്തിരിഞ്ഞ സ്വജാതിവിവാഹനിഷ്ഠാഭ്രഷ്ട് പാരമ്പര്യ സംരക്ഷണത്തിനായി സമുദായത്തിലെ ക്രിമിനൽ മനസ്സുള്ള മേൽപ്പടി വല്ലാത്ത വല്ലഭന്മാർ കാണിക്കുന്ന ആവേശവും ഒത്തുകൂടലും ഒരു ഗൂഢാലോചനയാണ്. ലക്ഷ്യം: ഒരിനം മയക്കുമരുന്ന് വിതരണം. (Drugging the psycho-neurotics in the community, deeply addicted to the myth of Jewish ancestry). വെറും താൽക്കാലികമായ പേരിനും പ്രശസ്തിക്കുംവേണ്ടി ദീർഘദൃഷ്ടിയോ വീണ്ടുവിചാരമോ കണക്കിലെടുക്കാതെ സമുദായാംഗങ്ങളുടെ ബലഹീനതകളായ പൊങ്ങച്ചത്തെയും മാനസിക അടിമത്തത്തെയും ചൂഷണംചെയ്ത് സമുദായത്തെ ഒറ്റിക്കൊടുത്തു വഞ്ചിക്കുന്ന ഇവർ സമുദായസംരക്ഷകർ അല്ല സമുദായഘാതകരാണ്. ഇവർ എതിർക്കുന്നത് സമുദായത്തിന്റെ ധാർമ്മികമൂല്യ കെട്ടുറപ്പിനെയും നവീകരണത്തെയും നവോത്ഥാനത്തെയും തന്മൂലം അവയിൽനിന്ന് ഉരുത്തിരിയുന്ന നിലനില്പിനെയും ആണ്. കാരണം: That which resents, resists and refuses to evolve which mandates refinement is bound to extinct. ഈ അവബോധമാണ് പ്രബുദ്ധത. നമ്മുടെ വിദ്യാസമ്പന്നരിൽ വളരെ വ്യാപകമായി കാണുന്ന പ്രബുദ്ധതയുടെ അസാന്നിധ്യം നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ദയനീയമായ പരാജയത്തെ അനാവരണം ചെയ്യുന്നു. മൂല്യാധിഷ്ഠിതമോ തൊഴിലധിഷ്ഠിതമോ അല്ല; മറിച്ച്, അപഹാസ്യമായ വയറ്റിപ്പിഴപ്പധിഷ്ഠിതമാണ് നമ്മുടെ വിദ്യാഭ്യാസം എന്ന് നമ്മുടെ വിദ്യാസമ്പന്നരിലെ പ്രസ്തുത പ്രബുദ്ധതാച്യുതി അതായത്, മൂല്യബോധപാപ്പരത്തം തെളിയിക്കുന്നു.

ഇമെയിൽ: gpoozhikala@gmail.com

**യേശുസൂക്തങ്ങളും യോഗസൂത്രങ്ങളും**

by **യോഗാചാര്യ എൻ.പി.ആന്റണി**

സർക്കുലേഷൻ മാനേജരുടെ വിലാസത്തിൽ 50 രൂപാ അയ്ക്കുന്നവർക്ക് 70 രൂപാ വിലയുള്ള ഈ പുസ്തകം അയച്ചു തരുന്നതാണ്.

സർക്കുലേഷൻ മാനേജർ (8848827644)



# യേശുവിന്റെ പ്രവർത്തനപദ്ധതിയും പ്രമാണതത്ത്വങ്ങളും (11–ാം ഭാഗം)

**ഡോ. ജെ.സി. കുമരപ്പ**

### നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക

തങ്ങളുടെ വംശത്തിൽപ്പെട്ടവരെ അയൽക്കാരായും ബാക്കിയുള്ളവരെ മുഴുവൻ പുറംജാതിക്കാരും അവരുടെ ദൈവമായ യഹോവയുടെ ശത്രുക്കളുമായാണ് യഹൂദർ കണക്കാക്കിയിരുന്നത്. അതുകൊണ്ടാണ്, 'നിങ്ങളുടെ അയൽക്കാരെ സ്നേഹിക്കുക, നിങ്ങളുടെ ശത്രുക്കളെ ദ്വേഷിക്കുക' എന്ന കല്പന യഹൂദർക്കുണ്ടായത്. 'നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്കുക' എന്നൊരു കല്പനയും അവർക്കുണ്ടായിരുന്നു. ഇപ്രകാരം ചുരുങ്ങിയ പരിവൃത്തിക്കുള്ളിലായിരുന്ന സ്നേഹബഹുമാനങ്ങളെ ആ അതിർത്തി വിപുലപ്പെടുത്തി എല്ലാ മനുഷ്യരെയും ഉൾക്കൊള്ളാൻ പാകത്തിലാക്കുകയാണ് യേശു ചെയ്തത്.

സത്യത്തിന്റെ അരൂപിയാൽ നമ്മുടെ ജീവിതം ഉദാത്തവൽക്കരിക്കപ്പെടുകയും നമ്മുടെ സ്നേഹം ലോകത്തെ ചൂഴ്ന്നുനിൽക്കുകയും ചെയ്യുമ്പോൾ, സ്വർഗസ്ഥനായ പിതാവിന്റെ സൃഷ്ടിയായ ഈ മനുഷ്യവംശമാകെ നമ്മുടെ കുടുംബപരിധിക്കുള്ളിൽ വരുന്നു. ഈ കുടുംബത്തിനുള്ളിൽ, കറുത്തവനും വെളുത്തവനും തവിട്ടോ മഞ്ഞയോ ചുവപ്പോ നിറം കലർന്നവരുമെല്ലാം പരസ്പരം ശത്രുത അസാധ്യമാംവിധം നമ്മുടെ സഹോദരരാണെന്നു വരുന്നു. തിന്മ നിറഞ്ഞ ചില പ്രവൃത്തികളെയും സംവിധാനങ്ങളെയും സംഘടനകളെയും എതിർക്കുകയും അവയെ നിർമാർജനം ചെയ്യുന്നതിനായി നാം പോരാടുകയുംചെയ്യുമ്പോൾപ്പോലും, വ്യക്തിതലബന്ധങ്ങൾ സ്നേഹത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. വ്യക്തികളെന്ന നിലയിൽ നമ്മെ വെറുക്കുന്നവരോടും നമ്മൾ നന്മ ചെയ്യുകയും കഠിനവിദ്വേഷത്തോടുകൂടി നമ്മെ ഉപയോഗിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നവർക്കുവേണ്ടിക്കൂടി നാം പ്രാർഥിക്കുകയും വേണം.

യേശു തന്റെ ജീവിതംകൊണ്ട് ഇതെല്ലാം സ്വയം പ്രവർത്തിച്ചു മാതൃക കാട്ടിയിരുന്നില്ലെങ്കിൽ, ഉന്നതമായ ഈ ആദർശങ്ങളൊക്കെ അപ്രായോഗികമാണെന്നു പറഞ്ഞ് തള്ളിക്കളയാൻ കഴിയുമായിരുന്നു. എന്നാൽ യേശു, തന്നെ അറസ്റ്റുചെയ്യാനെത്തിയ മാൽഖൊസ് എന്ന പുരോഹിതഭൃത്യന്റെ അറ്റുപോയ ചെവി സുഖപ്പെടുത്തി; തന്റെ മേൽ തുപ്പിയപ്പോഴും കഠിനമായി പ്രഹരിച്ചപ്പോഴും യേശു ചെറുത്തില്ല; കുരിശിൽക്കിടന്നുകൊണ്ട്, തന്നെ ക്രൂശിച്ചവരോടു ക്ഷമിക്കണമേ എന്നു പ്രാർഥിച്ചു.

നമ്മുടെ ജീവിതം നക്ഷത്രങ്ങളുടെ ഔന്നത്യമുള്ള ഇത്തരം ഉദാത്ത ആദർശങ്ങളാൽ നയിക്കപ്പെടുന്ന പക്ഷം, നമ്മുടെ അയൽക്കാരനിൽ കുറ്റങ്ങൾ കണ്ടെത്താൻ നമുക്കു കഴിയുമോ? ഇല്ല; പകരം, മറ്റുള്ളവരെ കുറ്റം വിധിക്കുന്നതിനുമുമ്പായി, അവനവന്റെതന്നെ പരിമിതികളെയോർത്ത് ഒരുവന് അപമാനം അനുഭവപ്പെടും. അയൽക്കാരന്റെ കണ്ണിലെ കരട് കാണുന്നതിനെ നമ്മുടെ കണ്ണിലെ തടി തടസ്സം തീർക്കും. ചുങ്കക്കാരനെപ്പോലെ നമ്മളും കണ്ണുകൾ സ്വർഗത്തിലേക്ക് ഉയർത്താൻപോലും ധൈര്യപ്പെടാതെ മാറത്തടിച്ച് "ദൈവമേ, പാപിയായ എന്റെ മേൽ കനിയണമേ" (ലൂക്കാ. 8: 13) എന്നു പ്രാർഥിക്കും.

ഈ തത്ത്വങ്ങൾ, അതെത്രതന്നെ ഔന്നത്യമുള്ളതായാലും, ആധ്യാത്മികസമുദ്രത്തിന്റെ തീരങ്ങളെ എന്നന്നേക്കുമായി നിർണയിക്കുന്നില്ല. യേശു അന്തിമവും പരിപൂർണവുമായ വെളിപാട് നൽകിക്കഴിഞ്ഞുവെന്നും, അതിനുമപ്പുറം ഒരു ആധ്യാത്മിക ആവിഷ്കാരത്തിനും സാധ്യതയില്ലെന്നും കരുതുന്നവർ, യേശുവിനോടു ചെയ്യുന്നത്, മനഃപൂർവമായിട്ടല്ലായിരിക്കാം, ഗൗരവതരമായ നീതിനിഷേധമാണ്. മഹാഗുരുക്കന്മാർ തങ്ങ

**സത്യജ്വാല**

'സത്യജ്വാല' – അന്ധരായ വഴികാട്ടികൾ നയിക്കുന്ന ഇരുൾപാതയിൽ ഒരു ചെറുതിരിവെട്ടം!
'സത്യജ്വാല' – കള്ളയിടയന്മാർക്കെതിരെ ഒരു ചെറുമുറവിളി!.
'സത്യജ്വാല' – പള്ളികൾ കൊള്ളക്കാരുടെ ഗുഹകളാക്കിയവർക്കെതിരെ ഒരു ചെറു ചാട്ടവാർ!
'സത്യജ്വാല' – നവീകൃതസഭാജീവിതത്തിലേക്ക് ഒരു എളിയ വഴികാട്ടി!
ചെറുതിരി തീപ്പന്തമാക്കുക, മുറവിളി ആർപ്പുവിളിയാക്കുക, ചാട്ടവാർ ചാട്ടവാറുകളാക്കുക...
യാഥാസ്ഥിതികസഭാജീവിതത്തിൽനിന്നും ദൈവരാജ്യപൗരജീവിതത്തിലേക്കു വഴിതുറക്കുക
'സത്യജ്വാല' – വായിക്കുക, വരിക്കാരാകുക, പ്രചരിപ്പിക്കുക!

ളുടെ ശിഷ്യരുടെ യോഗ്യതയുടെ അളവിനനുസരിച്ച് പരിമിതപ്പെടുന്നു. അത്തരം ഗുരുക്കന്മാർക്ക് ഒന്നേ ചെയ്യാൻ കഴിയൂ- സത്യത്തിന്റെ ആഴങ്ങൾ പര്യവേഷണം ചെയ്യുന്ന തിനാവശ്യമായ തുടർപരീക്ഷണങ്ങൾക്ക് ദിശാസൂചന നൽകുന്ന വിശാലതത്ത്വങ്ങൾ മുന്നോട്ടുവയ്ക്കുക എന്നതാണത്. ഒരു ഗുരുവിന്റെ ധർമം, അറിവിന്റെ ഒരു സംഭരണി ശിഷ്യർക്കായി നിക്ഷേപിച്ചുനൽകുക എന്നതല്ല; മറിച്ച്, സത്യത്തോടുള്ള ദാഹവും അതു കണ്ടെത്താനുള്ള പ്രചോദനവും അവരിൽ ഉണർത്തുകയെന്നതും, സത്യാന്വേഷണത്തിന്റെ ശരിയായ സമ്പ്രദായങ്ങളിൽ അവരെ അഭ്യസിപ്പിക്കുക എന്നതുമാണ്. അപ്പോൾമുതൽ, ശിഷ്യർ സ്വപ്രയത്നത്താൽ വേഗമാർജിച്ചു മുന്നോട്ടുപോകണം. ഫിസിക്സിൽ ന്യൂട്ടൻ ആവിഷ്കരിച്ചു വിട്ടിട്ടുപോയ ചലനസിദ്ധാന്തങ്ങൾ അവിടെ നിലച്ചുപോയോ? നമ്മുടെ ആധുനിക ഭൗതികശാസ്ത്രജ്ഞന്മാർ ഇപ്പോഴും ആപ്പിൾ താഴോട്ടുപതിക്കുന്നതും നോക്കി ഇരിക്കുകയാണോ? ഐൻസ്റ്റീൻ അറിവിന്റെ പുതിയ മേഖലകൾ തുറന്നില്ലേ? ആചാര്യ പി. സി. റേ യുടെ മഹത്തായ സംഭാവനകൾ മഹത്വമേറിയതായത്, അദ്ദേഹത്തിന്റെ സ്വന്തം ഗവേഷണങ്ങളേക്കാൾ, അദ്ദേഹത്തിന്റെ ശിഷ്യരും കഴിവുറ്റവരുമായ ഒരു പറ്റം ശാസ്ത്രജ്ഞർ അദ്ദേഹത്തിന്റെ അതേ പാതയിൽ നടത്തിയ ഗവേഷണങ്ങളുടെ ഫലമായിട്ടായിരുന്നുവല്ലോ. അതിലും കുറവല്ല, യേശുവിനവകാശപ്പെട്ടത്.

യേശുവിന്റെ ആഗമനകാലത്ത്, യഹൂദർ സങ്കുചിതമനസ്കരുടേതായ ഒരു വംശമായിരുന്നു. കൂടാതെ, യഹൂദരെക്കാൾ വംശീയമായി ശ്രേഷ്ഠരാണ് തങ്ങൾ എന്ന് നാസികൾ കരുതിയതുപോലെ, എല്ലാ ജനതകളെയുംകാൾ തങ്ങളുടെ വംശം ഏറെ ശ്രേഷ്ഠമാണ് എന്നൊരു ചിന്താബാധയ്ക്കു വിധേയപ്പെട്ടിരുന്നവരുമായിരുന്നു, അവർ. മാത്രമല്ല, പൈതൃകമായിത്തന്നെ ഒരു ഹിംസാത്മകപാരമ്പര്യം പുലർത്തുന്നവരുമായിരുന്നു. യേശുവിനു ശിഷ്യരായി ലഭിച്ച ആ ചെറിയ കൂട്ടത്തിലേറെയും അക്ഷരജ്ഞാനംപോലുമില്ലാത്ത മുക്കുവരായിരുന്നുവല്ലോ. അവരെ, തന്റെ കഷ്ടിച്ചു മൂന്നുവർഷത്തെ പ്രവർത്തനകാലത്തിനുള്ളിൽ കാര്യങ്ങൾ പഠിപ്പിക്കാൻ യേശു എന്താണോ ചെയ്തത്, അത് അദ്ദേഹത്തിന്റെ അത്ഭുതങ്ങളിൽ ഏറ്റവും മഹത്തായതാണെന്നു പറയണം; പ്രത്യേകിച്ചും, അദ്ദേഹം മുന്നോട്ടുവച്ച ആദർശങ്ങളും തത്ത്വങ്ങളും അതിൽത്തന്നെ വിപ്ലവകരമായിരുന്നു എന്ന നിലയ്ക്ക് തനിക്കു പറയാനുള്ളതെല്ലാം ഉൾക്കൊള്ളാനോ ദഹിപ്പിക്കാനോ അവർക്കു കഴിയില്ല എന്നറിഞ്ഞുകൊണ്ടു തന്നെയാണ് അവരെ യേശു ശിഷ്യരാക്കിയത് എന്നതിനെയും അത്ഭുതത്തോടെമാത്രമേ കാണാനാവൂ. സത്യത്തിന്റെ ആത്മാവ് വന്നു കഴിയുമ്പോൾ അവർക്കു കൂടുതൽ കാര്യങ്ങൾ വെളിപ്പെട്ടുകൊള്ളും എന്ന വാഗ്ദാനത്തോടെ അദ്ദേഹത്തിന് അവരെ പിരിയേണ്ടിവന്നു. അപ്പോൾ യേശുവിന്റെ വെളിപ്പെടുത്തലുകൾ ഭാഗികമാണ്; സ്വാഭാവികമായും, അദ്ദേഹത്തിന്റെ ശിഷ്യരുടെ യോഗ്യതയുടെ അളവനുസരിച്ച് അത് പരിമിതവുമാണ് (കാണുക, യോഹ. 16: 12-13) അങ്ങനെയെങ്കിൽ, നമുക്കെങ്ങനെ യേശുവിന്റെ വെളിപ്പെടുത്തലുകൾ അന്തിമമാണെന്ന് അവകാശപ്പെടാനാകും? (തുടരും)

*(ഈ ഭാഗം അവസാനിച്ചിട്ടില്ല.)*

# പ്രതികരണശേഷി നഷ്ടപ്പെടുത്തരുത്

## ജയിംസ് ഐസക്ക് കുടമാളൂർ



സിസ്സിലിയാമ്മ പാറപ്പുറത്തിന്റെ, 'അൾത്താര പരിഹസിക്കാനുള്ള വേദിയോ?' എന്ന ലേഖനം ഏറെ ശ്രദ്ധാർഹമായി. അനീതിയും അഹങ്കാരവും പുരോഹിതർ പ്രദർശിപ്പിച്ചാൽ ക്രിസ്തു യഹൂദപുരോഹിതരെ വിമർശിച്ചതുപോലെ ചെയ്യണം. വിമർശനംകൊണ്ട് തെറ്റു തിരുത്താൻ ശ്രമിക്കുക എന്നതാണ് യഥാർത്ഥ ക്രിസ്തുഭക്തരുടെ കടമ. വിശ്വാസികൾ പ്രതികരണശേഷി നഷ്ടപ്പെട്ടവരായാൽ സഭതന്നെ ഇല്ലാതാകും.

സിദ്ധന്മാർ എന്നു സ്വയം ഭാവിച്ച് ദൈവജനത്തെ പരസ്യമായി അധിക്ഷേപിക്കാൻ മടിയില്ലാത്ത ചുരുക്കം ചില പുരോഹിതരുണ്ട്. ഇവരുടെ തെറ്റുകൾ അവരെ നേരിട്ടു ബോധ്യപ്പെടുത്തുവാനും സഭാദ്ധ്യക്ഷന്മാരുടെ മുമ്പാകെ പരാതി സമർപ്പിക്കാനും സഭാസ്നേഹികൾ മടിക്കേണ്ടതില്ല. പരേതനായ ശ്രീ ജോസഫ് പുലിക്കുന്നേൽ കേരളക്രൈസ്തവർക്കു കാട്ടിത്തന്ന മാതൃക ഇവിടെ സ്മരണീയംതന്നെ. സഭയെ സ്നേഹിക്കുന്നവർ ഈ മാതൃക പിൻതുടരുകതന്നെ ചെയ്യും.

രണ്ടുവർഷംമുൻപ് ശ്രീ പുലിക്കുന്നേൽ എഴുതിയ ഒരു ലേഖനം ഒന്നുകൂടി വായിക്കുകയുണ്ടായി. ചങ്ങനാശ്ശേരിയിൽ കോളജ് പ്രൊഫസർ ആയിരുന്ന ഒരു കത്തോലിക്കാ പുരോഹിതൻ ഒരു പെൺകുട്ടിയെ ഗർഭിണിയാക്കി. വാർത്ത പുറത്തായപ്പോൾ നാടാകെ കുറ്റപ്പെടുത്തൽ നടന്നു. ഓശാനയിൽ ഒരു സന്ധ്യാവേളയിൽ ചെറുപ്പക്കാരനായ വൈദികൻ ശ്രീ പുലിക്കുന്നേലിനെ സന്ദർശിച്ചു പറഞ്ഞു: 'എനിക്കു തെറ്റുപറ്റി. പെൺകുട്ടിയുടെ പ്രലോഭനം മൂലമാണ് അനിഷ്ടസംഭവം ഉണ്ടായത്, എല്ലാ ഉത്തരവാദിത്വവും ഏറ്റെടുക്കാനും പെൺകുട്ടിയെ വിവാഹംചെയ്തു കുടുംബജീവിതം നയിക്കാനും തയ്യാറെന്ന് ബിഷപ്പിനെ അറിയിച്ചു. എന്നാൽ അത് സഭയ്ക്കു നാണക്കേടുണ്ടാക്കുമെന്നും പറഞ്ഞ് പിതാവ് അനുവാദം നൽകിയില്ല.' പ്രസ്തുത യുവാവ് ഇപ്പോൾ വിദേശത്തു ജോലി ചെയ്തു സുഖമായി കഴിയുന്നു. പുലിക്കുന്നേൽ ഈ വൈദികനെ കുറ്റപ്പെടുത്തിയില്ല.

**കള്ളൻ കപ്പലിൽത്തന്നെ**

സുപരിചിതമായ ഒരു ചൊല്ല് - "കള്ളൻ കപ്പലിൽത്തന്നെ". ഇന്ന് കേരളക്രൈസ്തവസഭയിൽ ഈ ചൊല്ല് യാഥാർത്ഥ്യമായിരിക്കുന്നു. സഭാദ്ധ്യക്ഷന്മാർ ഇപ്പോൾ കള്ളന്മാർതന്നെ. അന്യരൂപതകളിലെ ചില ബിഷപ്പുമാർ നാട്ടിലെത്തിയാൽ വൻകിട സ്റ്റാർ ഹോട്ടലിൽ ഔദ്യോഗികതാമസം. കന്യാസ്ത്രീ

# വികലമായ പ്രാർത്ഥനയും യുക്തിയെ മൊഴിചൊല്ലുന്നവരും

## ഫാ.ഡാർലി എടപ്പങ്ങാട്ടിൽ



വി. അൽഫോൻസാമ്മയുടെ കബറിടത്തിങ്കൽ ഫ്രാങ്കോ നടത്തിയ പ്രാർത്ഥനയും 'കൃപാസന'മെന്ന ആത്മീയ തട്ടിപ്പും മെയ് ലക്കം 'സത്യജ്വാല'യിൽ വായിച്ചതോടെ വായനക്കാരുടെ മാനസികസംഘർഷം വർദ്ധിക്കുകയാണ്. ഗലീലിയോ എന്ന എക്കാലത്തെയും വലിയ ശാസ്ത്രജ്ഞന്റെ ദുരന്തപര്യവസായിയായ ജീവിതത്തെ ഉപജീവിച്ച് ജർമ്മൻ നാടകകൃത്തും കവിയുമായ ബർട്രോൾഡ് ബ്രെഹ്ത് എഴുതിയ അതേ പേരിലുള്ള ഒരു നാടകത്തിൽ, മതകോടതിയുടെ പീഡനത്തെ ഭയന്ന് സത്യത്തെ നിരാകരിക്കുന്ന ഗലീലിയോയെക്കുറിച്ച് ഇങ്ങനെ പറയുന്നുണ്ട്, 'ഉയരം കൂടുന്തോറും പതനത്തിന്റെ ആഘാതവും കൂടും' എന്ന്. കേസ് ഡയറി വി. അൽഫോൻസാമ്മയുടെ കബറിടത്തിൽ സമർപ്പിച്ച് ഫ്രാങ്കോ നടത്തിയ പ്രാർത്ഥന വിചിത്രവും രസകരവുമായി.

ഹൃദയത്തെ അറിയുന്ന ദൈവം ഹൃദയപൂർവ്വമല്ലാത്ത പ്രാർത്ഥനയിൽ പ്രസാദിക്കുകയില്ല. ''നിങ്ങൾ കൈമലർത്തുമ്പോൾ ഞാൻ എന്റെ കണ്ണുകൾ നിങ്കൽനിന്നും മറച്ചുകളയും. നിങ്ങൾ എത്ര പ്രാർത്ഥിച്ചാലും ഞാൻ കേൾക്കുകയില്ല. കാരണം, നിങ്ങളുടെ കൈകൾ രക്തംകൊണ്ട് നിറഞ്ഞിരിക്കുന്നു"(യെശ. 1 : 15). തിന്മയുടെ പ്രതീകമായ ഫ്രാങ്കോയുടെ 'കേസ് ഡയറി', സഹനത്തിലൂടെ ദൈവത്തെ പ്രസാദിപ്പിച്ച വി. അൽഫോൻസാമ്മ എങ്ങനെ സഹിക്കും? ഫ്രാങ്കോ വീണിരിക്കുന്നത് ഉയരത്തിൽ നിന്നാണ്. ആഘാതവും വാക്കുകൾക്കപ്പുറമാണ്. ഭോഗങ്ങളിൽ ചെലവഴിക്കാൻ ഉദ്ദേശിച്ചുള്ള ഫ്രാങ്കോയുടെ പ്രാർത്ഥന വി.അൽഫോൻസാമ്മയുടെ മദ്ധ്യസ്ഥതയിൽ ദൈവം കേൾക്കുകയില്ല (യാക്കോ. 4:3).

ചേർത്തലയിലെ കാൻസർചികിത്സാലയത്തിൽ എന്റെ സ്നേഹിതന്റെ രോഗവുമായി ബന്ധപ്പെട്ട് എത്തിയപ്പോഴാണ് 'കൃപാസനം' എന്ന മഞ്ഞപത്രം ആദ്യമായി കണ്ടത്. പ്രഥമദൃഷ്ടിയിൽ ത്തന്നെ സ്ഥാപനം നടത്തുന്ന തട്ടിപ്പിനെക്കുറിച്ച് അതിൽനിന്നു മനസ്സിലായി. ഇന്നലെ പെയ്ത മഴയ്ക്ക് ഇന്നു കുരുത്ത തകര പോലെ ക്രൈസ്തവലോകത്തിൽ ഇത്തരം പ്രസ്ഥാനങ്ങൾ തിമിർത്തുവളരുകയാണ്. ഇതിന്റെ പ്രധാനകാരണം മഴയും കിളിർക്കാൻ കാത്തുകിടക്കുന്ന വിത്തുകളുമാണ്. ആലപ്പുഴ ജില്ലയിലെ കലവൂരിൽ നടക്കുന്ന ഈ തട്ടിപ്പിൽ പങ്കാളികളാകുന്നവരെ സംബന്ധിച്ചിടത്തോളം, യുക്തി പിശാചിന്റെ വെപ്പാട്ടിയായി മാറിയിരിക്കുകയാണ്. പത്തുവർഷം സെമിനാരിയിൽ പഠിച്ച പുരോഹിതനും മെത്രാനും മറ്റും യുക്തിയെ മൊഴിചൊല്ലി 'കൃപാസനം' പോലുള്ള തട്ടിപ്പുകേന്ദ്രങ്ങളിലെ വെളിപാടുകാരുടെപിന്നിൽ പഞ്ചപുച്ഛമടക്കി വിനീതവിധേയരായി നിൽക്കുന്ന കാഴ്ച പ്രബുദ്ധകേരളത്തെ അമ്പരപ്പിക്കുന്നു!

'കൃപാസനം'പോലുള്ള പ്രസ്ഥാനങ്ങളിൽ

---

കൾ താമസിക്കുന്ന മഠങ്ങളിലെ ഗസ്റ്റ് ഹൗസുകളിലും അവർ കിടക്കാൻ എത്തും. അടുത്തകാലത്തു നടന്ന സംഭവങ്ങൾ സൂചിപ്പിക്കുന്നത് ഇവർക്ക് പോലീസ് മേധാവികളും ഭരണരംഗത്തെ പ്രധാനികളുമായി അടുത്ത ബന്ധമുണ്ട് എന്നാണ്.

എറണാകുളം-അങ്കമാലി അതിരൂപതയിലെ ഭൂമി ഇടപാടുകളും തുടർന്നുണ്ടായ സംഭവങ്ങളും സഭാസ്നേഹികളെ വേദനിപ്പിക്കുന്നു. എന്നാൽ സഭയുടെ മേലധ്യക്ഷന്മാർക്ക് ഒരു കൂസലുമില്ല. മേജർ ആർച്ച് ബിഷപ്പ് വൈദികരെ കുറ്റപ്പെടുത്തുന്നു. സഭാസിനഡ് യാതൊന്നും അറിയാതെ, പൊതു വിചാരണനടത്തി കുറ്റവാളികളെ പുറത്തു കൊണ്ടുവരണമെന്നു ആവശ്യപ്പെടുകയും ചെയ്യുന്നു. യഥാർത്ഥ കുറ്റവാളികൾ ആരെന്നു വ്യക്തം. പക്ഷേ തുറന്നു പറയാൻ എല്ലാവർക്കും മടി. കള്ളന്മാർ കപ്പലിൽ സസുഖം കഴിയുന്നു! എന്നാൽ ഈ കപ്പൽ മുങ്ങി ത്താഴ്ന്നുകൊണ്ടിരിക്കുകയാണെന്നതാണ് യാഥാർത്ഥ്യം.

ഏഷ്യാനെറ്റ് വാർത്തകളിൽ അടിക്കുറിപ്പായി കാണുന്നു - 'സീറോ - മലബാർസഭയിൽ വൻപൊട്ടിത്തെറി'. അറിയുന്ന സത്യങ്ങൾപോലും മറച്ചുവെച്ചുകൊണ്ടാണ് മനോരമയും ദീപികയും വാർത്തകൾ അവതരിപ്പിക്കുന്നത്. സഭയ്ക്കുള്ളിൽ നടക്കുന്ന വൃത്തികേടുകൾ ഫേസ് ബുക്ക് പോസ്റ്റുകൾവഴി പ്രചരിക്കുന്നു.

**സഭയുടെ സംരക്ഷകർ ആര്?**

'കോഴിയെ സംരക്ഷിക്കാൻ കുറുക്കനെ ഏൽപ്പിച്ചു' എന്നൊരു ചൊല്ലുണ്ട്. പണ്ട് കത്തോലിക്കരുടെ സ്വന്തം പത്രമെന്ന് അറിയപ്പെട്ടിരുന്ന 'ദിപിക'യുടെ സംരക്ഷണച്ചുമതല കാഞ്ഞിരപ്പള്ളി ബിഷപ്പിനു കിട്ടി. അദ്ദേഹം അത് ഫാരിസ് അബൂബക്കർ എന്ന വ്യവസായിക്കും പിണറായിക്കും കൈമാറി. കോടികൾ മുടക്കി മറ്റു മെത്രാന്മാർ ദീപികയെ വീണ്ടും സഭയുടെ പത്രമാക്കി. വിശ്വാസികളുടെ സമ്പത്തു മുഴുവൻ കൈവശമാക്കിയ മെത്രാന്മാർക്ക് അതൊക്കെ നിഷ്പ്രയാസം സാധിക്കും. കാഞ്ഞിരപ്പള്ളി ബിഷപ്പിന്റെ ഉറ്റ സുഹൃത്താണു ഫാരിസ് അബുബക്കർ. ഇപ്പോൾ സീറോ - മലബാർസഭയുടെ അധ്യക്ഷൻ ലുലു സൂപ്പർമാർക്കറ്റ് ഉടമയുടെയും മറ്റു ചില കോടീശ്വ

കാണുന്ന 'ക്രൈസ്തവികത'തന്നെ കമ്പോളത്തിന്റെ മൂശയിൽ വാർക്കപ്പെട്ടതാണ്. ആഗോളകമ്പോളത്തിന്റെ ഉല്പന്നമാക്കപ്പെട്ടിരിക്കുകയാണ് ധ്യാനകേന്ദ്രങ്ങൾ. ഗ്രീക്കുക്ഷേത്രങ്ങളിലെ വെളിച്ചപ്പാടുകളുടെ പുതിയ അവതാരങ്ങളാണ് കൃപാസനത്തിന്റെ പിന്നിൽ പ്രവർത്തിക്കുന്നവർ. മന്ത്രവാദികളെ ലജ്ജിപ്പിക്കുന്ന നീചപ്രവർത്തനങ്ങളാണ് ഇത്തരം കേന്ദ്രങ്ങളിൽ നടമാടുന്നത്. തങ്ങളുടേതായ നിലപാടുകൾക്ക് വി. ഗ്രന്ഥത്തിൽ നിന്ന് ചില ഉദ്ധരണികൾ തിരഞ്ഞെടുക്കുക. ക്രൈസ്തവസഭയുടെ അടിസ്ഥാന ദൈവശാസ്ത്രതത്ത്വങ്ങൾക്ക് എതിരായിനിൽക്കുക. ആദിമസഭയുടെ പഠനങ്ങൾ തങ്ങൾക്കറിയാമെന്നും, ദൈവം തങ്ങൾക്കുമാത്രമായി വെളിപ്പെടുത്തിയ രഹസ്യങ്ങൾ കൈവശം മുണ്ടെന്നും അവകാശപ്പെടുന്ന 'കൃപാസന' തട്ടിപ്പുകേന്ദ്രത്തെ നയിക്കുന്നവർ ക്രിസ്ത്യാനികൾ പോലുമല്ലായെന്ന സത്യം വിശ്വാസികൾ ഇനി എന്നാണ് തിരിച്ചറിയുക? ക്രിസ്ത്യൻ അടിസ്ഥാനവിശ്വാസങ്ങൾ സ്വീകരിക്കാത്ത വ്യാജക്രൈസ്തവ സെക്ടുകളുടെ പിന്നാലെ, വഴിയറിയാതെ മുടന്തിനടക്കുന്ന കേരളത്തിലെ വിശ്വാസി സമൂഹത്തിന് മുഴുഭ്രാന്താണ്!

ഫോൺ:8547959951

# അമേരിക്കയിൽ ലൈംഗികപീഡനക്കേസിലുൾപ്പെട്ട വൈദികൻ കോട്ടയത്ത് വൃദ്ധഭവനത്തിൽ!

*[മെയ് 26-ലെ Times of India - യിൽ വന്ന വാർത്താകുറിപ്പ്. സ്വന്തം തർജ്ജമ- 2012 ഏപ്രിലിൽ പുറത്തിറങ്ങിയ 'സത്യജ്വാല'യുടെ ആദ്യലക്കത്തിൽത്തന്നെ, കോട്ടയം രൂപതയിലെ ഈ പ്രമുഖ പുരോഹിതൻ ഒരു അമേരിക്കൻ ബാലികയെ ലൈംഗികമായി പീഡിപ്പിച്ച കാര്യം പരാമർശിച്ച് ശ്രീ സി.കെ. പുന്നൻ എഴുതിയ, 'റവ.ഡോ.വെള്ളിയാന് ഒരു തുറന്ന കത്ത്' എന്ന ശീർഷകത്തിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു - എഡിറ്റർ]*

അമേരിക്കയിലെ മിഷിഗണിൽ (Michigan) ലൈംഗികപീഡനത്തിന് ചാർജ്ജ് ചെയ്യപ്പെട്ട ഫാ. ജേക്കബ് വെള്ളിയാൻ (84 വയസ്സ്) എന്ന കത്തോലിക്കാ പുരോഹിതൻ ഇപ്പോൾ കോട്ടയത്ത് തെള്ളകത്തെ വൃദ്ധഭവനത്തിൽ കഴിയുകയാണ്. അദ്ദേഹത്തെ സഭയിൽനിന്നു പുറത്താക്കുകയോ, സഭാപരമായ എന്തെങ്കിലും നടപടി അദ്ദേഹത്തിനെതിരെ ഇതുവരെ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നു സഭാവൃത്തങ്ങൾ പറയുന്നു.



പ്രായാധിക്യവുമായി ബന്ധപ്പെട്ടുള്ള രോഗങ്ങളാൽ വലയുന്ന അദ്ദേഹത്തെ ബന്ധപ്പെടാനുള്ള 'ടൈംസ് ഓഫ് ഇന്ത്യ' യുടെ ശ്രമങ്ങൾ വിജയം കണ്ടില്ല.

രന്മാരുടെയും സുഹൃത്ത് ആണെന്ന് എറണാകുളത്തെ വൈദികർ പറയുന്നു. ഈ ബിഷപ്പുമാരും വൈദികരും സഭയുടെ സംരക്ഷകർതന്നെയാണോ? ഇവരുടെ ഭരണത്തിൽ സഭയുടെ ഭാവി എന്തായിരിക്കും?

ദൈവരാജ്യം സ്ഥാപിക്കുവാൻ വന്ന ക്രിസ്തുവിനെ ഒറ്റിക്കൊടുത്തത് യൂദാസ് എന്ന ശിഷ്യനാണ്. എന്നാൽ ക്രിസ്തുവിനു വില നിശ്ചയിച്ചതും തുക കൈപ്പറ്റിയതും യഹൂദ പുരോഹിതന്മാർ ആയിരുന്നു. ചെയ്തത് വലിയ തെറ്റായി എന്നു ബോധ്യമായപ്പോൾ യൂദാസ് വെള്ളിനാണയങ്ങൾ വലിച്ചെറിഞ്ഞു. പുരോഹിതന്മാരാകട്ടെ പണം ഭണ്ഡാരത്തിൽ ഇടാൻ യോഗ്യമല്ല എന്നു പറഞ്ഞ് 'അക്കൽദാമ' എന്നറിയപ്പെടുന്ന കുശവന്റെ പറമ്പുവാങ്ങി. അവർ ചെയ്തത് തങ്ങൾ അനീതിയുടെ പ്രതിഫലം കൈപ്പറ്റുന്നവരല്ല എന്നു പുറമേ സ്ഥാപിക്കാനായിരുന്നു. യൂദാസ്തന്നെ കൂടുതൽ മാന്യൻ.

ഇന്നു നമ്മുടെ മെത്രാന്മാർ അനുഭവിക്കുന്ന സമ്പത്ത് പാവപ്പെട്ടവരെ ചൂഷണംചെയ്തു നേടിയതാണെന്ന് അവർ സമ്മതിക്കില്ല. ദീപിക വാങ്ങുവാനും എൻജിനീയിറിംഗ് കോളജ് ഏറ്റെടുക്കാനും, കുട്ടനാട്ടിലെ പാവങ്ങളെ സഹായിക്കാനുമൊക്കെ ബിഷപ്പുമാർ ഇടയലേഖനങ്ങളിറക്കുമ്പോൾ, സാധാരണക്കാരനു തോന്നും, ഇവർ എത്ര നല്ല കാര്യങ്ങൾ ചെയ്യുന്നു എന്ന്? ധ്യാനകേന്ദ്രങ്ങളിൽ ഉടമ്പടി തൈലം വിറ്റും 'കൃപാസനം' എന്ന മാജിക്പത്രം വായിച്ചും അത്ഭുതങ്ങൾ നടത്തുന്നു! അവസാനകാലത്തുണ്ടാകുന്ന വലിയ അത്ഭുതങ്ങൾ ക്രിസ്തുതന്നെ പ്രവചിച്ചിട്ടുണ്ട്. സഭ ഇന്ന് ഒരു തട്ടിപ്പുപ്രസ്ഥാനമായി മാറിയിരിക്കുന്നു.

യൂദാസിനുണ്ടായ കുറ്റബോധവും പശ്ചാത്താപവും ഇന്നു നമ്മുടെ മെത്രാന്മാർക്കും ചില പ്രമുഖ വൈദികർക്കും ഇല്ല എന്നതാണു വാസ്തവം! സഭയെ വീണ്ടെടുക്കാൻ ഇനി ദൈവത്തിനുമാത്രമേ സാധ്യമാകൂ. ഫ്രാൻസീസ് മാർപാപ്പ വിചാരിച്ചാൽ ഒരുപക്ഷേ കേരളസഭയെ കള്ളന്മാരായ ഇടയന്മാരിൽനിന്നു രക്ഷിക്കാൻ കഴിഞ്ഞേക്കും.

ഫോൺ: 9847126316

സീറോ- മലബാർ സഭയിലെ ഒരു മുതിർന്ന വൈദികൻ പറഞ്ഞത്, "അദ്ദേഹം കുറ്റക്കാരനാണോ അല്ലയോ എന്ന് എനിക്ക് നിശ്ചയമില്ല. 80-ലേറെ വയസ്സുകഴിഞ്ഞ അദ്ദേഹത്തിന് നല്ല സുഖമില്ല. അദ്ദേഹമിപ്പോഴും തികച്ചും ഒരു പുരോഹിതൻ തന്നെ", എന്നാണ്.

കേരളത്തിലെ വൈദികരെ സംബന്ധിച്ച് ഫാ. വെള്ളിയാൻ ഒരു പണ്ഡിതനാണ്. അനേകർ അദ്ദേഹത്തെ ഓർമ്മിക്കുന്നത്, തങ്ങളുടെ സെമിനാരി അദ്ധ്യാപകനെന്ന നിലയിലാണ്. സുറിയാനി ഭാഷയിലുള്ള അദ്ദേഹത്തിന്റെ അറിവ് പ്രസിദ്ധമാണ്. അദ്ദേഹത്തിനെതിരെ അമേരിക്കയിൽ ലൈംഗികാരോപണമുണ്ടെന്നും, അദ്ദേഹം കേരളത്തിൽ ജീവിക്കുന്നുണ്ടെന്നുമുള്ള വാർത്ത 2011 മുതലുള്ളതാണ്. "ഒരു ഹ്രസ്വകാലയളവിലെ ചുമതലയ്ക്കു മാത്രമായി അമേരിക്കയിലുണ്ടായിരുന്ന കോട്ടയം അതിരൂപതയിൽനിന്നുള്ള അദ്ദേഹത്തിനെതിരായി ഉയർന്ന ഈ ആരോപണത്തിൽ എന്തെങ്കിലും സത്യമുണ്ടോ എന്നറിയില്ല", ആ വൈദികൻ പറഞ്ഞു.

അദ്ദേഹം മിഷിഗണിൽ സേവനം ചെയ്തിരുന്ന 1970-കളിൽ പ്രായപൂർത്തിയാകാത്ത ഒരു പെൺകുട്ടിയെ ലൈംഗികമായി ഉപദ്രവിച്ചുവെന്നതാണ് അദ്ദേഹത്തിനെതിരായ ആരോപണം. ഒരു അസ്സോസിയേറ്റഡ് പ്രസ്സ് റിപ്പോർട്ടനുസരിച്ച്, ദശാബ്ദങ്ങൾക്കുമുമ്പു നടന്ന പുരോഹിത ലൈംഗികാതിക്രമങ്ങളെക്കുറിച്ച് സ്റ്റേറ്റ് അറ്റോർണി ജനറൽ നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി, അഞ്ചു മുൻ കത്തോലിക്കാ പുരോഹിതർക്കെതിരെ കുറ്റപത്രം ഫയൽ ചെയ്തതായി മിഷിഗൺ പ്രോസിക്യൂട്ടർമാർ പ്രഖ്യാപിച്ചിരിക്കുകയാണ്. വ്യത്യസ്തതരത്തിലുള്ള ലൈംഗിക കുറ്റങ്ങളാണ് ഈ പുരോഹിതർക്കെതിരെ ചുമത്തിയിരിക്കുന്നത്. ഈ ആഴ്ചയിൽ അവരിൽ നാലുപേരെ അറസ്റ്റു ചെയ്തു. ഫാ. വെള്ളിയാനെ ഇന്ത്യയിൽനിന്നു വിട്ടുകിട്ടാനുള്ള ശ്രമത്തിലാണ് ഈ പ്രോസിക്യൂട്ടർമാർ.

**പ്രതികരണം**

# സഭയുടെ ശുദ്ധീകരണ പ്രവർത്തനങ്ങളിലേർപ്പെടുവാൻ ആർക്കാണവകാശം? –റവ യുഹാനോൻ റമ്പാനോടു വിയോജിക്കുന്നു



**കെ.സി. വർഗീസ്**

**യാ**ക്കോബായ സഭാപരിഷ്ക്കരണ പ്രസ്ഥാനത്തിന്റെ പ്രതിനിധിയും 'സത്യജ്വാല'മാസികയുടെ അഭ്യുദയകാംക്ഷിയുമായ വന്ദ്യ യുഹനോൻ റമ്പാന്റെ മെയ്ലക്കം സത്യജ്വാലയിലെ ലേഖനം കേവലം ഉപരിപ്ലവവും അദ്ദേഹം അലങ്കരിക്കുന്ന റമ്പാൻ (ഗുരു) സ്ഥാനത്തിനു നിരക്കാത്തതുമായിപ്പോയി എന്ന് ഖേദത്തോടെ സൂചിപ്പിക്കട്ടെ.

വന്ദ്യ റമ്പാച്ചന്റെ സഭയിൽ ജനിച്ചു വളർന്ന് അതുമായി ബന്ധപ്പെട്ട വൈദികവിദ്യാഭ്യാസം പൂർത്തീകരിച്ച ഒരു വ്യക്തിയാണ് ഇതെഴുതുന്നത്. സഭാശുദ്ധീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കു വേണ്ട അടിസ്ഥാന യോഗ്യതകൾ അദ്ദേഹം അക്കമിട്ടു പറയുന്നു. ഇത് ബൈബിളധിഷ്ഠിതമോ ആദിമസഭാപാരമ്പര്യങ്ങളുമായി ഒത്തുപോകുന്നതോ അല്ല. ആ വക കാര്യങ്ങളിൽ 'സത്യജ്വാല' എഡിറ്ററുടെ പ്രതികരണത്തോട് ഈ ലേഖകൻ പൂർണമായും യോജിക്കുന്നു. റമ്പാച്ചൻ പറഞ്ഞ 4 കാര്യങ്ങളെ ഒന്നൊന്നായി ഇവിടെ വിശകലനം ചെയ്യട്ടെ:

**1. വി.ത്രിത്വം:**

ത്രിത്വം എന്ന ആശയംതന്നെ ബൈബിളധിഷ്ഠിതമോ ആദിമസഭാപാരമ്പര്യങ്ങളുമായി ഒത്തുപോകുന്നതോ അല്ല. കന്യകയിൽനിന്നുള്ള ജഡധാരണം എന്ന ആശയംതന്നെ ക്രൈസ്തവപൂർവ്വമായ പേഗൻമതങ്ങളിൽനിന്നു പിൽക്കാലത്ത് ഇറക്കുമതിചെയ്തു നടപ്പിൽ വരുത്തിയതാണ്. ദൈവം സകലജാതികളുടെയും പിതാവാണെന്നും സർവ്വജീവജാലങ്ങളും അതുകൊണ്ടുതന്നെ സഹോദരങ്ങളാണെന്നുമുള്ള (paternity of God and fraternity of living beings) ആശയമാണ് യേശുവിന്റെ മൗലികസന്ദേശം. വിശുദ്ധ ഫ്രാൻസീസ് അസ്സീസിയെപ്പോലുള്ളവർ ഈ ആശയം ഊന്നിപ്പറഞ്ഞിരുന്നു. ദൈവത്തെ പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ എന്നിങ്ങനെ മൂന്നിൽ ഒന്നും ഒന്നിൽ മൂന്നും എന്നൊക്കെ പറഞ്ഞു പൊലിപ്പിച്ചു വലിച്ചുനീട്ടി, വലിച്ചാൽ നീളുന്നതും വിട്ടാൽ പൂർവ്വസ്ഥിതിയെ പ്രാപിക്കുന്നതുമായ ഒരു സങ്കീർണദൈവശാസ്ത്രം സൃഷ്ടിച്ചു മനുഷ്യരുടെ തലയിൽ കെട്ടിവച്ച മതപൗരോഹിത്യം, യേശുക്രിസ്തു എന്ന മതപരിഷ്കരണവാദിയെ കുരിശിൽ തറച്ചുകൊന്നതിനു തുല്യമായ മറ്റൊരു തെറ്റ് ആവർത്തിക്കുകയായിരുന്നു. പ്രബുദ്ധരായ വിശ്വാസികളിൽ നല്ല പങ്കും സാവകാശമാണെങ്കിലും ഇത്തരം വിശ്വാസാഭാസങ്ങളിൽനിന്നു വിമുക്തരായിവരുന്നു. വിമോചനദൈവശാസ്ത്രം, സൃഷ്ടിയുടെ ദൈവശാസ്ത്രം, കൂടാതെ സഭയുടെ സ്വത്ത് സംരക്ഷണം സംബന്ധിച്ച് ഇപ്പോൾ കെ.സി.ആർ.എം-ന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്ന പ്രസ്ഥാനങ്ങളും, സഭാപരിഷ്കരണപ്രസ്ഥാനങ്ങൾ എന്ന നിലയിൽ പല രൂപഭാവങ്ങളിൽ ആണെങ്കിലും ലോകവ്യാപകമായി സജീവമാണ്. അവർ ലക്ഷ്യമാക്കുന്നത് നസ്രേത്തിലെ യേശു എന്ന ലോകഗുരുവിന്റെ ആദർശങ്ങൾ പിൻതുടരുക എന്നതാണ്. അദ്ദേഹത്തിന്റെ മാതാവ് ആര്, പിതാവ് ആര്, യേശു ജഡം ധരിച്ച വചനമായിരുന്നോ വചനം ധരിച്ച ജഡം

ആയിരുന്നോ എന്നിങ്ങനെയുള്ള കുണ്ടാമണ്ടി ചോദ്യങ്ങൾക്കുത്തരം കണ്ടെത്തൽ അവരുടെ ജോലിയല്ല. യേശുവിന്റെ ഉപദേശങ്ങളിലും പഠിപ്പിക്കലുകളിലും അധിഷ്ഠിതമായ ഒരു മാനവസമൂഹം ഈലോകത്തിൽ യാഥാർത്ഥ്യമാക്കുക, മതദാർശനികരംഗത്തെ ബഹുസ്വരതയും ജനാധിപത്യവത്കരണവും നടപ്പിലാക്കാൻ സഹായകമായ ഒരു മതേതര ക്രൈസ്തവതയ്ക്കായി (Secular Christianity) പരിശ്രമിക്കുക – അതാണ് എല്ലാ പരിഷ്ക്കരണവാദികളും ലക്ഷ്യമാക്കുന്നത്.

**2. നിഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ, എഫേസോസ് പൊതു സൂനഹദോസ് തീരുമാനങ്ങൾ**

യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുമായി ഒരു തരത്തിലും ബന്ധപ്പെട്ടവയായിരുന്നില്ല അവ. തങ്ങളുടെ ഭരണപരിധിയിൽപ്പെട്ട ജനങ്ങൾക്കിടയിൽ കൃത്യമായ ഒരു ദേശീയബോധവും ഐക്യവും സൃഷ്ടിക്കുവാൻവേണ്ടി അക്കാലത്തെ രാജാവും ഉപദേശകന്മാരുംചേർന്ന് ആസൂത്രണംചെയ്ത ഒരു രാഷ്ട്രീയതന്ത്രംമാത്രമായിരുന്നു, ഈ സൂനഹദോസ് നിശ്ചയങ്ങൾ. ഇതിനോടു യോജിക്കാത്തവരെ നാടുകടത്താനും ഗളഹസ്തം ചെയ്യാനും യാതൊരു മടിയും ഇല്ലാത്തവരായിരുന്നു ഈ സൂനഹദോസ് പിതാക്കന്മാർ. കേരളനസ്രാണികളെ പോർട്ടുഗീസ് ആധിപത്യത്തിനുകീഴിൽ കൊണ്ടുവരാൻ ഗോവാ ആർച്ചുബിഷപ്പ് മെനെസിസ് ഇവിടുത്തെ വിജാതീയ നാടുവാഴികളുടെ ഒത്താശയോടെ 1599–ൽ സംഘടിപ്പിച്ച ഉദയംപേരൂർ സൂനഹദോസിന്റെ നിശ്ചയങ്ങളിൽനിന്നും ഏറെയൊന്നും വ്യത്യസ്തമായിരുന്നില്ല, മേൽസൂചിപ്പിച്ച സൂനഹദോസ് നിശ്ചയങ്ങളും. യേശുക്രിസ്തു വിഭാവനചെയ്ത നവലോകദർശനം വികസിപ്പിക്കുവാൻ ഈ സൂനഹദോസുകൾ കാര്യമായ സംഭാവനകളൊന്നും ചെയ്തില്ലെന്നതാണ് യാഥാർത്ഥ്യം. ഇത്തരം സൂനഹദോസുകളെ സഭാചരിത്രത്തിലെ ചില നാഴികക്കല്ലുകൾമാത്രമായി കരുതിയാൽമതി. ഓർത്തഡോക്സ് സഭാനേതൃത്വം ഇപ്പോൾ പറയുന്നത്, ഏതു പൊതുസൂനഹദോസിനേക്കാളും പ്രധാനപ്പെട്ടത് അവർ 1934–ൽ രൂപീകരിച്ച് ഏകപക്ഷീയമായി നടപ്പിലാക്കിയ സഭാഭരണഘടനയാണെന്നാണ്! തങ്ങളുടെ അവകാശവാദം ബഹു. സുപ്രീംകോടതിയെക്കൊണ്ടംഗീകരിപ്പിക്കാനുള്ള രാഷ്ട്രീയകൗശലത്തിലും അവർ വിജയം വരിച്ചു. അതിന്റെ പ്രത്യാഘാതമാണ് കേരളത്തിലെ തെക്കൻ ജില്ലകളിലെ പുരാതനപള്ളികളിലേക്കവർ ഈയിടെ നടത്തിയ കൈയേറ്റയാത്രകൾ. ജനാധിപത്യസർക്കാരുകളെയും രാഷ്ട്രീയകക്ഷികളെയും ഒരേസമയം ചെകുത്താനും കടലിനും മദ്ധ്യേനിറുത്തിയുള്ള ഈ പള്ളിപിടിക്കൽ പ്രക്ഷോഭം അടിപിടികളും തെരുവുഗുസ്തികളും പിന്നിട്ട് ഇപ്പോൾ കത്തിക്കുത്തിൽവരെ എത്തിനിൽക്കുകയാണ്. സഭ നേരിടുന്ന ഈ ദുരവസ്ഥയെ നേരിടാൻ, സഭാപരമായ ചില വ്യവസ്ഥകൾ പാലിക്കുന്നവർക്കുമാത്രമേ അവകാശമുള്ളൂ എന്നല്ലായിരുന്നു, റമ്പാച്ചൻ പറയേണ്ടിയിരുന്നത്; മറിച്ച്, കേരളസഭയിലെ എല്ലാ വിശ്വാസികൾക്കും ചർച്ച് ആക്ടെന്ന ലക്ഷ്യത്തിൽ എല്ലാ മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കുമതീതമായി ഐക്യപ്പെട്ടു പ്രവർത്തിക്കാൻ അവകാശവും കടമയുമുണ്ടെന്നായിരുന്നു.

**3. ഏഴു കൂദാശകൾ:**

ഇതിൽ എത്ര കൂദാശകൾക്കു യേശുവുമായി ബന്ധമുണ്ടെന്നു വ്യക്തമാക്കപ്പെടേണ്ടതുണ്ട്. യേശു വിവാഹിതനായിരുന്നില്ല. യേശു ആരുടെയും വിവാഹത്തിനു കാർമ്മികത്വം വഹിച്ചിട്ടില്ല. അതിനാൽ ചുരുങ്ങിയപക്ഷം വിവാഹം എന്ന കൂദാശയെങ്കിലും യേശു സ്ഥാപിച്ചതല്ലെന്നു സമ്മതിക്കേണ്ടിവരും. അതുപോലെ കുമ്പസാരം. ആരാണീ കുമ്പസാരത്തിന്റെ ഉപജ്ഞാതാവ്? 1599–ലെ ഉദയംപേരൂർ സൂനഹദോസിനുമുമ്പ് കേരളനസ്രാണികളുടെ ഇടയിൽ ഇങ്ങനെയൊരു കൂദാശ നിലവിലില്ലായിരുന്നു എന്ന കാര്യത്തിൽ സഭാചരിത്രകാരന്മാർ ഏകാഭിപ്രായക്കാരാണ്. ഒരാൾ മറ്റൊരാൾക്കെതിരെ തെറ്റുചെയ്താൽ അതു ക്ഷമിക്കുവാനുള്ള അവകാശം തെറ്റിനിരയായ വ്യക്തിക്കുമാത്രമാണ്. ഇടയ്ക്കൊരു പുരോഹിതന്റെ ചെവിയിൽ കുറ്റം ഏറ്റു പറഞ്ഞു പാപമോചനം പ്രാപിക്കാമെന്നത് പൗരോഹിത്യമതം പ്രചരിപ്പിക്കുന്ന ഒരു അബദ്ധധാരണമാത്രമാണ്. ഒരു വർഷം ഒരു പാപമെങ്കിലും ചെയ്തിരിക്കണം എന്നു നിർബന്ധിക്കുന്നതുപോലെയാണ്, കുമ്പസാരം നടത്താത്ത വിശ്വാസിക്കു പള്ളിപ്പൊതുയോഗത്തിൽ ഇരിക്കാനുള്ള അവകാശമില്ലെന്ന 1934–ലെ സഭാഭരണഘടനാവ്യവസ്ഥ. ഓർത്തഡോക്സ് പാരമ്പര്യത്തിൽ കുമ്പസാരം ഒരു ഐച്ഛികവിഷയമാണ്, നിർബന്ധമുള്ള കാര്യമല്ല. പാപം ചെയ്യാതെ ജീവിക്കാനും ഒരിക്കൽ കുമ്പസാരിച്ച് പുരോഹിതനിൽനിന്ന് പാപവിമോചനം പ്രാപിച്ച വ്യക്തിക്കു വീണ്ടും അതാവർത്തിക്കാതെ ജീവിക്കാനും സാധിക്കും എന്നുതന്നെയാണ് ഓർത്തഡോക്സ് പാരമ്പര്യം പഠിപ്പിക്കുന്നത്. ഇതിനുപകരം റോമൻ കത്തോലിക്കാപാരമ്പര്യത്തെ അനുകരിച്ച് അന്ധമായി ജനങ്ങളിൽ പാപബോധം വളർത്തി അവരെ കുമ്പസാരക്കൂട്ടിലേക്ക് മാടി വിളിക്കുന്ന പുരോഹിതൻ ദുർബലചിത്തരായ വിശ്വാസികൾക്കുമേൽ പിടിമുറുക്കി അവരെ ചൂഷണംചെയ്യാൻ തക്കം പാർത്തിരിക്കുന്ന ഇരപിടിയനാണ്. ഒരു സ്ത്രീ അവളുടെ ഭർത്താവിനോടു കാണിച്ച വിശ്വാസവഞ്ചന ഒരു പുരോഹിതന്റെ കാതിൽ മന്ത്രിച്ചു പാപമോചനം പ്രാപിച്ചതിന്റെ അനന്തരഫലം നമ്മൾ കണ്ടു. മറ്റു മൂന്ന് പുരോഹിതകഴുകന്മാർക്കുകൂടി കൊത്തിവലിക്കാൻ അവൾക്കു തന്റെ ശരീരം വിട്ടുകൊടുക്കേണ്ടി വന്നു. ഇത്രയൊക്കെയായിട്ടും സഭയിലെ മൂഢവിശ്വാസികളായ സ്ത്രീകൾ പുരോഹിതന്മാർക്കനുകൂലമായും ആ പാവം സ്ത്രീക്കെതിരായും അഭിപ്രായപ്രകടനം നടത്തുന്ന വാട്ട്സാപ്പ് സന്ദേശങ്ങളും നമ്മൾ വായിച്ചു. കഷ്ടം എന്നല്ലാതെ എന്തുപറയാൻ! ഇതിനെയൊക്കെ അംഗീകരിച്ചാലേ സഭാശുദ്ധീകരണ ശ്രമങ്ങളിൽ പങ്കാളിയാകാൻ വിശ്വാസികളെ അനുവദിക്കൂ എന്നാണ് ബഹു: റമ്പാച്ചൻ പറഞ്ഞു ഫലിപ്പിക്കുന്നത്.

**4. സഭായോഗങ്ങളിലും കൂട്ടായ്മകളിലുമുള്ള വിശ്വാസികളുടെ സാന്നിധ്യം:**

ഈ വിഷയത്തിലും നമ്മൾ മാതൃകയാക്കേണ്ടത് യേശുവിനെത്തന്നെ ആയിരിക്കണം. യേശു എപ്പോഴൊക്കെ യെരുശലേം ദേവാലയത്തിൽ പോയോ അപ്പോഴൊക്കെ അതു പുരോഹിതന്മാർക്കൊരു തലവേദനയായിരുന്നു. അവിടുന്ന് തിരുവെഴുത്തുകൾ തുറന്നുവച്ച് പുരോഹിതന്മാർ വ്യാഖ്യാനിക്കുന്നതിൽനിന്നു വ്യത്യസ്തമായി വ്യാഖ്യാനിച്ചു. വിശ്വാസത്തി

ന്റെയും ഭക്തിയുടെയുംപേരിൽ ദേവാലയത്തെ കച്ചവടകേന്ദ്രമാക്കുന്നവരെ ശാസിച്ചു. നേർച്ച ക്കോഴികളെയും ആടുമാടുകളെയും സ്വതന്ത്ര മാക്കി. നാണയംമാറുന്നവരുടെ മേശകൾ മറിച്ചി ട്ടു. ചിലർക്കൊക്കെ ചാട്ടവാറുകൊണ്ടു നല്ല പൂശും കിട്ടി. വെറുതെയല്ല, പുരോഹിതപ്പരിഷ കൾ അദ്ദേഹത്തെ ഏറെ വൈകാതെതന്നെ കുരി ശിൽ തറച്ചുകൊന്നു പകവീട്ടിയത്.

യേശുവിനെ പിൻതുടരാൻ ആഗ്രഹിക്കുന്ന വർ ഇപ്രകാരമായിരിക്കണം, സഭായോഗങ്ങളിലും അനുബന്ധ കൂട്ടായ്മകളിലും പങ്കെടുക്കേണ്ടത്. ചമ്മട്ടി പ്രയോഗം ഒഴിവാക്കാം. നമ്മുടെയൊക്കെ വായിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള നാക്ക് എന്നൊരു ചമ്മട്ടിയുണ്ടല്ലൊ. അതു പുറത്തെ ടുത്തു നാലു ഭാഗത്തും ചുഴറ്റി പ്രാർത്ഥനാലയം ആയിരിക്കേണ്ട ദൈവാലയത്തെ കള്ളന്മാരുടെ ഗുഹയാക്കുന്നവർക്കെതിരെ പൊരുതാം. പേനാകൊണ്ടു യുദ്ധം ചെയ്യാം. പേടിക്കേണ്ട. ഇത് യേശുവിന്റെ കാലമല്ല. ഇവിടെ നിയമം – കർദ്ദിനാളിനും മെത്രാനും വികാരിയച്ചനും കപ്യാർക്കും കന്യാസ്ത്രീക്കുമൊക്കെ തുല്യ സ്ഥാനംതന്നെ ഉറപ്പുതരുന്നു.

ഈ പാതയിൽ 'ഓശാന' മാസികയുടെ പിൻഗാമിയായ 'സത്യജാല' തുടരുന്ന പരിശ്രമ ങ്ങൾക്കുമുന്നിൽ ആദരപൂർവ്വം തലകുനിക്കുന്നു. ഇതിനിടങ്കോലിടുവാൻ പഴയ സൂനഹദോസ് നിശ്ചയങ്ങളും പഴകിത്തുരുമ്പിച്ച ഭരണഘടനക ളുമായി രംഗപ്രവേശം ചെയ്യുന്നവർക്കെതിരെ ജാഗ്രതപാലിക്കുകതന്നെ ചെയ്യണം. ഈ തത്ത്വം കത്തോലിക്കർക്കും യാക്കോബായക്കാർക്കും മാർത്തോമ്മാക്കാർക്കും സി.എസ്.ഐ-ക്കാർക്കുമെല്ലാം ഒരുപോലെ ബാധകമാണ്. നമ്മ ളാരും ഈ സഭകളിലേതെങ്കിലും ഒന്നിനെ അവ യുടെ ഗുണദോഷവിവേചനത്തിന്റെ അടിസ്ഥാ നത്തിൽ തിരഞ്ഞെടുത്തതല്ല. നമ്മൾ ഈ സഭ കളിൽ ഏതെങ്കിലും ഒന്നിലേക്കു ജനിച്ചു വീണ വരാണ്. നമ്മുടെ അനുവാദം ചോദിച്ചിട്ടല്ല നമ്മുടെ മാതാപിതാക്കൾ നമ്മുടെ ശിശുപ്രായ ത്തിൽ ഇതിൽ ഏതെങ്കിലും ഒരു സഭയിലെ മാമോദിസാത്തൊട്ടിയിലെ വെള്ളം നമ്മുടെ ശിര സ്സിൽ ഒഴിച്ചത്.

നമ്മുടെ പൂർവ്വികന്മാരുടെ രക്തം വിയർപ്പാ ക്കി ഉണ്ടാക്കിയെടുത്തതാണ് ഇവിടുത്തെ പള്ളി കൾ. ആ പള്ളികൾ ഒരു സംഘം പുരോഹിത ന്മാരുടെ ആർഭാടജീവിതത്തിനുള്ള ഉപകരണങ്ങ ളല്ല. അവർക്കു നമ്മളെ പള്ളിയിൽനിന്നോ സ്വത ന്ത്രമായ സഭാപ്രവർത്തനങ്ങളിൽനിന്നോ പുറ ത്താക്കാനുള്ള ഒരവകാശവും ഇല്ല. നമ്മൾ ഏതു സഭാവിഭാഗത്തിൽപ്പെട്ടവരായാലും നമ്മളെ പര സ്പരം ബന്ധിപ്പിച്ചിരിക്കുന്നത് യേശുക്രിസ്തു എന്ന ലോകഗുരുവാണ്. അദ്ദേഹത്തിനും നമുക്കും ഇടയിൽ പുരോഹിതൻ എന്ന ഒരു മദ്ധ്യസ്ഥനെ യേശുവോ നമ്മളോ നിയമിച്ചിട്ടില്ല. ഇതായിരിക്കണം നമ്മൾ വിഭാവനചെയ്യുന്ന 'ചർച്ച് ആക്ടി'ന്റെ അടിസ്ഥാനസത്ത. അതു യാ ഥാർത്ഥ്യമാക്കാനുള്ള പരിശ്രമത്തിനിടയിൽ ഇനിയും വിശദമായ ചർച്ചകളും കൂടിയാലോച നകളും വേണ്ടിവരും.

ഫോൺ: 9447500628

# 'വിശ്വാസിയുടെ പരിണാമം! – ഒരു ഹ്രസ്വവിശകലനം

"ആധികാരികമായി തെളിവില്ലാത്ത ഒന്നിനെ പിന്തു ടരേണ്ടി വരുമ്പോൾ ഒരാൾ വിശ്വാസിയാവുന്നു. ചോദ്യം ചെയ്യാതെ വിശ്വസിക്കാൻ ശീലിക്കുമ്പോൾ അയാൾ അന്ധവിശ്വാസിയാകുന്നു. തന്റെ വിശ്വാസംമാത്രമാണ് ശരി എന്നു വിശ്വസിക്കുമ്പോൾ അയാൾ മൗലികവാ ദിയാകുന്നു. മറ്റ് വിശ്വാസങ്ങളെല്ലാം തന്റെ വിശ്വാസ ങ്ങൾക്കെതിരാണ് എന്നു ചിന്തിക്കുമ്പോൾ അയാൾ തീവ്രവാദിയാകുന്നു. മറ്റെല്ലാ വിശ്വാസങ്ങളെയും ഇല്ലായ്മ ചെയ്യാൻ തുനിയുമ്പോൾ അയാൾ ഭീകരവാ ദിയായി മാറുന്നു. ഒരു സംശയവും വേണ്ട എല്ലാ ഭീകര വാദികളുടെയും തുടക്കം വിശ്വാസിയിൽ നിന്നാണ്." (ഒരു വാട്ട്സാപ്പ് പോസ്റ്റ്)

*–ഇന്നത്തെ നിലയിൽ, 'വിശ്വാസി'യുടെ ഭീകരവാ ദിവരെയുള്ള പരിണാമത്തെ കൃത്യമായി വരച്ചു കാട്ടു ന്നു, ഈ ഹ്രസ്വവിശകലനം. എന്നാൽ, പുരോഹിതമ തങ്ങൾ നമ്മിലെല്ലാം അടിച്ചേല്പിച്ച അർഥ ത്തിൽനിന്നു വ്യത്യസ്തമായി 'വിശ്വാസി' എന്ന വാക്ക് മനസ്സിലാക്കിയാലോ? അപ്പോൾ ഈ വിശകലനം തെറ്റി പ്പോകുന്നു!*

*തന്റെ അസ്തിത്വത്തിന്റെ അടിവേര് തനിക്കു കാണാനാവില്ലെങ്കിലും അങ്ങനെയൊന്നുണ്ടാകാതെ നിവൃത്തിയില്ല എന്ന ബോധ്യം എല്ലാ സത്യാന്വേഷി കളിലും ഉണ്ടാകും. കാരണം, തങ്ങൾ സ്വയംഭൂ അല്ലെന്ന് എല്ലാവർക്കും അറിയാം. തന്റെ ശാരീ രികപ്രക്രിയയൊന്നും നിർവഹിക്കുന്നത് താനല്ലെന്ന് ഓരോരുത്തരും അറിയുന്നു. ഉറങ്ങുമ്പോഴും അബോ ധാവസ്ഥയിലും അതെല്ലാം എല്ലാവരിലും നടക്കുന്നു വെങ്കിൽ, തന്നിലും മറ്റുള്ളവരിലും, പോരാ സർവ്വ ചരാ ചരങ്ങളിലും, ഒരു സത്ത പ്രവർത്തിക്കുന്നുണ്ട് എന്ന് വിശ്വസിക്കേണ്ടിവരുന്നു. ഇതു 'കാണാതെ വിശ്വസി ക്ക'ലാണ്, ബോധ്യപ്പെട്ടു വിശ്വസിക്കലുമാണ്. ഈ വിശ്വാസത്തിലെത്തിയവർ, അന്ധവിശ്വാസികളോ മൗലികവാദികളോ തീവ്രവാദികളോ ഭീകരവാദികളോ ആയി പരിണമിക്കുന്നില്ല. കാരണം, അത് യഥാർഥ വിശ്വാസമാണ്.*

*ഈ വിശ്വാസത്തിലെത്തുന്നതിൽനിന്നു മനുഷ്യനെ തടയുന്ന ഭൗതികസ്ഥാപനമാണ് മതദർശനങ്ങളിൽ നുഴ ഞ്ഞുകയറി അധികാരം സ്ഥാപിക്കുന്ന പൗരോഹിത്യം എന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.*

**– എഡിറ്റർ**

# KCRM അറിയിപ്പുകൾ, പ്രോഗ്രാമുകൾ

## ചർച്ച് ആക്ട് പ്രഭാഷണവും KCRM വാർഷിക പൊതുയോഗവും

**2019 ജൂൺ 29, ശനിയാഴ്ച 2 മണിമുതൽ പാലാ ടോംസ് ചേമ്പർ ഹാളിൽ**

### പ്രഭാഷണം

**ചർച്ച് ആക്ട് പ്രവർത്തനം എങ്ങനെ ജനകീയമാക്കാം**

അദ്ധ്യക്ഷൻ: **പ്രൊഫ. പി.സി. ദേവസ്യ** (ചെയർമാൻ)

പ്രഭാഷണം നടത്തുന്നത്: **അഡ്വ. ജോൺ ജോസഫ്** (ചെയർമാൻ, Voters Allience)

### വാർഷിക പൊതുയോഗം

വാർഷിക പ്രവർത്തനറിപ്പോർട്ട് അവതരണം: **ഷാജു ജോസ് തറപ്പേൽ** (സെക്രട്ടറി)

റിപ്പോർന്മേൽ പൊതു ചർച്ച, വിലയിരുത്തൽ, അംഗീകാരം

വാർഷിക കണക്ക് അവതരണം: **ജോസാന്റണി** (ട്രഷറർ)

കണക്കിനെപ്പറ്റി പൊതുചർച്ച, വിലയിരുത്തൽ, അംഗീകാരം

### തിരഞ്ഞെടുപ്പ്

അടുത്ത ഒരു വർഷത്തെ നിർവ്വാഹകസമിതിയംഗങ്ങളുടെയും ഭാരവാഹികളുടെയും തിരഞ്ഞെടുപ്പ്.

തിരഞ്ഞെടുപ്പു പ്രക്രിയ നിയന്ത്രിക്കുന്നത് : **ശ്രീ ജോയി മുതുകാട്ട്** (KCRM-നോർത്ത് അമേരിക്ക)

**പുതിയ ഭാരവാഹികളുടെ നന്ദിപ്രസംഗം**

ബഹുമാന്യരേ,

ചർച്ച് ആക്ട് പ്രവർത്തനത്തിൽ കൂടുതൽ ഉൾക്കാഴ്ച നേടാനും, അടുത്ത വർഷത്തെ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കേണ്ടവരെ കണ്ടെത്തിനിയോഗിക്കാനുമായി കൂടുന്ന ഈ വാർഷികപരിപാടിയിലേക്ക് എല്ലാവരെയും ഹാർദ്ദമായി ക്ഷണിക്കുന്നു!

**ഷാജു ജോസ് തറപ്പേൽ** (സെക്രട്ടറി)

ഫോൺ: 9496540448

# KCRM പ്രതിമാസപരിപാടി - തൊടുപുഴ

## എറണാകുളം-അങ്കമാലി അതിരൂപതാ ഭൂമികുംഭകോണം

## ചർച്ചാസമ്മേളനം

**2019 ജൂൺ 30 ഞായറാഴ്ച 2 മണിമുതൽ തൊടുപുഴ, കാലിക്കട്ട് കോളേജ് ഹാളിൽ**

(പ്രൈവറ്റ് ബസ് സ്റ്റാൻഡിനു പിന്നിൽ, IMA ബ്ലഡ്ബാങ്കിനും സമീപം)

സീറോ-മലബാർ സഭാദ്ധ്യക്ഷന്മാർക്കിടയിൽ ഭൂമി കുംഭകോണത്തേത്തുടർന്നു വന്നുചേർന്നിരിക്കുന്ന ചേരിതിരിവ് ഒരു സഭാവിഭജനമായി വളരുമോ? ഈ ആശങ്ക പങ്കുവച്ചുകൊണ്ട്, ഉദയംപേരൂർ സൂനഹദോസു മുതലുള്ള സീറോ-മലബാർ സഭാചരിത്രത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത ഭൂമികുംഭകോണവും തുടർ സംഭവങ്ങളും പരിശോധനാവിധേയമാക്കുന്നു.

വിഷയം അവതരിപ്പിക്കുന്നത് : **ശ്രീ ജോസഫ് പുരയ്ക്കൽ**

**അഡ്വ. ജോസ് ജോസഫ്, ശ്രീ. ജോസഫ് കാലായിൽ, പ്രൊഫ. പി. സി. ദേവസ്യ** മുതലായവർ ചർച്ചയിൽ പങ്കെടുക്കുന്നു. സദസ്യരുടെ അഭിപ്രായങ്ങൾ സ്വാഗതംചെയ്യുന്നു.

**സെബാസ്റ്റ്യൻ മുണ്ടയ്ക്കാമറ്റം,** സെക്രട്ടറി, തൊടുപുഴ യൂണിറ്റ്

ഫോൺ:9847669110

# കെ.സി.ആർ.എം. നോർത്ത് അമേരിക്കയുടെ ഷിക്കാഗോ സമ്മേളനം, ഓഗസ്റ്റ് 10 – ന്!

## ജോസ് കല്ലിടുക്കിൽ –USA

2019 ഓഗസ്റ്റ് 10, 2019 ശനിയാഴ്ച്ച ഷിക്കാഗോയിൽവെച്ച് നടക്കാനിരിക്കുന്ന കെ.സി.ആർ.എം. നോർത് അമേരിക്കയുടെ ഏകദിനസമ്മേളനത്തെ സംബന്ധിച്ചുള്ള സമ്മേളനക്കമ്മറ്റിയുടെ ചർച്ച മെയ് 28-ന് നടക്കുകയുണ്ടായി. ചർച്ചയിലുരുത്തിരിഞ്ഞ പ്രധാനപ്പെട്ട തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു:

സമ്മേളനത്തെ സംബന്ധിച്ച വിവരങ്ങൾ പത്രവാർത്തകൾവഴിയും സോഷ്യൽ മീഡിയവഴിയും പ്രസിദ്ധീകരിക്കുക. കഴിവതും ആൾക്കാരെ അതിൽ സംബന്ധിപ്പിക്കാൻ എല്ലാവരും ശ്രമിക്കുക. മറ്റ് ക്രിസ്തീയ സമുദായക്കാരെയും, പ്രത്യേകിച്ച് യാക്കോബായസമുദായത്തെയും എക്യുമെനിക്കൽ അച്ചന്മാരെയും സമ്മേളനത്തിൽ പങ്കെടുക്കാൻ ക്ഷണിക്കാവുന്നതാണ്

ടോമി മെതിപ്പാറയും ജോസ് കല്ലിടുക്കിലും കൂടി സമ്മേളനഹാളിന്റെയും ഭക്ഷണത്തിന്റെയും കാര്യങ്ങൾ ഏറ്റെടുത്തു.

ഔദ്യോഗിക സമ്മേളനസമയം രാവിലെ 9.30 മുതൽ 5.30 വരെ.

രാവിലെയും ഉച്ചതിരിഞ്ഞുമായി രണ്ടു സെഷനുകൾ.

രാവിലത്തെ സെഷൻ പള്ളിനിയമത്തെ (ചർച്ച് ആക്ട്) സംബന്ധിച്ചുള്ള ചർച്ചാസമ്മേളനം. വിഷയം അവതരിപ്പിക്കുന്നത് ജോസ് കല്ലിടുക്കിൽ. അതിനുശേഷം വിഷയത്തെ സംബന്ധിച്ചുള്ള ചെറു പ്രസംഗങ്ങളും ചർച്ചയും ഉണ്ടായിരിക്കും. രാവിലത്തെ സെഷൻ 1.00 pm -ന് അവസാനിക്കുന്നു. പിന്നീട് ഉച്ചഭക്ഷണം.

ഉച്ചകഴിഞ്ഞുള്ള സെഷൻ 2.00 pm-ന് ആരംഭിക്കുന്നു. ആ സെഷനിൽ കെ.സി.ആർ.എം. നോർത്ത് അമേരിക്ക എന്ന സംഘടനയെ വികസിപ്പിച്ച് അതിന്റെ പ്രവർത്തനങ്ങളെ എങ്ങനെ വിപുലീകരിക്കാൻ സാധിക്കും എന്ന വിഷയത്തെ സംബന്ധിച്ചായിരിക്കും മുഖ്യചർച്ച. ആ ചർച്ച ജയിംസ് കുരീക്കാട്ടിൽ നയിക്കുന്നതായിരിക്കും.

സമ്മേളനത്തിൽ വിനോദത്തിനായി പാട്ടുകച്ചേരിയുംമറ്റും സംഘടിപ്പിക്കുന്നതാണ്.

സമ്മേളനത്തിനോടനുബന്ധിച്ച് ഒരു സ്മാരകഗ്രന്ഥം (Souvenir) പ്രസിദ്ധീകരിക്കുന്നതായിരിക്കും. ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ തുടങ്ങിയവ സ്മാരകഗ്രന്ഥത്തിന്റെ എഡിറ്റർ ജയിംസ് കുരീക്കാട്ടിലിന്, kureekkattil@gmail.com എന്ന ഇമെയിലിൽ അയച്ചുകൊടുക്കേണ്ടതാണ്. സ്മരണികയുടെ പ്രസിദ്ധീകരണച്ചെലവിലേക്കായി സുമനസ്ക്കർ പരസ്യങ്ങൾ നൽകി സഹായിക്കണമെന്ന് ജയിംസ് എടുത്ത് പറയുകയുണ്ടായി.

സമ്മേളനത്തിനുശേഷം അനൗദ്യോഗികമായിട്ടുള്ള സാമൂഹിക ഒത്തുകൂടലിന് (social gathering) സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

അമേരിക്കയിലെ വിവിധഭാഗങ്ങളിൽനിന്നു സമ്മേളനത്തിൽ സംബന്ധിക്കാൻ ഷിക്കാഗോയിൽ എത്തുന്നവർക്ക് ഡിസ്കൗണ്ട് ഹോട്ടൽ റൂമുകൾ സംഘടിപ്പിക്കാൻ ടോമി മെതിപ്പാറ പരിശ്രമിക്കുന്നതായിരിക്കും

(ഫോൺ: (001) 773-943-0416

**KCRM പ്രോഗ്രാം റിപ്പോർട്ട് - തൊടുപുഴ**

## ജീവിച്ചാൽ പോരാ, ആരോഗ്യത്തോടെ ജീവിക്കണം

2019 മെയ് 26-ാം തീയതി തൊടുപുഴ കെ.സി.ആർ.എം-ന്റെ ആഭിമുഖ്യത്തിൽ നടന്ന ആരോഗ്യസെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് ഫലസിദ്ധിയുടെ പര്യായമായ പാരമ്പര്യവൈദ്യൻ അഗസ്റ്റിൻ വെള്ളിലക്കാട്ട് സദസ്യരെ ഉദ്ബോധിപ്പിച്ചു: "മരുന്നും മന്ത്രവുമായി ജീവിതം തള്ളിനീക്കി, വല്ലപാടും മരണത്തെ അതിജീവിച്ചതുകൊണ്ടായില്ല, ആയുസ്സ് ആരോഗ്യകരമായി പ്രയോജനപ്പെടുത്തുന്നതിലാണു കാര്യം. പക്ഷേ പ്രകൃതിയും മനുഷ്യനും ദുഷിക്കുന്നതുകൊണ്ട് പഞ്ചഭൂതങ്ങൾ മലിനമാകുകയും ഔഷധങ്ങൾക്കുപോലും മൂല്യച്യുതി ഉണ്ടാക്കുകയും ചെയ്തെന്നു വരാം. കാലം കണക്കാക്കിയും ഔഷധച്ചേരുവകളെ നിഷ്കർഷാപൂർവം പരിശോധിച്ചും മുന്നേറിയാൽമാത്രമേ ഉദ്ദേശിക്കുന്ന ഫലം ഉണ്ടാവുകയുള്ളു. ഒറ്റമൂലി പ്രയോഗങ്ങളുടെ കാര്യത്തിൽ അതുകൊണ്ട് അതീവ ശ്രദ്ധവേണം. രോഗത്തെപ്പറ്റിയും ഔഷധക്കൂട്ടുകളെപ്പറ്റിയും ഒരു മണിക്കൂറോളം ദീർഘിച്ച ക്ലാസ്സ് സദസ്യർക്ക് ഒരനുഭവമായിരുന്നു.

സെക്രട്ടറിയുടെ റിപ്പോർട്ട്, ട്രഷററുടെ കണക്ക് അവതരണം തുടങ്ങിയ സാധാരണ യോഗനടപടികൾ ഉണ്ടായിരുന്നു. ശ്രീ ജോസഫ് കാലായിൽ സദസ്സിനു നന്ദി പറഞ്ഞു. 5-30-ന് പരിപാടികൾ സമാപിച്ചു

**സെബാസ്റ്റ്യൻ മുണ്ടയ്ക്കാമറ്റം**, സെക്രട്ടറി, തൊടുപുഴ യൂണിറ്റ്

ഫോൺ: 9847669110



*നിരാഹാരസമരനായകൻ സ്റ്റീഫൻ മാത്യുവിനെ കെ.സി.ആർ.എം. ആദരിക്കുന്നു*



*അലക്സ് കാവുംപുറം (കെ.സി.ആർ.എം.-നോർത്ത് അമേരിക്ക)*

യേശുവിന്റെ യാതൊരു ഉദ്ബോധനത്തിന്റെയും പിന്തുണയില്ലാത്ത, സുവിശേഷാടിത്തറയില്ലാത്ത ഇന്നത്തെ കന്യാസ്ത്രീ സംവിധാനത്തിന്റെ ചൂഷണങ്ങളിൽനിന്നും, കുടികിടപ്പവകാശംപോലുമില്ലാത്ത കന്യാസ്തീകളുടെ ഇന്നത്തെ അവസ്ഥയിൽനിന്നും അവരെ മുക്തരാക്കുക എന്നതായിരിക്കണം ചർച്ച്ആക്ടിന്റെ രണ്ടാമത്തെ ലക്ഷ്യം. നിർദ്ദിഷ്ട ചർച്ച് ആക്ടിന്റെ ഇരുപതാം വകുപ്പും ഉപവകുപ്പുകളും കന്യാസ്ത്രീകൾ ഉൾപ്പെടെയുള്ള ആത്മീയശുശ്രൂഷകർക്ക് പൗരസ്വാതന്ത്ര്യവും മനുഷ്യാവകാശങ്ങളും സാമ്പത്തികസുരക്ഷയും ഉറപ്പുവരുത്തുന്നുണ്ട്. അതുകൊണ്ട്, കന്യാസ്ത്രീകളുടെ പ്രശ്നങ്ങൾ സ്ഥായിയായി പരിഹരിക്കാൻ ചർച്ച് ആക്ടിലൂന്നി പ്രവർത്തിക്കേണ്ടതുണ്ടെന്നാണ്, KCRM പോലുള്ള സംഘടനകളുടെ നിലപാട്. എന്നാൽ കന്യാസ്ത്രീ സുരക്ഷയ്ക്കായി രൂപംകൊണ്ടിട്ടുള്ള 'SOS Action Council' -ന്റെ ഇപ്പോഴത്തെ നേതൃത്വത്തിന് ഈ ആശയത്തോട് യോജിപ്പില്ല എന്നത് ഒരു അപ്രിയസത്യമായി അവശേഷിക്കുന്നു. അല്ലായിരുന്നെങ്കിൽ, പ്രവർത്തനങ്ങളെയെല്ലാം ഏകോപിപ്പിച്ച് ചർച്ച് ആക്ടും കന്യാസ്ത്രീ സുരക്ഷയുമായി ബന്ധപ്പെടുത്തി കൂടുതൽ ശക്തമായി പ്രവർത്തിക്കാൻ കഴിഞ്ഞേനെ. ചർച്ച് ആക്ടിന്റെ കൃത്യമായ ഈ മൂന്ന് ലക്ഷ്യങ്ങളെയും വിശദമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ അവതരണം.

തുടർന്ന് നടന്ന ചർച്ചയിൽ, പ്രൊഫ. ഇപ്പൻ, പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം, പ്രൊഫ ഫിലോമിനാ ജോസഫ്, ഡോ. എം കെ മാത്യു, ശ്രീ അലക്സ് കാവുംപുറം (കോ-ഓർഡിനേറ്റർ, ന്യൂയോർക്ക്, KCRM-NA), ജോയി മുതുകാട്ട് (KCRM - NA), ജോഷി പോൾ മുതലായവർ പങ്കെടുത്തു. ചർച്ചകൾക്കും വിഷയാവതാരകന്റെ മറുപടിക്കുംശേഷം ശ്രീ ജോയി കളരിക്കലിന്റെ കൃതജ്ഞതയോടെ യോഗം സമാപിച്ചു.

കന്യാസ്ത്രീസമരവുമായി ബന്ധപ്പെട്ട് 14 ദിവസവും, ചർച്ച് ആക്ട് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് പിന്നീട് ഒരു മാസവും എറണാകുളത്ത് നിരാഹരസമരം നടത്തിയ ശ്രീ സ്റ്റീഫൻ മാത്യുവിനെ ആദരിച്ചുകൊണ്ടായിരുന്നു പരിപാടിയുടെ തുടക്കം. തുടർന്ന്, സെക്രട്ടറി ഷാജു ജോസ് തറപ്പേൽ, കഴിഞ്ഞ മാസം കെ.സി.ആർ.എം. നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുകയുണ്ടായി. പിന്നീട് യോഗാചാര്യ എൻ.പി. ആന്റണി രചിച്ച 'യേശുസൂക്തങ്ങളും യോഗസൂത്രങ്ങളും' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം, ശ്രീ ജോൺ ജോസഫി (ചെയർമാൻ വോട്ടേഴ്സ് അലയൻസ്)ന് പുസ്തകത്തിന്റെ കോപ്പി നൽകിക്കൊണ്ട് സ്വാമി സ്നേഹാനന്ദജ്യോതി നിർവഹിച്ചു. ക്രൈസ്തവവിരുദ്ധമാണ് യോഗ, എന്ന് സീറോ-മലബാർ മെത്രാന്മാർ പ്രഖ്യാപിച്ചിരിക്കേ, അതങ്ങനെയല്ലെന്നു സമർത്ഥിക്കുന്നതാണ്, 70 രൂപാ വിലയുള്ള ഈ പുസ്തകം.

**ഷാജു ജോസ് തറപ്പേൽ**
(സെക്രട്ടറി)

ഫോൺ: 9496540448





*ഫ്രാങ്കോ കേസിൽ കന്യാസ്ത്രീകൾക്ക് നീതി ലഭിക്കാൻ കെ.സി.ആർ.എം. ഭരണങ്ങാനത്ത് നടത്തിയ പ്രാർത്ഥനായജ്ഞം*

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182
Published on 15-6-2019

June 2019
**Sathyajwala**
Price Rs. 20.00

Registered: KL/KTM/133/2017-19
Licence No. KL/CR/KTM/WPP-08/2017-19
Licensed to Post Without Prepayment.

## KCRM പ്രോഗ്രാംറിപ്പോർട്ട്-പാലാ

### 'ചർച്ച്ആക്ട് സമരപാതയിലെ ചില അപ്രിയസത്യങ്ങൾ'

2019 മെയ് 25, ശനിയാഴ്ച 2 മണി മുതൽ, പാലാ ടോംസ് ചേമ്പർ ഹാളിൽ ചെയർമാൻ പ്രൊഫ. പി.സി. ദേവസ്യായുടെ അദ്ധ്യക്ഷതയിൽ നടന്ന പ്രതിമാസ ചർച്ചാപരിപാടിയിൽ 'ചർച്ച് ആക്ട് സമരപാതയിലെ ചില അപ്രിയസത്യങ്ങൾ' എന്ന വിഷയം അവതരിപ്പിച്ചത്, വഞ്ചീസ്ക്വയറിലെ കന്യാസ്ത്രീസമരവുമായി ബന്ധപ്പെട്ട് അതിന്റെ തുടക്കം മുതൽ അവസാനദിവസംവരെ നിരാഹാരസമരനുഷ്ഠിച്ച സമരനായകൻ, ശ്രീ സ്റ്റീഫൻ മാത്യു ഉഴവൂർ ആയിരുന്നു. ജസ്റ്റീസ് കൃഷ്ണയ്യർ കമ്മീഷൻ 2009-ൽ തയ്യാറാക്കിയ ചർച്ച് ബിൽ നടപ്പാക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു ജനകീയ മുന്നേറ്റമുണ്ടാക്കാൻ KCRM നടത്തിയ പ്രവർത്തനങ്ങളിൽ ആദ്യംമുതൽ അദ്ദേഹം സഹകരിച്ചിരുന്നു.

അക്കാലത്ത് ഒരു ദിവസം വൈകുന്നേരം കൊട്ടാരമറ്റംമുതൽ പാലാ ടൗൺ ആകമാനം, പാലാ ബിഷപ്സ് ഹൗസിന്റെ മുമ്പിൽ ഉൾപ്പെടെ, 'ചർച്ച് ആക്ട് നടപ്പാക്കുക' എന്നാവശ്യപ്പെടുന്ന പോസ്റ്ററുകൾ ഒട്ടിച്ചശേഷം തിരികെ ബിഷപ്സ് ഹൗസിന്റെ മുമ്പിൽ എത്തിയപ്പോഴേക്കും അവിടെ ഒട്ടിച്ചിരുന്ന പോസ്റ്റർ അപ്രത്യക്ഷമായ അനുഭവം അനുസ്മരിച്ചുകൊണ്ടായിരുന്നു, സ്റ്റീഫൻമാത്യു സംസാരിച്ചുതുടങ്ങിയത്. അന്നേതന്നെ സഭാധികാരികൾക്ക് ചർച്ച് ആക്ട് തങ്ങൾക്കുണ്ടാകുന്ന പ്രത്യാഘാതങ്ങളെപ്പറ്റി ബോധ്യമുണ്ടായിരുന്നു എന്നർഥം.

ചർച്ച് ആക്ടുകൊണ്ട് മിക്കവരും പ്രധാനമായി ലക്ഷ്യമിടുന്നത് സഭയിലെ സ്വത്തുക്കളുടെ ജനാധിപത്യപരമായ വിനിയോഗമാണെങ്കിലും, അത് മൂന്നാമത്തെ ലക്ഷ്യം മാത്രമാണെന്നാണ് തന്റെ കാഴ്ചപ്പാടെന്ന് അദ്ദേഹം പറഞ്ഞു. പ്രഥമവും പ്രധാനവുമായ ലക്ഷ്യം വത്തിക്കാനെന്ന രാഷ്ട്രത്തിന്റെ നിയമമായ കാനോൻനിയമത്തിൽനിന്ന് ഇന്ത്യയിലെ കത്തോലിക്കരെയെല്ലാം മുക്തരാക്കുക എന്നതായിരിക്കണം. ഇന്ത്യയിൽ ജീവിക്കുമ്പോൾ മറ്റൊരു രാജ്യത്തിന്റെ നിയമത്തിന് വിധേയരാകുന്നത് ഇന്ത്യയിലെ കത്തോലിക്കർക്കെല്ലാം അപമാനകരമാണ്. അതിനാൽ ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഒരു കേസു നല്കിയാൽ സന്മനസ്സുള്ള ഒരു വക്കീലിനുപോലും കാനോൻ നിയമത്തിൽനിന്നു കത്തോലിക്കരെ മോചിപ്പിക്കാനാകുന്നതാണ്. ഭരണകൂടങ്ങളിലെന്നതുപോലെ ജുഡീഷ്യറിയിലും ക്രൈസ്തവപുരോഹിതർക്ക് അമിതമായി സ്വാധീനം ചെലുത്താൻ കഴിഞ്ഞിരുന്നതുകൊണ്ടാണ് വത്തിക്കാന്റെ നിയമത്തിന് ഇന്ത്യയിൽ യാതൊരു സാധുതയുമില്ല എന്നൊരു വിധി കോടതിയിൽനിന്ന് നമുക്ക് നേടിയെടുക്കാൻ കഴിയാതെപോയത്. പുരോഹിതർ തന്നെ വീണ്ടും വിവിധ ചേരികളായി പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ, ചർച്ച് ആക്ടിലൂടെ ഉണ്ടാക്കാവുന്ന മാറ്റം വെറുമൊരു കേസുകൊണ്ട് പരിഹരിക്കാനാവുന്നതേയുള്ളൂ, അദ്ദേഹം പറഞ്ഞു.



*സ്റ്റീഫൻ മാത്യുവിന്റെ വിഷയാവതരണം*



*പുസ്തകപ്രകാശനം: യോഗാചാര്യ എൻ.പി.ആന്റണിയുടെ ഗ്രന്ഥം അഡ്വ.ജോൺ ജോസഫിനു നൽകി സ്വാമി സ്നേഹാനന്ദ് ജ്യോതി പ്രകാശനം ചെയ്യുന്നു. ഗ്രന്ഥകർത്താവ് നടുക്ക്*



*പ്രൊഫ. ഫിലോമിനാ ജോസഫ്*

(ശേഷം പേജ് 43-ൽ തുടരും)

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Kottaramattom, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.